www.malankaralibrary.com

# ഐക്യദീപം
# AIKYADEEPAM

SINCE 1976

ജനുവരി–ഫെബ്രുവരി 2025



www.malankaralibrary.com



## Wedding

മല്ലപ്പള്ളി വാളക്കുഴിയിൽ ഡോ. ജോജി ചെറിയാന്റെയും ഡോ. അനിത ജോജിയുടെയും മകൻ **ഡോ. ക്രിസ് ചെറിയാൻ ജോജിയും,** തലയോലപ്പറമ്പ് വാച്ചാപറമ്പിൽ മാത്യു എം. വാച്ചാപറമ്പിലിന്റെയും സെറിൻ മാത്യുവിന്റെയും മകൾ **അൽക്ക മാത്യുവും** തമ്മിലുള്ള വിവാഹം 2024 നവംബർ 24–ാം തീയതി തിരുവല്ല സെന്റ് ജോൺസ് മെത്രാപ്പോലിത്തൻ കത്തീഡ്രലിൽ വച്ച് അഭി. ആർച്ചുബിഷപ്പ് ഡോ. തോമസ് മാർ കൂറിലോസ് മെത്രാപ്പോലീത്തായുടെ മുഖ്യകാർമ്മികത്വത്തിൽ ആശിർവദിക്കപ്പെട്ടു. നവദമ്പതികൾക്ക് ആശംസകൾ.



## Wedding

പായിപ്പാട് ഞാഴിശ്ശേരിയിൽ എൻ.ജി. മത്തായിയുടെയും ലീന മത്തായിയുടെയും മകൻ **റിനോ എം. മാത്യുവും** പാലക്കാട് കരിമ്പ സെന്റ് മേരീസ് ഇടവകയിൽ പുളിക്കചിറയിൽ കുരുവിള പി.ഐ. യുടെയും മിനി കുരുവിളയുടെയും മകൾ **ആഷ്‌ലി പി. കുരുവിളയും** തമ്മിലുള്ള വിവാഹം 2025 ജനുവരി 11–ാം തീയതി സെന്റ് ജോർജ് മലങ്കര സുറിയാനി കത്തോലിക്കാ പള്ളിയിൽ വച്ച് അഭി. ആർച്ചുബിഷപ്പ് ഡോ. തോമസ് മാർ കൂറിലോസ് മെത്രാപ്പോലീത്തായുടെ മുഖ്യകാർമ്മികത്വത്തിൽ ആശിർവദിക്കപ്പെട്ടു. നവദമ്പതികൾക്ക് ആശംസകൾ.

www.malankaralibrary.com


# ഐക്യദീപം
aikyadeepam

പുസ്തകം 56 ലക്കം 1
2025 ജനുവരി-ഫെബ്രുവരി ₹ 10


## ഉള്ളടക്കം
contents


**രക്ഷാധികാരി**
മോസ്റ്റ് റവ. ഡോ. തോമസ് മാർ കൂറിലോസ് മെത്രാപ്പോലീത്താ

**ചീഫ് എഡിറ്റർ**
ഫാ. വർഗ്ഗീസ് ചാമക്കാലായിൽ
9048341462

**മാനേജർ**
ഫാ. മാത്യു പുനക്കുളം

**പ്രസാധകൻ**
തോമസ് കൊടിനാട്ടുകുന്നേൽ കോർ എപ്പിസ്കോപ്പാ

**ഉപദേശക സമിതി**
ഫാ. ഡോ. തോമസ്കുട്ടി പതിനെട്ടിൽ
ഫാ. ഡോ. തോമസ് പാറയ്ക്കൽ
റവ. സി. അലീന എസ്.ഐ.സി.
ലൈജു കോശി മാത്യു
ജയിസ് കോഴിമണ്ണിൽ
വർഗ്ഗീസ് ഐസക് തെക്കേടത്ത്

**ഓഫീസ് സ്റ്റാഫ്**
ചിന്നു എൽസ ഐസക്



Annual Subscription Rs.120.00
Single Copy Rs. 10.00
Overseas: $40.00 or 2750

Bank Details :
Chief Editor, Aikyadeepam,
Union Bank, Tiruvalla 689 101
A/c No. 110110100023901.
IFSC. UBIN0811017.
SWIFT CODE: ANDBINBB

Printed at:
Rashtra Deepika Ltd.,
Vadavathoor

Designed by :
Greeshma Designs, Kottayam.
Ph: 9447304348.
E-mail: gdesignktm@gmail.com

All correspondence regarding Agency and Subscription:
Chief Editor,
Aikyadeepam Monthly,
St. John's Metropolitan Cathedral,
Tiruvalla - 689 101.
Phone: 0469-2600626
E-mail: aikyadeepamtvla@gmail.com





04 എഡിറ്റോറിയൽ
05 ഇടയശബ്ദം
08 എത്രകാലം നമ്മൾ മനുഷ്യരായി തുടരും ?
ഫാ. ഡോ. സിബു ഇരിമ്പിനിക്കൽ
10 ചലിക്കുന്ന സ്ക്രീനുകൾ, നിലയ്ക്കുന്ന ജീവിതങ്ങൾ
ഡോ. ഫെലിക്സ് ജോൺസ്
13 പ്രത്യാശയുടെ തീർത്ഥാടകർ
ഫാ. ഡോ. ജോസഫ് കളരിപ്പറമ്പിൽ
17 ജോസഫ് മാർ സേവേറിയോസ് വിദ്യാഭ്യാസ മാർഗ്ഗദർശി
ഫാ. തോമസ് മണ്ണിൽ
20 ഓൺലൈൻ കുരുക്കുകൾ
ഫാ. റ്റിജോ പതാലിൽ
24 തണൽ വിരിച്ച ഒരു ജീവിതം
27 മേളം എന്റെ ജീവന്റെ താളം
30 ക്രൈസ്തവ ഐക്യ പ്രാർത്ഥനാവാരം 2025
ഫാ. ഡാനിയേൽ ചെറിയാൻ


### സ്ഥിരംപംക്തി


35 ഉൾക്കാഴ്ച
36 സുറിയാനി സഭാപാരമ്പര്യം
42 പ്രബോധനം

www.malankaralibrary.com

# EDITORIAL
# എഡിറ്റോറിയൽ



ഫാ. വർഗ്ഗീസ് ചാമക്കാലായിൽ
ചീഫ് എഡിറ്റർ

തുറക്കപ്പെടേണ്ടതാണ് വാതിലുകൾ. ദൈവാലയങ്ങളുടെയും മനസ്സുകളുടെയും. അടഞ്ഞു കിടക്കുന്ന വാതിലുകൾ പ്രതീക്ഷകളുടെ തിരിനാളം ഊതിക്കെടുത്തുന്നു. എന്നാൽ തുറന്നു കിടക്കുന്ന വാതിൽ അകത്തേയ്ക്കുള്ള ക്ഷണമാണ്. തിരുപ്പിറവിയുടെ 2025 വർഷങ്ങൾ പൂർത്തിയാകുമ്പോൾ, ജൂബിലി വർഷം പ്രഖ്യാപിക്കപ്പെട്ടിരിക്കുകയാണല്ലോ. Pilgrims of hope... പ്രത്യാശയുടെ തീർത്ഥാടകരാകുവാൻ സഭ നമ്മെ ക്ഷണിക്കുകയാണ്. സ്വർഗ്ഗീയ ജെറുസലേമിനെ ലക്ഷ്യമാക്കി നീങ്ങുന്ന തീർത്ഥാടകരുടെ സമൂഹമായ സഭ, പ്രത്യാശയുടെ വാഹകരാകുവാൻ നമുക്ക് അവസരം ഒരുക്കുകയാണ്.


ഹൃദയം തുറന്ന് സ്നേഹിക്കുവാനും ഹൃദയം തുറന്ന് സംസാരിക്കുവാനും നാം ഇനിയും പഠിക്കണം. ഇന്റർനെറ്റ് യുഗത്തിൽ മനുഷ്യഗുണം നമ്മിൽനിന്ന് അപ്രത്യക്ഷമാകുന്നോ എന്ന് നാം ഭയപ്പെടണം. സ്ക്രീനിൽ നിന്ന് മുഖം ഉയർത്തി നോക്കാൻ സാധിക്കാത്ത അടിമത്തം. പ്രതികരണങ്ങൾ എല്ലാം സോഷ്യൽ മീഡിയയിൽ മാത്രം ഒതുങ്ങുന്നു. ഇവിടെ സഹജീവികളുടെ നേരെ സഹായഹസ്തം നീട്ടുന്ന ചില ജീവിതങ്ങൾ പരിചയപെടുത്തുന്നു. അംഗീകാരമോ ആദരവോ അല്ല അവരുടെ ലക്ഷ്യം, എന്നാൽ അത് നമ്മുടെ സമൂഹത്തിന് വലിയ മാതൃകയാണ്. ഈ ജൂബിലി വർഷത്തിൽ പ്രത്യാശ നമ്മെ ഭരിക്കട്ടെ.

Let us be the pilgrims of hope.

www.malankaralibrary.com

# ഇടയശബ്ദം

മോസ്റ്റ് റവ. ഡോ. തോമസ് മാർ കൂറിലോസ്
(മെത്രാപ്പോലീത്തൻ ആർച്ച്ബിഷപ്പ്)



ഐക്യദീപം വായനക്കാർക്ക്
പുതുവത്സരാശംസകൾ ഹൃദയപൂർവ്വം
ആശംസിക്കുന്നു.
ദൈവത്തിന്റെ അനന്തമായ കാരുണ്യവും
വാത്സല്യവും നമ്മെ തുടർന്നും
തഴുകുമാറാകട്ടെ!

## അഴുകാനല്ല അഴകാർന്ന് വളരാൻ


**1.** ഈ ലക്കത്തിൽ നാം 3 പ്രധാന മേഖലകളാണ് സ്പർശിക്കുന്നത്. "ചലിക്കുന്ന സ്ക്രീനുകളും നശിക്കുന്ന ബുദ്ധിയും" എന്ന ഏറെ പ്രധാനപ്പെട്ട ഒരു വിഷയമാണ് അതിൽ ഒന്നാമത്തേത്. Brain Rot എന്ന ഭീകരാവസ്ഥയെക്കുറിച്ച് കുഞ്ഞുങ്ങൾക്കും മാതാപിതാക്കൾക്കും നൽകുന്ന ശാസ്ത്രീയമായ വിവരങ്ങളാണ് അവ. പ്രയോജനമില്ലാത്തതും പുതുതായി ഒന്നും സൃഷ്ടിക്കാൻ കഴിയാത്തതുമായ രീതിയിൽ മനസ്സും ബുദ്ധിയും ജീവച്ഛവമാകുന്ന അവസ്ഥയെയാണ് ഇതു സൂചിപ്പിക്കുന്നത്. മനുഷ്യർ തങ്ങൾ ഇച്ഛിക്കാതെതന്നെ വഴുതി വീഴുന്ന സ്വഭാവവൈകൃതങ്ങൾ. അത് മനസ്സിലാക്കണം. ആധുനിക കാലത്തിന്റെ ഒരു പ്രത്യേകതയാണ് ഈ അവസ്ഥ. ഇന്ന് നാം ഏറെ കേൾക്കുന്ന ഒരു പദമാണ് - ബ്രെയിൻ റോട്ട്. നിരാശാജനകമായ ശീലങ്ങൾ മൂലം ബുദ്ധി നശിക്കുന്നു. ഗുണകരമല്ലാത്ത രീതിയിൽ സ്വഭാവരൂപീകരണം സംഭവിക്കുന്നതുകൊണ്ടും ജീവിതത്തിലെ ശ്രദ്ധയില്ലാത്ത തെരഞ്ഞെടുപ്പുകൾ കൊണ്ടും മാനസിക മന്ദതയിലേക്കു മനുഷ്യനെ തള്ളിവിടുന്നു. ആവർത്തിച്ചുള്ള മൊബൈൽ സ്ക്രീൻ അടിമത്തം, നിരുപയോഗകരമായ അറിവുകൾ കൊണ്ട് മനസ്സും ബുദ്ധിയും നിറയ്ക്കുക, അർത്ഥശൂന്യവും നശീകരിക്കുന്നതുമായ ശീലങ്ങൾക്ക് അടിമപ്പെട്ട് തികച്ചും സാങ്കേതിക വിദ്യയുടെയും സാമൂഹിക മാദ്ധ്യമങ്ങളുടെയും അടിമയായി മാറുക. ഇതു വഴിയായി പുതുതായി എന്തെങ്കിലും ചിന്തിക്കുവാനോ ലക്ഷ്യം വച്ചുകൊണ്ടുള്ള ഒരു ജീവിതചര്യ അവലംബിക്കുവാനോ കഴിയാതെ തളർന്ന്, മടിപിടിച്ചു ജീവിതം നശിപ്പിക്കുക. നമ്മുടെ ബുദ്ധിക്കു സാധിക്കുന്നതിലും അപ്പുറം, സന്ദേശങ്ങൾ കൊണ്ടും, അറിയിപ്പുകൾ കൊണ്ടും മറ്റും അതിനെ അധികമായി ഭാരപ്പെടുത്തുക. ഏതൊരവയവത്തിനും താങ്ങാൻ കഴിയുന്ന ഭാരമേ ഏൽപ്പിക്കാവൂ. അമിത ഉപയോഗവും തീവ്രമായ വൈകാരിക ഉത്തേജനങ്ങൾ ഉണ്ടാക്കുന്ന കാഴ്ചകൾ കൊണ്ടും അറിവുകൾ കൊണ്ടും സന്ദേശങ്ങൾ കൊണ്ടും ബുദ്ധിയെ ചണ്ടിയാക്കുന്ന അവസ്ഥ മനുഷ്യരാശിയെ എവിടെ എത്തിക്കും? വിശ്രമമോ മസ്തിഷ്കത്തിനാവശ്യമായ സ്വച്ഛതയോ കൊടുക്കാതെയുള്ള മരണപ്പാച്ചിൽ മനുഷ്യനെ എല്ലാത്തരത്തിലും മാനസികമായും ആരോഗ്യപരമായും തളർത്തുകയും ഉപയോഗശൂന്യനാക്കി തീർക്കുകയും ചെയ്യും. മസ്തിഷ്ക ക്ഷീണാവസ്ഥ അനേകം രോഗങ്ങളിലേക്കും സ്വഭാവവൈകൃതങ്ങളിലേക്കും മനുഷ്യനെ എത്തിക്കും. വിരൽതുമ്പിൽ എല്ലാം ഉണ്ടെങ്കിലും അതു ശ്രദ്ധയോടെ ഉപയോഗിക്കുവാൻ മനുഷ്യനു കഴി



യണം. നമുക്ക് ഇങ്ങനെയൊരു മസ്തിഷ്ക ശോച്യാവസ്ഥ ഉണ്ടോ എന്നറിയുന്നതിന് ക്രിയാത്മകമായി ചിന്തിക്കുവാൻ പറ്റുന്നുണ്ടോ എന്ന് വിലയിരുത്തുക. അതുപോലെ നാം മാനസികമായി പിരിമുറുക്കത്തിലോ, മടുപ്പിലോ, ക്ഷീണാവസ്ഥയിലോ ആണോ എന്ന് ആത്മശോധന ചെയ്യുക, അതുപോലെ കൂടുതൽ കൂടുതൽ അറിവുകൾ തേടി ബുദ്ധിയെ ഉത്തേജിപ്പിക്കുന്ന പ്രവണതയാണോ – എന്ന് പര്യാലോചിക്കുക. മറ്റുള്ളവരോടു സംസാരിക്കുമ്പോൾ പോലും മൊബൈൽ ശ്രദ്ധിക്കുക, അതിലെ സന്ദേശങ്ങൾ വായിക്കുവാൻ തിടുക്കം കൂട്ടുക തുടങ്ങിയ അതിമാരകമായ അവസ്ഥയിലേക്ക് കൂപ്പുകുത്തിയോ എന്ന് ചിന്തിക്കുക. എന്താണിവയ്ക്കൊരു പരിഹാരം. എല്ലാവരും ഒരുപോലെ പറയുന്ന കാര്യം മൊബൈലിന്റെ ഉപയോഗം പരമാവധി കുറയ്ക്കുക. ഈ മേഖലയിൽ എത്ര മാത്രം സ്വയം നിയന്ത്രിക്കുവാൻ സാധിച്ചാലും അത്രയും ഫലവത്താണ്. പുറമെയല്ല ഉള്ളിൽ നിന്നുള്ള ആത്മനിയന്ത്രണമാണ് പരിശീലിക്കേണ്ടത്. കൃത്യസമയങ്ങളിൽ മാത്രം AI യും സാമൂഹിക മാദ്ധ്യമങ്ങളും ഉപയോഗിക്കുക. ഏതു നേരവും തുറന്നിട്ടിരിക്കുന്ന സത്രമായി നമ്മുടെ മനസ്സു മാറാൻ അനുവദിക്കരുത്. നമ്മുടെ കുടുംബാംഗങ്ങൾക്കും അധികാരികൾക്കും ഏതു സമയത്തും സ്വന്തം ഫോൺ കൊടുക്കുവാൻ സാധിക്കുന്നത്ര സുതാര്യത നമുക്കാർജ്ജിക്കണം. ചലിക്കുന്ന സ്ക്രീനുകളിലെ അറിവ് ചുരുക്കം സമയത്തേക്ക് മാത്രം നിലനിൽക്കുകയുള്ളൂ. ധാരാളം പുസ്തകങ്ങൾ വായിക്കണം, ഇഷ്ടപ്പെടുന്ന കാര്യങ്ങൾ എഴുതിവയ്ക്കണം. ഏകാഗ്രമായി ധ്യാനം പരിശീലിക്കണം. മനസ്സിനും ബുദ്ധിക്കും നല്ല വ്യായാമവും വിശ്രമവും നൽകണം. ഇങ്ങനെ നാം പരിശീലിക്കുവാൻ ശ്രമിച്ചാൽ വലിയ വിജയവും പൂർണ്ണ ആരോഗ്യവും സന്തോഷവും കൈവരിക്കുവാൻ സാധിക്കുകയും ചെയ്യും. ഈ ലക്കം ഐക്യദീപം ഈ വിഷയമാണ് പൊതുസമക്ഷം അവതരിപ്പിക്കുവാൻ ആഗ്രഹിക്കുന്നത്. Brain Rot – മസ്തിഷ്കം അഴുകുന്ന അവസ്ഥയാകരുത് മറിച്ച് Brain Bonny അല്ലെങ്കിൽ അഴകാർന്ന മസ്തിഷ്കം എന്നതാവണം ലക്ഷ്യം. നമ്മെ സൃഷ്ടിച്ച ദൈവത്തിന് നമ്മെ ഇപ്രകാരം കാഴ്ച സമർപ്പിക്കുവാൻ കഴിയുന്നത് അതിശ്രേഷ്ഠം. അഴുകാനല്ല അഴകാർന്നു വളരാൻ.

## നാമഹേതുക തിരുന്നാൾ

**ജനുവരി 01**



**മോറാൻ മോർ ബസേലിയോസ്**
**കർദ്ദിനാൾ ക്ലീമീസ് കാതോലിക്കാബാവാ**

**2.** ലോകമാസകലമുള്ള ക്രൈസ്തവ സഭകൾ ഒരുമിച്ചു പ്രാർത്ഥിക്കുന്നതും ഒരുമയിൽ തങ്ങളുടെ ഭാവി പ്രവർത്തനങ്ങൾ ആലോചിക്കുകയും ചെയ്യുന്ന ഐക്യവാര പ്രാർത്ഥനാദിനങ്ങൾ സമാപിച്ചുവല്ലോ. ജനുവരി 18 മുതൽ 25 വരെയുള്ള ദിനങ്ങൾ പ്രാർത്ഥനയുടെ ദിനങ്ങളായി വേൾഡ് കൗൺസിൽ ഓഫ് ചർച്ചസും ആഗോള കത്തോലിക്കാസഭയും സംയുക്തമായി ആചരിച്ചു. ഐക്യവാര പ്രാർത്ഥനായജ്ഞം ഏറെ പ്രസക്തമായ ഒരു കാലഘട്ടത്തിലൂടെ കടന്നുപോകുന്നു. “പിതാവേ, നീയും ഞാനും ഒന്നായിരിക്കുന്നതുപോലെ അവരും ഒന്നായിരിക്കുവാൻ വേണ്ടി ഞാൻ പ്രാർത്ഥിക്കുന്നു. അങ്ങനെ നീ എന്നെ അയച്ചു എന്ന് ലോകം വിശ്വസിക്കട്ടെ. മാമോദീസായിലൂടെ കർത്താവായ യേശുക്രിസ്തുവിൽ ഒന്നാകപ്പെട്ട ക്രൈസ്തവർ പല കാരണങ്ങൾ കൊണ്ടും ഭിന്നിച്ചും കലഹിച്ചും കഴിയുന്നു. നിന്റെ സഹോദരന് നിന്നോടെന്തെങ്കിലും വിരോധമുണ്ടെങ്കിൽ കാഴ്ചദ്രവ്യങ്ങൾ ബലിപീഠത്തിൽ വച്ച് ആദ്യം പോയി നിന്റെ സഹോദരനുമായി രമ്യപ്പെട്ടതിനു ശേഷം വന്നു ബലി അർപ്പിക്കുക എന്നു പറഞ്ഞ കർത്താവിന്റെ നാമത്തിൽ വെറുപ്പും വിദ്വേഷവും വ്യവഹാരവും മനസ്സിൽ വച്ച്, ബലി അർപ്പിക്കുന്നതിന് തിടുക്കം കൂട്ടുന്ന ക്രൈസ്തവർ, മൂഢമായ ആരാധനയാണ് നിർവ്വഹിക്കുന്നതെന്ന് എന്തേ അറിയാതെ പോകുന്നത്. കച്ചവടം നടത്തുന്നതിനോ ലാഭമുണ്ടാക്കുന്നതിനോ അല്ലല്ലോ, ദൈവത്തെ ആരാധിക്കുന്നതിനാണല്ലോ ദൈവാലയങ്ങൾ. കുറെക്കൂടി ആളുകൾ, എല്ലാവരും, ക്രിസ്തുവിനെ ആരാധിക്കുവാൻ കഴിയുന്നത് എത്ര സന്തോഷകരമായിരിക്കേണ്ടതാണ്. UNITATIS REDINTEGRATIO എന്ന വത്തിക്കാൻ II പ്രമാണരേഖയിലെ പ്രതിപാദനം: നഷ്ടപ്പെട്ട ആദിമസഭയുടെ ഐക്യം വീണ്ടെടുക്കുക എന്നത് സഭകളുടെ അടിസ്ഥാന ഉത്തരവാദിത്വമാണ്.

ക്രൈസ്തവരുടെ ഐക്യം മറ്റേതൊരു കാലത്തേക്കാൾ കൂടുതൽ പ്രസക്തമായ ഒരു സത്യമാണ്. സമൂഹത്തിൽ എല്ലാവർക്കും ശാന്തിയും സമാധാ

www.malankaralibrary.com


നവും നൽകിയ ദൈവത്തിന്റെ നാമത്തിൽ ഒരുമിച്ചു കൂടുന്നവർ ഈ സമാധാനം ഉൾക്കൊള്ളുകയും ഭൂമിയിൽ അതു പുലർത്തുവാൻ പരിശ്രമിക്കുകയും ചെയ്യണം. വിശാല സമൂഹത്തിൽ നിലനിൽക്കുന്ന ചേരിതിരിവുകളും ഉച്ചനീചത്വ വിലയിരുത്തലുകളും വർഗ്ഗ വർണ്ണങ്ങളുടെ വിഭജനവും പരിഹരിക്കുവാൻ ക്രൈസ്തവരുടെ ഐക്യം പ്രചോദനമാകും. ചരിത്രപരമായ മുറിവുകളും നൊമ്പരങ്ങളും ഈ തലമുറ മറന്ന് കൂടുതൽ ഐക്യപാതയിൽ വളരുവാൻ ശ്രദ്ധിക്കണം. രാഷ്ട്രീയ ചേരിതിരിവുകളാണ് സഭയിൽ വിഭജനം ഉണ്ടാക്കിയതെന്ന് നാം അറിയണം. അത് പിന്നീട് വൈകാരികമായ വലിയ വേർതിരിവുകളിലേക്കും പരസ്പരം പഴിചാരുന്ന പ്രവണതകളിലേക്കും പോരടിക്കുന്ന ശൈലികളിലേക്കും തിരിഞ്ഞു. സംയോജിപ്പിക്കുന്ന കാര്യങ്ങളെക്കാൾ വിഘടിപ്പിക്കുന്ന കാര്യങ്ങൾ കൂടുതൽ സജീവമായി ചർച്ച ചെയ്യപ്പെടാൻ ഇടയായി. ക്രൈസ്തവരുടെ സാന്നിദ്ധ്യവും പ്രസക്തിയും ഏറെ വെല്ലുവിളികൾ നേരിടുന്ന ഈ സാഹചര്യത്തിൽ വിശാല മനഃസ്ഥിതിയോടെ പരസ്പരം കൈകോർക്കുവാൻ എല്ലാവരും ശ്രദ്ധിക്കണം. ഈ പ്രാർത്ഥനാവാരം അതിനു ശക്തി പകരും.

**3.** സാമൂഹിക ശുശ്രൂഷയിൽ ഏറെ ഔദാര്യം പ്രകടിപ്പിക്കുന്ന 2 വ്യക്തിത്വങ്ങളെക്കൂടി ഈ ലക്കം ഐക്യദീപം പരിചയപ്പെടുത്തുന്നു. ഇതിനു മുമ്പും നമ്മുടെ സമൂഹത്തിൽ ഈ മേഖലയിൽ പ്രചോദനമായിരുന്ന പലരേയും ആദരിക്കുകയുണ്ടായി. ഈ ലക്കത്തിൽ സ്വന്തം ബിസ്സിനസുകൾ നടത്തി അതിൽ നിന്നും സാമൂഹിക പ്രവർത്തനങ്ങൾ നിർവ്വഹിക്കുന്ന 2 പേർ. ഈ ഉദ്യമത്തിന്റെ ലക്ഷ്യം അല്മായ സഹോദരങ്ങളെ പ്രോത്സാഹിപ്പിക്കുക എന്നതാണ്. തങ്ങളുടെ വ്യക്തി കാര്യങ്ങൾക്കും സാമ്രാജ്യ വിപുലീകരണത്തിനും ശ്രദ്ധ തിരിക്കുന്ന ആധുനിക പ്രവണതയ്ക്കെതിരെ നീന്തുന്ന രണ്ട് വ്യക്തിത്വങ്ങളെ ആദരിക്കുന്നു. ബഹു. ഷിബു സഖറിയ അമ്പലവേലിൽ, കല്ലിശ്ശേരി മലങ്കര കത്തോലിക്ക ഇടവകാംഗം ആണ്. അതിൽ ഷിബുവിന് തന്റെ സേവനങ്ങളുടെ പ്രസക്തിയും വ്യാപ്തിയും പരിഗണിച്ച് മികച്ച സാമൂഹിക സേവനത്തിന് ഓണററി ഡോക്ടറേറ്റ് അമേരിക്കയിലെ Global Human Peace University നൽകി ആദരിക്കുകയുണ്ടായി. അദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾ വിവിധ തലങ്ങളിലുള്ളതാണ്. വിദ്യാഭ്യാസ സഹായം, പാലിയേറ്റീവ് ശുശ്രൂഷ, കിടപ്പുരോഗികൾക്കു വൈദ്യസഹായത്തിനുള്ള പദ്ധതികൾ, ഭവനനിർമ്മാണ പദ്ധതികൾ, മിഷൻ കേന്ദ്രങ്ങളിൽ ആരാധനാലയങ്ങൾ നിർമ്മിക്കുന്നതിനുള്ള കൈത്താങ്ങുകൾ, ആവശ്യക്കാർക്കു കൈയയച്ച് സഹായങ്ങൾ നൽകി സേവനം തന്റെ ജീവിതഭാഗമാക്കിയ ഷിബു സക്കറിയ. അദ്ദേഹത്തിന്റെ സേവനതല്പരതയ്ക്ക് അതിരൂപത പ്രത്യേക അഭിനന്ദനങ്ങൾ അർപ്പിക്കുന്നു. മലങ്കര സഭയിലെ എല്ലാ ജനതകൾക്കും അദ്ദേഹത്തിന്റെ കൈത്താങ്ങ് അനുഭവിക്കുവാൻ കഴിഞ്ഞിട്ടുണ്ട്.





ബഹു. ഡോ. കുര്യൻ ജോൺ മേളാംപറമ്പിൽ പദ്മശ്രീ ജേതാവാണ്. ലക്ഷക്കണക്കിന് രോഗികൾക്ക് അത്താണിയായ ഒരു വലിയ വിശാലഹൃദയൻ. വിവിധ സ്ഥലങ്ങളിൽ നിന്നും വരുന്ന രോഗികൾക്കും അവരുടെ ആശ്രിതർക്കും ശ്രീ. കുര്യൻ ജോൺ സാറിന്റെ ഭവനവും ഓഫീസും അത്താണിയാണ്. വ്യക്തിപരമായി അദ്ദേഹത്തിന്റെ പ്രത്യേക ശ്രദ്ധയിൽ രോഗികളെ പുഷ്പഗിരിയിൽ തന്നെ ചികിത്സിക്കുകയും അതിന്റെ ചെലവിലേക്കു പണം തരുകയും ചെയ്തു. നന്മ ചെയ്യുന്നവർ പ്രോത്സാഹിപ്പിക്കപ്പെടണം. തങ്ങളുടെ ജീവിതങ്ങൾ മറ്റുള്ളവർക്ക് പ്രചോദനവും സാന്ത്വനവുമാകണം.

## ഓർമ്മപ്പെരുന്നാൾ




ഭാഗ്യസ്മരണാഹർനായ

അഭി. ഗീവർഗീസ് മാർ ദിവന്നാസിയോസ്

(2018)

www.malankaralibrary.com

ലേഖനം






ഫാ. ഡോ. സിബു
ഇരിമ്പിനിക്കൽ

# എത്രകാലം നമ്മൾ മനുഷ്യരായി തുടരും?

ഓക്സ്ഫോർഡ് യൂണിവേഴ്സിറ്റി പ്രസ്സ് 2024-ലെ വാക്കായി തിരഞ്ഞെടുത്തത് 'ബ്രെയിൻ റോട്ട്' (Brain Rot) എന്നതാണ്. 1854ൽ ഹെൻറി ഡേവിഡ് തോറോവ് (Henry David Thoreau) എഴുതിയ 'Walden' ൽ ആണ് ഈ പദം ആദ്യം ഉപയോഗിച്ചത്. "When England endeavors to come the potato - rot, will not any endeavor to cure the brain-rot, which prevails so much more widely and fatally." ഇതായിരുന്നു ആദ്യമായി ബ്രെയിൻ റോട്ട് കടന്നുവന്ന വാചകം. ഒരു വ്യക്തിയെ മാനസികമോ ബൗദ്ധികമോ ആയി ദുഷിപ്പിക്കുന്ന തികച്ചും നിസ്സാരങ്ങളും ഉപയോഗശൂന്യവുമായ വിവരണങ്ങളുടെയും കാഴ്ചകളുടെയും അമിതമായ ഉപയോഗമാണ് ബ്രെയിൻ റോട്ട് എന്ന് ഇപ്പോൾ അർത്ഥമാക്കുന്നത്. ഓൺലൈൻ വാർത്തകളും സന്ദേശങ്ങളും ആണ് ബ്രെയിൻ റോട്ടിന് കാരണം.

## ശൂന്യതയുടെ തടവറയിൽ വിരലോടിക്കുന്നവർ

ഡിജിറ്റൽ മാധ്യമങ്ങളും സാമൂഹ്യ സമ്പർക്ക ഇടങ്ങളും ഉത്പ്പാദിപ്പിക്കുന്ന നിസ്സാരതകൾ മനുഷ്യർ ഇന്ന് ഇടതടവില്ലാതെ ഭക്ഷിച്ചും പങ്കുവച്ചും ജീവിതം നശിപ്പിക്കുന്നു. അർത്ഥമില്ലായ്മയുടെ ജൈവരൂപങ്ങളായി മനുഷ്യർ പരിണമിക്കുന്നു. അവരുടെ വർത്തമാനങ്ങളും അർത്ഥശൂന്യങ്ങൾ തന്നെ. ബ്രെയിൻ റോട്ട് എന്ന വാക്ക് തിരഞ്ഞെടുത്തു കൊണ്ട് ഓക്സ്ഫോർഡ് ലാംഗ്വേജസിന്റെ പ്രസിഡന്റ് കാസ്പർ ഗ്രാത്തോൾ (Casper Grathwhol) പറഞ്ഞു, 'Brain rot speaks to one of the perceived dangers of virtual life, and how we are using our free time' മനുഷ്യകുലവും സാങ്കേതികവിദ്യയും തമ്മിലുള്ള സാംസ്കാരിക സംവാദത്തിലെ പുതിയ അധ്യായമാണ് ഇത് എന്നും അദ്ദേഹം നിരീക്ഷിക്കുന്നു.

## ഓൺലൈനിലെ ദുർബലമാനവർ

ഓൺലൈനിലെ അമിത ഉപഭോഗസമയം ഒരാളെ പലതരത്തിൽ ബാധിക്കുമെന്ന് ഇന്ന് നമുക്കറിയാം. എഴുത്ത് മനുഷ്യന്റെ ഓർമ്മശക്തിയെ ദുർബലമാക്കുമെന്ന ഗ്രീക്ക് തത്വചിന്തകനായ സോക്രട്ടീസ് ഭയപ്പെട്ടിരുന്നു. പ്രിന്റിംഗ് എഴുത്തിനെയും വാചിക പാരമ്പര്യ

www.malankaralibrary.com




ത്തെയും ബാധിച്ചു. തുടർന്ന് റേഡിയോയും ടെലിവിഷനും കമ്പ്യൂട്ടറും ഇന്റർനെറ്റും ഇപ്പോൾ ആർട്ടിഫിഷൽ ഇന്റലിജൻസും മനുഷ്യബുദ്ധിയെയും വിവേചന ശീലങ്ങളെയും ഓർമ്മയെയും അതിലേറെ മാനസിക നിലയെയും അപകടപ്പെടുത്തുന്ന തരത്തിൽ പുതുക്കുന്നു, ഒപ്പം മറ്റെന്തൊക്കെയോ ആയി പരുവപ്പെടുത്തുകയും ചെയ്യുന്നു.

ഓസ്ട്രേലിയയിൽ 6000-ത്തിലധികം ടീനേജുകാരുടെ ഇടയിൽ ക്ലിനിക്കൽ സൈക്കോളജിസ്റ്റായ (Black Dog Institute) ഡോ. സോഫി ലി നടത്തിയ പഠനത്തിൽ ഡിജിറ്റൽ ഉപകരണങ്ങളിലെ സ്ക്രീൻ സമയവും ഡിപ്രഷൻ, ആശങ്ക ഇവയും പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു എന്ന് കണ്ടെത്തുന്നു. ഇതിന്റെ ഏറ്റവും വലിയ ഇരകൾ ചെറുപ്പക്കാരാണെന്നും പഠനം പറയുന്നു.

പുതിയ ഡിജിറ്റൽ സാമൂഹ്യ മാധ്യമ ശീലങ്ങൾക്ക് അടിമയാകുന്ന തലമുറയെ ആശങ്കയോടെ കാണണം. Gen Z, Gen Alpha എന്നൊക്കെ അറിയപ്പെടുന്നവർ എത്തിനിൽക്കുന്നത് വലിയ ആപത്തിലാണ്. നമ്മുടെ കുട്ടികളുടെ സംരക്ഷണം സംബന്ധിച്ച് Jonathan Haidt ന്റെ നിരീക്ഷണം പ്രസ്താവ്യമാണ്, 'Overprotecting children in the real world and underprotecting them online' (The Anxious Mind).

### സാംസ്കാരിക അപകടം

സാംസ്കാരിക ബ്രെയിൻ റോട്ട് മറ്റൊരു ഭീഷണിയാണ്. ഉറക്കമില്ലാത്ത അവസ്ഥ. ഡോപമിൻ എഫക്ട്, ഏകാഗ്രതാ നഷ്ടം, സുഹൃത്തുക്കൾക്ക് ഒപ്പം സമയം കണ്ടെത്താൻ കഴിയാത്ത അവസ്ഥ ഉൾപ്പെടെ പ്രതിസന്ധികൾ കൂടാതെയാണ് സാംസ്കാരിക കഥകളിലെ നൂലിഴകളിൽ വിഷം പടരുന്നത്.




മൂന്ന് cultural stories ഇത്തരത്തിൽ പുതിയ കാലത്തെ ബാധിക്കുന്നത് കാണാം.

**1. സെക്കുലരിസം**

ആത്മീയത, അപാരത (ട്രാൻസെൻഡൻസ്), ദൈവസാന്നിധ്യം ഇവയുടെ നിഷേധം വഴി മനുഷ്യൻ പുതിയ അർത്ഥം മനുഷ്യജീവിതത്തിന് കണ്ടെത്താൻ ശ്രമിച്ചു. അങ്ങനെയും മനുഷ്യരെ വഴിതെറ്റിച്ചു. നിഷേധമാണ് ഇതിലെ ചോദന. പുതിയത് അന്വേഷിച്ചുകൊണ്ടിരിക്കുന്നു. സോഷ്യൽ മീഡിയയിൽ, ഓൺലൈനിൽ ഇവർ നിരന്തരം തിരയുകയാണ്. സംതൃപ്തി ലഭിക്കും വരെ തിരച്ചിൽ നടത്തുകയാണ്. പക്ഷെ തിരച്ചിൽ മാത്രം അവശേഷിക്കുകയും അസംതൃപ്തിയും ആശങ്കയും നിലനിൽക്കുകയും ചെയ്യുന്നു.

**2. വ്യക്തിവാദം** (Individualism)

അവനവനെ തിരയുകയും അവതരിപ്പിക്കുകയും പ്രദർശിപ്പിക്കുകയും ചെയ്യുകയാണ് പുതിയ കാലത്തെ സാംസ്കാരിക സ്വഭാവം. അവനവന്റെ വികാരവും ഇഷ്ടവും ശരികളാണ് എന്നാണ് ധാരണ. ചിലപ്പോൾ അത് മാത്രമാണ് ശരി എന്ന് ധരിക്കുന്നവരുടെ ആൾക്കൂട്ടമാണ് നമ്മുടെ സമൂഹം. പുതിയ കാല സമൂഹം ഇത്തരത്തിലാണ് ഇപ്പോൾ വളരുന്നത്.

**3. ആധുനികാനന്തര വീക്ഷണം**

ശാസ്ത്രം എല്ലാറ്റിനും ഉത്തരം പറയുമെന്ന ഒരു ചിന്ത തെറ്റിദ്ധാരണ നൽകുന്ന തരത്തിലാണ് നമ്മുടെ സമൂഹം മനസ്സിലാക്കുന്നത് എന്ന് സംശയിക്കണം. സത്യം വ്യക്തിനിഷ്ഠമാണ് എന്ന് വിശ്വസിക്കുന്നവരാണ് ഇപ്പോൾ കൂടുതൽ. അവരവരുടെ അനുഭവം, യുക്തിബോധം, സാംസ്കാരിക അനുഭവം ഇവകളാൽ ശരിയും സത്യവും അവരവർ തീരുമാനിക്കുന്നു. അല്ലാത്തതൊക്കെ ഏകാധിപത്യം ആണെന്ന് കരുതുന്നു. അങ്ങനെ കുറഞ്ഞ ശരികളും കൂടിയ ശരികളുമായി കുറഞ്ഞ മനുഷ്യരും കൂടിയ മനുഷ്യരും ഉണ്ടാവുന്നു. സത്യത്തിൽ ബോധപൂർവ്വം നടത്തേണ്ട മനുഷ്യരുടെ സംവാദം അപ്രത്യക്ഷമാകുന്നു.

2016 ഓക്സ്ഫോർഡ് ഇതുപോലെ തെരഞ്ഞെടുത്ത വാക്കാണ് പോസ്റ്റ് ട്രൂത്ത് (post truth). അനേകം സത്യങ്ങളിലേക്ക് വസ്തുതയെ മനസ്സിലാക്കുന്ന തരത്തിൽ മനുഷ്യർ ഡിജിറ്റൽ മാധ്യമകാലത്തു മാറി. എല്ലാവരും പറയുന്നത് സത്യമാണ്. എല്ലാവരുടെയും തോന്നലുകൾ സത്യങ്ങളാണ് എന്നായി ലോകം. Truth is subjective, truth is ambiguous എന്നായി കാഴ്ചപ്പാട്. സത്യാനന്തരകാലം സത്യമില്ലായ്മയുടെ കാലം കൂടിയാകുന്നത് ഇങ്ങനെയാണ്. അവിടെ ക്രിസ്തുവിന്റെ നിലപാട് നിർണ്ണായകമാണ്. നിങ്ങൾ പലതും കേട്ടിട്ടുണ്ട്, എന്നാൽ ഞാൻ പറയുന്നു എന്ന് ക്രിസ്തു പറയുന്നത് മനുഷ്യൻ സത്യം അറിയുന്നതിന് വേണ്ടിയാണ്. അവിടെ പല സത്യങ്ങൾകൊണ്ട് മനുഷ്യനെ ദുർബലനാകാൻ ദൈവം അനുവദിക്കുന്നില്ല.

മനുഷ്യൻ എവിടെ?

ഇതാ മനുഷ്യൻ. ഇത് വിചാരണയ്ക്ക് വിധേയനായി നിന്ന മനുഷ്യപുത്രനെ ചൂണ്ടി പറഞ്ഞതാണ് (യോഹ. 19:5). മനുഷ്യമഹത്വം ഉറപ്പിക്കാൻ ദൈവം മനുഷ്യനായി പിറന്നു. അവനെ കുരിശിൽ തറയ്ക്കാൻ തയ്യാറായി നിന്നവരോട് പറഞ്ഞതാണിത്. മനുഷ്യരായി നമ്മൾ എത്ര കാലം തുടരും? നമ്മെ മനുഷ്യരായി തുടരാൻ പ്രാപ്തമാക്കുന്നതിന്റെ പേരാണ് ആത്മീയത. ക്രിസ്തുവില്ലാതെ ഈ അർത്ഥം ലോകത്തിന് കിട്ടില്ല. നമ്മൾ 'മനുഷ്യരായി' തുടരാൻ ക്രിസ്തു നമ്മുടെ കൂടെ ഉണ്ടാവണം.

●

www.malankaralibrary.com







ഡോ. ഫെലിക്സ് ജോൺസ്*

# ചലിക്കുന്ന സ്ക്രീനുകൾ, നിലയ്ക്കുന്ന ജീവിതങ്ങൾ

മദ്യം ഉൾപ്പെടെയുള്ളവയെപ്പോലെ തന്നെ ലഹരിയിലേക്ക് ആനയിക്കുന്ന തരത്തിലേക്കു മൊബൈൽ ഫോണിന്റെ ഉപയോഗവും വ്യാപകമായിരിക്കുകയാണ്. ഏതു ലഹരി പദാർഥത്തോടുമുള്ള അമിതമായ ആസക്തി അഥവാ 'അഡിക്ഷൻ' രോഗമാണെന്നതുപോലെ മൊബൈൽ ഫോണിന്റെ അടിമകളായി മാറുന്ന സ്ഥിതിയും എത്രയോ വ്യക്തികളുടെ നിത്യജീവിതത്തെ ഗുരുതരമായി ബാധിക്കുന്നു. ആധുനിക കാലത്തു മൊബൈൽ ഫോൺ ദൈനംദിന ജീവിതത്തിന് അവശ്യോപകരണമാണെന്ന യാഥാർത്ഥ്യം അംഗീകരിച്ചേ തീരൂ. സ്നേഹബന്ധങ്ങൾ നിലനിർത്തുന്നതിനും ആരംഭിക്കുന്നതിനും വിവരസമ്പാദനത്തിനും അടിയന്തിരാവശ്യങ്ങൾക്കും മറ്റും ഉപകരിക്കുന്ന ഉപകരണം. ഔദ്യോഗിക, ബിസിനസ് ആവശ്യങ്ങൾക്കും ഈ ഉപകരണത്തിന്റെ സഹായം അനുപേക്ഷണീയമായിരിക്കുന്നു. അതൊക്കെ നല്ലതുതന്നെയാണെങ്കിലും അതിർവരമ്പുകൾ ലംഘിച്ചുകൊണ്ടുള്ള അമിതോപയോഗത്തിന്റെ അപകടം കാണാതിരിക്കാനാവില്ലല്ലോ.

## എന്തുകൊണ്ട് അമിതാസക്തി ?

### സദാ പിന്തുടരുന്ന ഉത്തേജനം

മനുഷ്യമനസ്സുകളെ സദാ പിന്തുടർന്ന് ഉത്തേജിപ്പിക്കാനാകുമെന്ന സവിശേഷതയുള്ള സങ്കേതമാണു മൊബൈൽ ഫോൺ. സമൂഹ്യമാധ്യമമെന്ന പ്രയോഗം മൊബൈൽ ഫോണിന്റെ വരവിനു ശേഷം പ്രചാരത്തിൽ വന്നതാണെന്ന് ഓർക്കുക. ഗെയിമുകളിലൂടെയും അറിയിപ്പുകളിലൂടെയും അപഗ്രഥനങ്ങളിലൂടെയും അഭിപ്രായ പ്രകടനങ്ങളിലൂടെയുമൊക്കെയുള്ള ഉത്തേജന പ്രക്രിയ അതു നിർവഹിക്കുന്നു. ട്രോളുകളും ഫലിതോക്തികളും അവഗണിക്കാനാകാതെ വരുമ്പോൾ മനസ്സിൽ അമിതാസക്തിയുടെ ആദ്യമുള പൊട്ടുകയാണ്.

www.malankaralibrary.com



### കൈവിട്ടുപോകുമോ എന്ന ആശങ്ക

പ്രചരിപ്പിക്കപ്പെടുന്ന വിവരങ്ങളോ പ്രസക്തമായ സംഭവങ്ങളോ യഥാസമയം അറിയാനുള്ള അവസരം നഷ്ടപ്പെട്ടേക്കുമോ എന്ന ആശങ്കയാണു ഫോണിൽ കൈവയ്ക്കാനുള്ള പ്രേരണ വർധിപ്പിക്കുന്നത്. മനഃശാസ്ത്രത്തിന്റെ ഭാഷയിൽ പറഞ്ഞാൽ 'ഫോമോ' അഥവാ 'ഫിയർ ഓഫ് മിസിങ് ഔട്ട്' (FOMO - Fear Of Missing Out).

ഡോപാമൈനിന്റെ സ്വാധീനം : നാഡിയിലേക്കോ പേശിയിലേക്കോ ഏതെങ്കിലും സംജ്ഞ എത്തിക്കുന്നതിന് (ന്യൂറോ ട്രാൻസ്മിറ്റർ) ഒരു നാഡീതന്തു ഉൽപാദിപ്പിക്കുന്ന രാസപദാർഥമാണു ഡോപാമൈൻ. മസ്തിഷ്കത്തിലെ പ്രധാന രാസപദാർഥങ്ങളിലൊന്നാണിത്. സന്തോഷവും സംതൃപ്തിയും മനസ്സിലുണർത്താൻ ഡോപാമൈനിനുള്ള പങ്കു വലുതാണ്. ഒരു മെസേജ് കാണുമ്പോൾ, അതല്ലെങ്കിൽ ഒരു ലൈക്ക് ലഭിക്കുമ്പോൾ, ഡോപാമൈൻ 'റിലീസ്' ചെയ്യപ്പെടുന്നു. ഇതിന്റെ ആവർത്തനം ആസക്തിക്കു ചാക്രിക സ്വഭാവം നൽകുന്നു.



വൈരസ്യവും സമ്മർദവും : വിരസത തോന്നുന്ന അവസരങ്ങളിൽ, അതല്ലെങ്കിൽ സമ്മർദമോ മാനസിക സംഘർഷമോ അനുഭവിക്കേണ്ടി വരുമ്പോൾ, അവയിൽ നിന്ന് ഒഴിവാകാനുള്ള പഴുതെന്ന നിലയിൽ ഫോണിനെ ആശ്രയിക്കുന്നു. ഇതിന്റെ ആവർത്തനമാകട്ടെ ആസക്തിയായി പരിണമിക്കുന്നതു സ്വാഭാവികം.

## അമിതാസക്തിയുടെ പ്രത്യാഘാതങ്ങൾ

### മാനസികാരോഗ്യ പ്രശ്നങ്ങൾ

മൊബൈൽ ഫോണിന്റെ അമിതോപയോഗം ഉയർന്ന തോതിലുള്ള ഉൽക്കണ്ഠ, വിഷാദം, മാനസിക സമ്മർദം എന്നിവയ്ക്കു കാരണമാകാം.

### ശാരീരിക പ്രശ്നങ്ങൾ

നീണ്ട സമയത്തെ ഫോൺ ഉപയോഗം മൂലമുണ്ടാകുന്ന ശാരീരിക അസ്വസ്ഥതകൾ കുറച്ചൊന്നുമല്ല. കഴുത്തിനു വേദനയുണ്ടാകാം. കണ്ണുകൾ കഴയ്ക്കാം. നടുവിനോ പുറത്തോ വേദന അനുഭവപ്പെടാം.

### ബന്ധങ്ങളിൽ അകൽച്ച

മുഖാമുഖമുള്ള ആശയവിനിമയമോ ആശ്വസിപ്പിക്കലുകളോ ആശംസകളോ കുശലാന്വേഷണങ്ങളോ ഇല്ലാതെ എല്ലാം ഫോണിലൂടെയാകുമ്പോൾ നഷ്ടമാകുന്നതു വ്യക്തിബന്ധങ്ങളിലെ ഇഴയടുപ്പമാണ്. ഇതാകട്ടെ വലിയ നഷ്ടം തന്നെയാണെന്ന് ഓർക്കേണ്ടതുണ്ട്. ചില ബന്ധങ്ങളുടെ നിലനിൽപിന് ഇതു പ്രതികൂലമാകുകയും ചെയ്യാം.

### വിദ്യാഭ്യാസവും തൊഴിൽപരവുമായ തിരിച്ചടികൾ

വിദ്യാഭ്യാസത്തിനു മൊബൈൽ ഫോണിന്റെ അമിതോപയോഗം വിലങ്ങുതടിയാകുമെന്നു പറയേണ്ടതില്ലല്ലോ. പഠനത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കാനോ പഠനത്തിനു കൂടുതൽ സമയം കണ്ടെത്താനോ കഴിയാതെ വരുന്നതിനു ഭാവിയിൽ വലിയ വിലയാണു നൽകേണ്ടി വരിക. തൊഴിൽപരമായ തിരിച്ചടിക്കും മൊബൈൽ ഫോണിന്റെ അമിതോപയോഗം കാരണമാകുന്നുവെന്നു പഠനങ്ങളിലൂടെ കണ്ടെത്തിയിട്ടുണ്ട്. അശ്രദ്ധ, അനാസ്ഥ എന്നിവ കൃത്യനിർവഹണത്തെ ബാധിക്കാം. കൃത്യനിഷ്ഠ ഇല്ലാതാകാം. ഉൽപാദന ക്ഷമതയ്ക്കും ക്ഷതമുണ്ടാകും.

**ആധുനിക കാലത്തു മൊബൈൽ ഫോൺ ദൈനംദിന ജീവിതത്തിന് അവശ്യോപകരണമാണെന്ന യാഥാർത്ഥ്യം അംഗീകരിച്ചേ തീരൂ. സ്നേഹബന്ധങ്ങൾ നിലനിർത്തുന്നതിനും ആരംഭിക്കുന്നതിനും വിവരസമ്പാദനത്തിനും അടിയന്തിരാവശ്യങ്ങൾക്കും മറ്റും ഉപകരിക്കുന്ന ഉപകരണം. ഔദ്യോഗിക, ബിസിനസ് ആവശ്യങ്ങൾക്കും ഈ ഉപകരണത്തിന്റെ സഹായം അനുപേക്ഷണീയമായിരിക്കുന്നു.**

## അമിതാസക്തിയെ അതിജീവിക്കാം

മൊബൈൽ ഫോൺ ഉപയോഗത്തോടുള്ള അമിതാസക്തിയെ അതിജീവിക്കാൻ കഴിയും. അതിനുള്ള ഉപായങ്ങൾ പലതുണ്ട്.

www.malankaralibrary.com



### അതിരുകൾ നിർണയിക്കുക

നല്ല അതിരുകളാണു നല്ല അയൽപക്കത്തിന് ആവശ്യം എന്നു പറയാറുണ്ട്. നല്ല ശീലങ്ങൾക്കും നല്ല അതിരുകൾ ആവശ്യമാണെന്നു കൂട്ടിച്ചേർക്കാം. ഫോണിന്റെ അമിതോപയോഗം പരിമിതപ്പെടുത്താൻ ചില അതിരുകൾ നിശ്ചയിക്കേണ്ടത് ആവശ്യമാണ്. നിശ്ചിത സമയങ്ങളിൽ മാത്രമേ ഫോൺ ഉപയോഗിക്കു എന്നു തീരുമാനിക്കുന്നതാണ് അതിലൊന്ന്. തീൻമേശയിൽ ഫോൺ ഒഴിവാക്കാം. ഉറങ്ങാൻ പോകുന്നതിനു മുമ്പുള്ള ഉപയോഗവും ഒഴിവാക്കേണ്ടതാണ്.

### സ്ക്രീൻ ടൈം ട്രാക്കിങ്

ദിവസം എത്ര സമയം ഫോണിന്റെ സ്ക്രീനിൽ നോക്കാൻ ചെലവിടുന്നുണ്ട് എന്നു കണ്ടെത്തണം. അതിനുള്ള 'സ്ക്രീൻ ടൈം ട്രാക്കിങ്' സംവിധാനം കൂടി പല സ്മാർട്ഫോണുകളിലുമുണ്ടെന്ന് എത്ര പേർക്ക് അറിയാം? എത്ര സമയം ചെലവിടുന്നു എന്നു കണ്ടെത്തിക്കഴിഞ്ഞാൽ അതു പരിമിതപ്പെടുത്താനായിരിക്കണം അടുത്ത ശ്രമം. മനസ്സുവച്ചാൽ ഗണ്യമായ അളവിൽ സമയം ലാഭിക്കാം.

### പ്രവർത്തനനിരതരാകുക

മാനസികോല്ലാസത്തിനു നിത്യജീവിതത്തിൽ എത്രയോ പ്രവൃത്തികൾ സാധ്യമാണ്. അവയ്ക്കുവേണ്ടി സമയം നീക്കിവയ്ക്കാൻ കഴിയണം. ഇത്തരം പ്രവർത്തനങ്ങൾ മൊബൈൽ ഫോണിൽനിന്ന് ഒഴിവാക്കാൻ ഏറെ സഹായിക്കും. വിനോദങ്ങളിൽ ഏർപ്പെടാം. വ്യായാമം ശരീരത്തിനു മാത്രമല്ല മനസ്സിനും ആരോഗ്യദായകമാണ്. സാമൂഹിക പ്രവർത്തനങ്ങളിലൂടെ സഹജീവികളോടുള്ള പ്രതിബദ്ധതയാണു പാലിക്കാനാകുന്നതെന്നു മനസ്സിലാക്കണം.

### മനോനിയന്ത്രണം

ഇതിനു 'മൈൻഡ്ഫുൾനെസ്' എന്നു പറയാം. ധ്യാനം, യോഗ എന്നിവ മനോനിയന്ത്രണത്തിനു സഹായകമാണ്. ഏകാഗ്രമനസ്സിന് അപഥസഞ്ചാരം സാധ്യമാകില്ല. മനോനിയന്ത്രണമുണ്ടെങ്കിൽ ഫോണിലേക്ക് അറിയാതെ കൈ നീളുകയില്ല.

### വിദഗ്ധ സഹായം തേടുക

മൊബൈൽ ഫോണിനോടുള്ള അമിതാസക്തി നിത്യജീവിതത്തെ ബാധിക്കുന്നുവെന്നു തോന്നുകയും സ്വയം നിയന്ത്രണത്തിന്റെ കാര്യത്തിൽ നിസ്സഹായാവസ്ഥ ബോധ്യപ്പെടുകയും ചെയ്യുന്ന പക്ഷം മാനസികാരോഗ്യ വിദഗ്ധന്റെ സഹായം തേടുന്നതായിരിക്കും ഉചിതം.

ആധുനിക സാങ്കേതികവിദ്യകളും അവയെ ആസ്പദമാക്കിയുള്ള ഉപകരണങ്ങളും ആസ്വാദ്യകരമായ ജീവിതത്തിനു തടസ്സമുണ്ടാകാൻ ഉദ്ദേശിച്ചുള്ളവയല്ല. മറിച്ച് അവ ജീവിതം കൂടുതൽ സുഗമവും സൗകര്യപ്രദവും സംതൃപ്തവുമാക്കാൻ ഉദ്ദേശിച്ചുള്ളവയാണ്. ഉപകരണങ്ങളുടെ ഉപയോഗവും ജീവിതവും തമ്മിലെ ആരോഗ്യകരമായ സന്തുലിതാവസ്ഥ നിലനിർത്തുകയാണ് അമിതാസക്തിയിൽ നിന്നുള്ള രക്ഷാമാർഗം.

*Dr. Felix Johns
(Professor and HOD
Department of Community
Medicine Pushpagiri)

www.malankaralibrary.com

# പ്രത്യാശയുടെ തീർത്ഥാടകർ

ഫാ. ഡോ. ജോസഫ് കളരിപറമ്പിൽ

"പ്രത്യാശയുടെ തീർത്ഥാടകർ" എന്ന ആപ്ത വാക്യത്തോടെ 2024 ഡിസംബർ 24 ന് ഫ്രാൻസിസ് മാർപ്പാപ്പ സെന്റ് പീറ്റേഴ്സ് ബസിലിക്കയുടെ വിശുദ്ധ വാതിൽ ആചാരപരമായി തുറന്നതോടുകൂടി ജൂബിലി വർഷം എന്നറിയപ്പെടുന്ന വിശുദ്ധ വർഷം 2025 ആരംഭിച്ചു. 25 വർഷത്തിലൊരിക്കൽ ആചരിക്കുന്ന ഈ സാധാരണ വിശുദ്ധ വർഷത്തിന്റെ വേരുകൾക്ക് തുടക്കം ബോണിഫസ് എട്ടാമൻ മാർപ്പാപ്പ 1300 ൽ പ്രഖ്യാപിച്ച ഒന്നാം ജൂബിലി വർഷത്തിലാണ്. നിലവിലെ 25 വർഷം എന്ന ക്രമം 1470 ൽ പോൾ രണ്ടാമൻ മാർപ്പാപ്പ അവതരിപ്പിച്ചു. അതിനുശേഷം ഇത് സഭാജീവിതത്തിന്റെ അവിഭാജ്യ ഘടകമായി മാറി.

വിശുദ്ധ വർഷത്തിന്റെ കേന്ദ്ര ഘടകങ്ങൾ റോമിലേക്കുള്ള തീർത്ഥാടനവും റോമിലെ ബസിലിക്കകളിലെ (സെന്റ് പീറ്റേഴ്സ്, സാന്താ മരിയ മജോറേ, സെന്റ് പോൾ, ലാറ്ററൻ) വിശുദ്ധ കവാടങ്ങളിലൂടെ കടന്നുപോകുന്നതും പൂർണ്ണദണ്ഡവിമോചനം നേടുന്നതുമാണ്. കത്തോലിക്കാ വിശ്വാസത്തിന്റെ ഘടകമായ പൂർണ്ണദണ്ഡവിമോചനം പാപത്തിന്റെ താല്ക്കാലിക ശിക്ഷയിൽ നിന്ന് സ്വയം മോചിതരാകുവാനും ആത്മീയ നവീകരണം അനുഭവിക്കുവാനും വിശ്വാസികൾക്ക് അവസരം നൽകുന്നു. ഇപ്രകാരമുള്ള ആത്മീയമായ പ്രവൃത്തികളിലൂടെ വിശ്വാസികൾക്ക് കർത്താവ് പ്രഖ്യാപിച്ച ദൈവത്തിന് സ്വീകാര്യമായ സമയത്തിൽ ജീവിക്കുവാൻ സാധിക്കും.

റോമിലേക്ക് തീർത്ഥാടനം നടത്താൻ കഴിയാത്തവർക്കായി ലോകമെമ്പാടുമുള്ള പല രൂപതകളിലെ തിരഞ്ഞെടുത്ത ജൂബിലി ദൈവാലയങ്ങളിലൂടെ, ആത്മീയ അഭ്യാസങ്ങൾക്കും കുമ്പസാരത്തിനും പൂർണ്ണദണ്ഡവിമോചന സ്വീകരണത്തിനും അവസരമൊരുക്കപ്പെട്ടിരിക്കുന്നു. ലോകമെമ്പാടുമുള്ള പല രൂപതകളിലും, പ്രാദേശിക തലത്തിൽ വിശുദ്ധ വർഷം ആരംഭിക്കുന്നതിനായി പ്രത്യേക ശുശ്രൂഷകൾ നടന്നു. ഈ പ്രാദേശിക ആഘോഷങ്ങൾ ജൂബിലിയുടെ സാർവത്രിക സ്വഭാവത്തിന് അടിവരയിടുകയും വിശ്വാസികളെ പ്രാദേശികമായ ആഘോഷങ്ങളിൽ പങ്കെടുക്കുവാൻ അനുവദിക്കുകയും ചെയ്യുന്നു. ഈ വികേന്ദ്രീകൃത ഘടന കൂടുതൽ വിശ്വാസികൾക്ക് വിശുദ്ധ വർഷത്തിൽ പങ്കെടുക്കുവാനും അതിന്റെ ആത്മീയ ഫലങ്ങൾ നേടുവാനും മാർഗം തുറക്കുന്നു.

Spes non confundit (പ്രത്യാശ നിരാശപ്പെടുത്തുന്നില്ല) എന്ന ബൂളയിൽ ഫ്രാൻസിസ് മാർപ്പാപ്പ വിശുദ്ധ വർഷത്തിന്റെ പ്രമേയപരമായ ശ്രദ്ധാകേന്ദ്രങ്ങൾ വിവരിക്കുന്നു. ദുഷ്കരമായ സമയങ്ങളിൽ പ്രത്യാശ പുതുക്കുക, സംഘർഷഭരിതമായ ലോകത്തിൽ സമാധാനം വളർത്തുക, കാലാവസ്ഥാ വ്യതിയാനം മൂലമുണ്ടാകുന്ന പരിണതഫലങ്ങൾ നേരിടുന്നതിനും പോരാടുന്നതിനും വേണ്ടി പ്രവർത്തിക്കുക, ദരിദ്രരെയും അഭയാർത്ഥികളെയും പിന്തുണയ്ക്കുക എന്നിവ ഇതിൽ ഉൾപ്പെടുന്നു. "ഭൂമിയിലെ



www.malankaralibrary.com



തീർത്ഥാടകർ" ആയി സ്വയം കാണുവാനും ദൈവത്തിന്റെ സൃഷ്ടി എന്ന നിലയിൽ ആത്മീയത വീണ്ടും കണ്ടെത്തുവാനും മാർപ്പാപ്പ വിശ്വാസികളോട് ആഹ്വാനം ചെയ്യുന്നു.

ജൂബിലി എന്ന ആശയത്തിന് പഴയനിയമത്തിൽ ആഴത്തിലുള്ള വേരുകളുണ്ട്. "ജൂബിലി" എന്ന വാക്ക് ''ആട്ടുകൊറ്റന്റെ കൊമ്പ്'' എന്നർത്ഥമുള്ള യോബെൽ എന്ന ഹെബ്രായ പദത്തിൽ നിന്നാണ് ഉരുത്തിരിഞ്ഞത്. ജൂബിലി വർഷത്തിന്റെ ആരംഭത്തെ സൂചിപ്പിക്കുന്ന കാഹളനാദം മുഴക്കുവാനായി ഉപയോഗിച്ചിരുന്നത് ഈ കൊമ്പായിരുന്നു. ജൂബിലി വർഷത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് നമുക്ക് അറിവ് നൽകുന്നത് ലേവ്യ പുസ്തകമാണ്. ജൂബിലിവർഷം വിമോചനത്തിന്റെ ഒരു വർഷമാണ്, അത് അമ്പത് വർഷം കൂടുമ്പോളാണ് ആചരിച്ചിരുന്നത്. ജൂബിലിവർഷത്തെക്കുറിച്ച് ലേവ്യ പുസ്തകത്തിൽ നാം ഇപ്രകാരം വായിക്കുന്നു: "വർഷങ്ങളുടെ ഏഴ് സാബത്തുകൾ എണ്ണുക, ഏഴ് പ്രാവശ്യം ഏഴ് വർഷങ്ങൾ. വർഷങ്ങളുടെ ഏഴ് സാബത്തുകളുടെ ദൈർഘ്യം നാൽപത്തിയൊമ്പത് വർഷങ്ങൾ ഏഴാം മാസം പത്താംദിവസം നിങ്ങൾ എല്ലായിടത്തും കാഹളം മുഴക്കണം. പാപപരിഹാരദിനമായ അന്ന് ദേശം മുഴുവൻ കാഹളം മുഴക്കണം. അൻപതാം വർഷത്തെ നീ വിശുദ്ധീകരിക്കണം. ദേശവാസികൾക്കെല്ലാം സ്വാതന്ത്ര്യം പ്രഖ്യാപിക്കണം. അത് നിങ്ങൾക്ക് ജൂബിലിവർഷമായിരിക്കും. ഓരോരുത്തർക്കും തങ്ങളുടെ സ്വത്ത് തിരികെ ലഭിക്കണം. ഓരോരുത്തരും തങ്ങളുടെ കുടുംബത്തിലേക്ക് മടങ്ങിപ്പോകട്ടെ" ( ലേവ്യർ 25:8-10).

കടാശ്വാസം, ആളുകൾക്കും പ്രകൃതിക്കും വിശ്രമം, സാമൂഹിക നീതി എന്നിവയുടെ അവസരമായി ഓരോ വിശുദ്ധ ജൂബിലിവർഷവും ആഘോഷിക്കപ്പെടുന്നു. ഓരോ ഏഴു വർഷവും ഒരു സാബത്ത് വർഷം ഏർപ്പെടുത്തിക്കൊണ്ട് ഇസ്രായേല്യർ എല്ലാക്കാലത്തും അടിമത്തത്തിൽ നിന്ന് സ്വതന്ത്രരായിരിക്കണമെന്ന ദൈവത്തിന്റെ ഉദ്ദേശ്യത്തെ ഈ വാക്യങ്ങൾ വിവരിക്കുന്നു. ജൂബിലി വർഷം എന്നത് ഏഴ് സാബത്ത് വർഷങ്ങൾക്ക് ശേഷം, അങ്ങനെ, ഓരോ അമ്പതാം വർഷമാണ്. സാമ്പത്തികവും സാംസ്കാരികവും പാരിസ്ഥിതികവും സാമുദായികവുമായ പുനഃസജ്ജീകരണമാണ് ഇതുകൊണ്ട് പ്രധാനമായും ഉദ്ദേശിക്കുന്നത്. ഭൂമിയും ജനങ്ങളും വിശ്രമിക്കുകയും അടിമത്തത്തിൽ കഴിയുന്ന എല്ലാവർക്കും അവരവരുടെ സമൂഹങ്ങളിലേക്ക് മടങ്ങുവാൻ സ്വാതന്ത്ര്യം നൽകുകയും ജൂബിലിവർഷം അവസരമൊരുക്കുന്നു. ജൂബിലി നിയമങ്ങൾ പ്രധാനമായും സാമൂഹിക ബന്ധം, സാമ്പത്തിക സുരക്ഷ, സ്ഥിരത, സമൂഹത്തിന്റെ ക്ഷേമം എന്നിവയുമായി ബന്ധപ്പെട്ടതാണ്. ദൈവവുമായും സൃഷ്ടികൾ പരസ്പരമായും നല്ല ബന്ധം പ്രതിഫലിപ്പിക്കുന്ന രീതിയിൽ മനുഷ്യർ ജീവിക്കുന്നുണ്ടെന്ന് ഉറപ്പാക്കുവാൻ ഈ നിയമങ്ങൾ സഹായിക്കുന്നു. പഴയനിയമത്തിന്റെ ഇതര ഭാഗങ്ങളിലും ജൂബിലിവർഷവുമായി ബന്ധപ്പെട്ട പരാമർശങ്ങൾ കാണാം. ദൈവം നൽകിയ നിയമങ്ങൾ പാലിക്കുന്നതിൽ ഇസ്രായേല്യർ പരാജയപ്പെട്ടിട്ടും, തന്റെ സ്വന്തം ജനമായി അവരെ പുനഃസ്ഥാപിക്കുന്നതിനായുള്ള ദൈവത്തിന്റെ ഇച്ഛ എപ്പോഴും നിലനിന്നിരുന്നതായി പഴയനിയമം നമ്മെ പഠിപ്പിക്കുന്നു. ന്യായപ്രമാണം വിസ്മരിക്കുന്നതിന്റെ അനന്തരഫലങ്ങളെക്കുറിച്ച് സംസാരിക്കുന്ന സന്ദേശങ്ങൾ കൊണ്ടുവന്നിരുന്ന പ്രവാചകന്മാരിലൂടെ ദൈവം നടപടിയെടുക്കുന്നു. ദൈവജനത്തെ വീണ്ടെടുക്കുന്നതിനും എല്ലാ സൃഷ്ടികളെയും നവീകരിക്കുന്നതിനും ദൈവത്തിന്റെ യഥാർത്ഥ ദർശനം പ്രാപ്ത




ജൂബിലി വർഷത്തിന്റെ ആരംഭത്തെ സൂചിപ്പിക്കുന്ന കാഹളനാദം മുഴക്കുവാനായി ഉപയോഗിച്ചിരുന്നത് ഈ കൊമ്പായിരുന്നു. ജൂബിലി വർഷത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് നമുക്ക് അറിവ് നൽകുന്നത് ലേവ്യ പുസ്തകമാണ്. ജൂബിലിവർഷം വിമോചനത്തിന്റെ ഒരു വർഷമാണ്,

www.malankaralibrary.com


മാക്കുന്ന വാഗ്ദാനത്തിലേക്കാണ് പ്രവചനങ്ങൾ നയിച്ചിരുന്നത്. ആ പ്രവചനങ്ങളുടെ പൂർത്തീകരണം യേശുവാണ്.



തന്റെ ശുശ്രൂഷയുടെ ആരംഭത്തിൽ ഏശയ്യാ പ്രവാചകൻ മുൻകൂട്ടിപ്പറഞ്ഞ വിമോചകൻ താനാണെന്ന് യേശു പ്രഖ്യാപിക്കുന്നത് വിശുദ്ധ ലൂക്കായുടെ സുവിശേഷത്തിൽ നാം കാണുന്നു (ലൂക്കാ 4:16-22). പലപ്പോഴും യേശുവിന്റെ ഈ പ്രഖ്യാപനത്തെ അവിടുത്തെ പ്രകടന പത്രിക (Manifesto) എന്ന് വിളിക്കുന്നു. "കർത്താവിന് സ്വീകാര്യമായ വർഷം" എന്ന് ജൂബിലിയെ നേരിട്ട് പരാമർശിക്കുന്ന യേശു തന്റെ ശ്രോതാക്കൾക്ക് പഞ്ചഗ്രന്ഥിയിൽ നിന്ന് പ്രവാചകന്മാരിലൂടെ തന്റെ രക്ഷാകര ദൗത്യത്തിലേക്ക് ഒരു പാലം രൂപപ്പെടുത്തുന്നു. അതിലുപരി, "നിങ്ങൾ കേട്ടിരിക്കെത്തന്നെ ഇന്ന് ഈ തിരുവെഴുത്ത് നിറവേറിയിരിക്കുന്നു" എന്ന പ്രഖ്യാപനത്തിലൂടെ യേശു തന്നെത്തന്നെ മിശിഹായായും തന്നിലൂടെ ജൂബിലിയുടെ പൂർത്തീകരണം സാധ്യമാണെന്നും അറിയിക്കുന്നു. അപ്രകാരം പഴയനിയമത്തിലെ ജൂബിലിവർഷത്തിന് ഒരു പുതിയനിയമമാനവും പൂർണ്ണതയും തന്റെ രക്ഷാകര ശുശ്രൂഷയിലൂടെ യേശു നൽകുന്നു.




തങ്ങളുടെ പരസ്പര ബന്ധത്തിലൂടെയും നീതിയുടെ അന്വേഷണത്തിലൂടെയും - സാമൂഹികവും നിയമപരവുമായ വ്യവസ്ഥകളിലൂടെയും ഔദാര്യവും ത്യാഗവും ഉൾപ്പെടെയുള്ള വ്യക്തിപരമായ പ്രവർത്തനങ്ങളിലൂടെയും ഇടപെടലുകളിലൂടെയും സഭ ലൗകികമായ തന്റെ അപൂർണ്ണതയെ മറികടക്കേണ്ടതാണെന്ന് ജൂബിലി നമ്മെ ഓർമ്മിപ്പിക്കുന്നു. ജീവിതത്തിന്റെ എല്ലാ മേഖലകളും പുനഃസജ്ജമാക്കുവാനും മോചനവും പുനഃസ്ഥാപനവും സാധ്യമാക്കുവാനുമുള്ള ദൈവദൗത്യത്തിന്റെ ഭാഗമാകുവാൻ ജൂബിലി വർഷം നമ്മെ പ്രാപ്തരാക്കുന്നു.

ഇക്കാലഘട്ടത്തിൽ ആഗോള കടപ്രതിസന്ധിയുടെയും മറ്റ് സമ്മർദ്ദകരമായ വെല്ലുവിളികളുടെയും പശ്ചാത്തലത്തിൽ ഈ പാരമ്പര്യം പുതിയ അർത്ഥം കൈക്കൊള്ളുന്നു. വിശുദ്ധ വർഷത്തിന്റെ പശ്ചാത്തലത്തിൽ നീതിയുടെയും ഐക്യദാർഢ്യത്തിന്റെയും പ്രാധാന്യത്തെ ഫ്രാൻസിസ് മാർപ്പാപ്പ ഊന്നിപ്പറയുകയും ദരിദ്രരെയും ദുർബലരെയും പിന്തുണയ്ക്കുന്നതിനുള്ള ശക്തമായ നടപടികൾ ആവശ്യപ്പെടുകയും ചെയ്യുന്നു.

ജൂബിലി വർഷത്തിനായുള്ള ഒരുക്കങ്ങൾ 2023 ൽ "പ്രാർത്ഥനയുടെ വർഷം" തുടർന്ന് 2024 ൽ "ക്ഷമയുടെ വർഷം" എന്നിവയോടുകൂടി ആരംഭിച്ചു. വിശുദ്ധ വർഷത്തിനായി വിശ്വാസികളെ ആത്മീയമായി ഒരുക്കുന്നതിനും അവരുടെ വ്യക്തിബന്ധങ്ങളെക്കുറിച്ച് ചിന്തിക്കുവാൻ അവരെ പ്രോത്സാഹിപ്പിക്കുന്നതിനും ഈ തയ്യാറെടുപ്പ് കാലഘട്ടം സഹായിച്ചു.

വിശുദ്ധ വർഷമായ 2025 ന്റെ പ്രത്യേക ശ്രദ്ധ യുവജനങ്ങളിലാണ്. സഭയുടെയും ലോകത്തി

www.malankaralibrary.com

ന്റെയും ഭാവിക്ക് യുവതലമുറയുടെ പ്രാധാന്യം ഫ്രാൻസിസ് മാർപ്പാപ്പ ആവർത്തിച്ച് ഊന്നിപ്പറഞ്ഞിട്ടുണ്ട്. മതാന്തര സംവാദത്തിനും വിശുദ്ധ വർഷം വേദിയൊരുക്കുന്നു. വർദ്ധിച്ചുവരുന്ന ബഹുസ്വര ലോകത്തിൽ സമൂഹത്തിൽ ഭിന്നതയുള്ളയിടത്ത് ഒരു പാലം എന്ന നിലയിൽ സഭയുടെ പങ്ക് ഈ ജൂബിലി വർഷം അടിവരയിടുന്നു. ജൂബിലി വർഷത്തിന്റെ മറ്റൊരു പ്രധാന വശം പരിസ്ഥിതി ശാസ്ത്രത്തിനും സൃഷ്ടിയുടെ സംരക്ഷണത്തിനും ഊന്നൽ നൽകുന്നു. ഫ്രാൻസിസ് മാർപ്പാപ്പയുടെ Laudato Si (അങ്ങേയ്ക്ക് സ്തുത - 2015) എന്ന ചാക്രികലേഖനത്തെ തുടർന്ന് പരിസ്ഥിതി സംരക്ഷണത്തെക്കുറിച്ചും സുസ്ഥിര ജീവിതത്തെക്കുറിച്ചും അവബോധം വളർത്തുന്നതിനായി വിവിധ സംരംഭങ്ങളും പദ്ധതികളും ആരംഭിച്ചിരുന്നു.

വിശുദ്ധ വർഷം 2025 ഒരു മതപരമായ സംഭവമെന്നതിനേക്കാളുപരിയായി സമൂഹജീവിതത്തിന്റെ വിവിധ മാനങ്ങളുമായി ബന്ധപ്പെട്ടതായിരിക്കുമെന്ന് സഭ വാഗ്ദാനം ചെയ്യുന്നു. പ്രതിസന്ധി നേരിടുന്ന ലോകത്തിൽ പ്രത്യാശയുടെ സന്ദേശം പ്രചരിപ്പിക്കുവാനും സമാധാനം, നീതി സുസ്ഥിരത എന്നിവയോടുള്ള പ്രതിബദ്ധത പുതുക്കുവാനും ആഗോളസഭയ്ക്കുള്ള ഒരു അവസരമാണിത്. നമ്മുടെ കാലത്തെ വലിയ ചോദ്യങ്ങളെക്കുറിച്ച് ചിന്തിക്കുവാനും പരിഹാരങ്ങളിൽ ഒരുമിച്ച് പ്രവർത്തിക്കുവാനും ഇത് വിശ്വാസികളെയും അവിശ്വാസികളെയും ഒരുപോലെ ക്ഷണിക്കുന്നു. കത്തോലിക്കാസഭയെ സംബന്ധിച്ചിടത്തോളം, ജൂബിലി വർഷം സ്വയം പ്രതിഫലനത്തിനും നവീകരണത്തിനും അവസരമൊരുക്കുന്നു. സഭ വിവിധ വെല്ലുവിളികളെ അഭിമുഖീകരിക്കുന്ന ഈ സമയത്ത്, നവീകരണത്തിനും സഭയുടെ ഭാവിയെക്കുറിച്ചുള്ള തുറന്ന സംവാദത്തിനും ഉത്തേജകമായി വർത്തിക്കുവാൻ വിശുദ്ധ വർഷത്തിന് കഴിയും.

വിശുദ്ധ വർഷം 2025 വിശ്വാസികൾക്ക് അവരുടെ ആത്മീയ യാത്രയെ കൂടുതൽ ആഴത്തിലാക്കുവാനും പ്രത്യാശ, അനുരഞ്ജനം, നവീകരണം എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്ന ഒരു ആഗോള സംഭവത്തിന്റെ ഭാഗഭാക്കാകുവാനും അതുല്യമായ ഒരു അവസരം നൽകുന്നു. കത്തോലിക്കാസഭയുടെ അതിരുകൾക്കപ്പുറം സ്വാധീനം ചെലുത്തുന്ന സമൂഹത്തിൽ ആകമാനം ശാശ്വതമായ സ്വാധീനം ഫലപ്രദമാക്കുന്ന സംഭാഷണങ്ങളുടെയും പ്രതിഫലനങ്ങളുടെയും ഒരു വർഷമാണിത്. ഒരു ക്രിസ്ത്യാനിയെ സംബന്ധിച്ചിടത്തോളം ജൂബിലിവർഷത്തിന്റെ ആചരണഫലമായി അവന്റെ വ്യക്തിജീവിതത്തിലും അനിവാര്യമായ മാറ്റങ്ങൾ ഉണ്ടാകണം. ആത്മീയമായ നവോത്ഥാനവും അതോടൊപ്പം ക്രിസ്തു കേന്ദ്രീകൃതമായ ജീവിതവും ക്രിസ്തു മാർഗനിർദേശങ്ങൾ അനുകരിച്ച് സമൂഹത്തിലെ പാർശ്വവൽക്കരിക്കപ്പെട്ടവരോട് അനുഭാവപൂർണ്ണമായ പെരുമാറ്റവും ജൂബിലിവർഷം ലക്ഷ്യം വയ്ക്കുന്നു. ●


## ജൂബിലിവർഷം അതിഭദ്രാസനതല ആചരണം



*ആഗോള കത്തോലിക്കാസഭ ജൂബിലി വർഷമായി ആഘോഷിക്കുന്നതിന്റെ ഭാഗമായി മലങ്കര കത്തോലിക്കാസഭ തിരുവല്ല അതിഭദ്രാസനതല ഉദ്ഘാടനം ആർച്ചുബിഷപ്പ് ഡോ. തോമസ് മാർ കൂറിലോസ് മെത്രാപ്പോലീത്ത 2025 ജനുവരി 6-ാം തീയതി സെന്റ് ജോൺസ് മെത്രാപ്പോലിത്തൻ കത്തീഡ്രലിൽ നിർവ്വഹിച്ചപ്പോൾ.*

www.malankaralibrary.com





# ജോസഫ് മാർ സേവേറിയോസ് വിദ്യാഭ്യാസ മാർഗ്ഗദർശി



ഫാ. തോമസ് മണ്ണിൽ



**സത്യാന്വേഷണത്തിന്റെ കാവലാൾ :** മലങ്കര സഭയുടെ പുനരൈക്യ പ്രസ്ഥാനത്തിന്റെ അഭിനവ പൗലോസ് അപ്പസ്തോലൻ പുണ്യശ്ലോകനായ വാളക്കുഴി ജോസഫ് മാർ സേവേറിയോസ് മെത്രാപ്പോലീത്ത മലങ്കര കത്തോലിക്കാസഭയ്ക്കും തിരുവല്ല അതിഭദ്രാസനത്തിനും ഇന്നും മാർഗ്ഗദീപമാണ്. മാർ സേവേറിയോസ് തിരുമേനിയുടെ ശക്തമായ നേതൃത്വത്തിൽ വിദ്യാഭ്യാസരംഗത്ത് വിപ്ലവകരമായ മാറ്റങ്ങൾക്ക് തിരുവല്ല ഭദ്രാസനം തുടക്കംകുറിച്ചു. അദ്ദേഹം പൂർത്തിയാക്കിയ തിരുവല്ല ഭദ്രാസനത്തിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളെല്ലാം തന്നെ അവികസിത മേഖലകളിലായിരുന്നുവെന്നത് പ്രത്യേകം ശ്രദ്ധേയമാണ്.

**ഉദയം പ്രഭാപൂർണ്ണം :** അഭി. ജോസഫ് മാർ സേവേരിയോസ് തിരുമേനി മല്ലപ്പള്ളിയുടെ മലയോര ഗ്രാമപ്രദേശമായ ആനിക്കാട്, പാതിക്കാട് എന്ന സ്ഥലത്ത് പുരാതനയാക്കോബായ കുടുംബമായ വാളക്കുഴി ഭവനത്തിൽ 1894 ഏപ്രിൽ 7-ാം തീയതി ശനിയാഴ്ച്ച ഭൂജാതനായി. ഉമ്മച്ചൻ, അക്കാമ്മ ദമ്പതികളുടെ അഞ്ചാമത്തെ മകനായി ജനനം. 40 ദിവസങ്ങൾക്ക് ശേഷം പാതിക്കാട് ഇടവക പള്ളിയിൽ ഐപ്പ് എന്ന പേരിൽ ശിശുവിന് ജ്ഞാനസ്നാനം നൽകി. 1909 ഏപ്രിൽ 15-ാം തീയതി 15-ാമത്തെ വയസ്സിൽ ബന്ധുകൂടിയായ പുലിക്കോട്ടിൽ ജോസഫ് മാർ ദിവന്ന്യാസോസ് മെത്രാപ്പോ

ലീത്ത ഐപ്പിന് ജോസഫ് എന്ന നാമത്തിൽ കോറൂയോ പട്ടം നൽകി. കോട്ടയം എം.ഡി. സെമിനാരിയുടെ പ്രിൻസിപ്പാളായ ഫാ. പി.റ്റി. ഗീവർഗീസ് എം.എ. പ്രവർത്തിച്ചിരുന്ന ഹൈസ്കൂളിൽ പഠനത്തിനായി ശെമ്മാശനെ അയച്ചു. 1912 ൽ ശെമ്മാശൻ, മെട്രിക്കുലേഷൻ പരീക്ഷ പാസ്സായി. ഉപരിപഠനാർത്ഥം, ശെമ്മാശൻ തൃശ്ശിനാപ്പള്ളിയിലുള്ള കോളേജിൽ ചേർന്നു. എന്നാൽ ബഹു. പി. റ്റി. ഗീവർഗീസ് എം.എ. അച്ചന് സെറാംപൂർ കോളേജിലേക്ക് നിയമനം കിട്ടിയതുകൊണ്ട് ശെമ്മാശന്റെ പഠനം, സെറാംപൂർ കോളേജിലേക്ക് മാറ്റപ്പെട്ടു. 1916 ൽ അദ്ദേഹം തത്വശാസ്ത്രത്തിൽ ബി.എ. പഠനം പൂർത്തിയാക്കി. 1923 ൽ ജോസഫ് ശെമ്മാശനെ തിരുവല്ല എം.ജി.എം. ഹൈസ്കൂളിൽ അദ്ധ്യാപകനായും ബോർഡിംഗ് മാസ്റ്ററായും നിയമിച്ചു. 1929 ജനുവരി 8-ാം തീയതി അദ്ദേഹത്തെ മലങ്കര മെത്രാപ്പോലീത്ത ആയിരുന്ന വട്ടശ്ശേരിൽ മാർ ദിവന്ന്യാസിയോസ് തിരുമേനി പാതിക്കാട് പള്ളിയിൽ വച്ച് വൈദികനായി അഭിഷേകം ചെയ്തു. തന്റെ പ്രിയ ശിഷ്യനോടുള്ള സ്നേഹവാത്സല്യത്താൽ ബഥനി മെത്രാപ്പോലീത്താ മാർ ഈവാനിയോസ് തിരുമേനിയും സന്നിഹിതനായിരുന്നു. അദ്ധ്യാപക ജോലിക്ക് പുറമെ സ്വന്തം ഇടവക പള്ളിയുടെ വികാരി സ്ഥാനവും ലഭിച്ചു. 1932 ഏപ്രിൽ 17-ാം തീയതി വാളക്കുഴി ജോസഫ് അച്ചൻ മലങ്കരയുടെ കാതോലിക്കാബാവായിൽ നിന്ന് റമ്പാൻ പട്ടം സ്വീകരിച്ചു. മലങ്കര മെത്രാപ്പോലീത്താ, കാതോലിക്കാബാവാ എന്നിവരുടെ പ്രത്യേക സഹായി എന്ന ചുമതലയും സെമിനാരിയുടെ മാനേജർ എന്ന പദവിയും റമ്പാച്ചന് ഉണ്ടായിരുന്നു. 1933 മെയ് 25-ാം തീയതി മുപ്പത്തിയൊൻപതാം വയസ്സിൽ വാളക്കുഴി റമ്പാച്ചൻ ഗീവർഗീസ് മാർ ബസേലിയോസ് കാതോലിക്കാ ബാവായിൽ നിന്നും ജോസഫ് മാർ സേവേറിയോസ് എന്ന പേരിൽ നിരണം ഭദ്രാസനത്തിന്റെ മെത്രാനായി അഭിഷിക്തനായി.

## കത്തോലിക്കാസഭയിലേക്കുള്ള പ്രവേശനം

പത്രോസാകുന്ന പാറമേൽ യേശു സ്ഥാപിച്ച സത്യസഭ കത്തോലിക്കാ സഭയാണെന്ന് അദ്ദേഹത്തിന് ബോധ്യപ്പെട്ടു. തന്റെ മനഃസാക്ഷിയുടെ പ്രേരണയ്ക്ക് വിധേയനായി സത്യസഭയുമായി പുനരൈക്യപ്പെടുന്നതിന് തിരുമേനി നിശ്ചയിച്ചു. 1937 നവംബർ 29-ാം തീയതി മുൻകൂട്ടി ക്രമീകരിച്ചതനുസരിച്ച് ബഹു. ഗീവറുഗീസ് അച്ചൻ, തിരുമേനിയുടെ സഹോദരൻ ശ്രീ. കെ.വി. ഏബ്രഹാം, മേളാംപറമ്പിൽ ശ്രീ. ഉമ്മച്ചൻ എന്നിവർ സഹിതം തിരുവനന്തപുരം നാലാഞ്ചിറ ബഥനി ആശ്രമത്തിൽ എത്തുകയും, മാർ ഈവാനിയോസ് തിരുമേനി പട്ടം അരമന ചാപ്പലിൽ വച്ചു അദ്ദേഹത്തെ കത്തോലിക്കാസഭയിലേക്ക് സ്വീകരിക്കുകയും ചെയ്തു. 1938 ആഗസ്റ്റ് 29-ാം തീയതി പതിനൊന്നാം പീയൂസ് മാർപ്പാപ്പാ മാർ സേവേറിയോസ് തിരുമേനിയെ ഇഞ്ചിലയുടെ സ്ഥാനിക മെത്രാനാക്കി.

**ഓർമ്മപ്പെരുന്നാൾ**
**ജനുവരി 18**



ഭാഗ്യസ്മരണാഹർനായ
മോറാൻ മോർ സിറിൽ ബസേലിയോസ്
കാതോലിക്കാബാവ (2007)

**ഓർമ്മപ്പെരുന്നാൾ**
**ഫെബ്രുവരി 21**



ഭാഗ്യസ്മരണാഹർനായ
അഭി. തോമസ് മാർ ദിയസ്കോറസ്
(1943)

**സമുന്നത മിഷനറി തീക്ഷ്ണത :** ആദ്യത്തെ പത്തു കൊല്ലത്തിനുള്ളിൽ 7000 അകത്തോലിക്കരെ പുനരൈക്യപ്പെടുത്തുകയും 35 പള്ളികളും, കപ്പേളകളും പണികഴിപ്പിക്കുകയും 6 ഹൈസ്കൂളുകളും, 8 മിഡിൽ സ്കൂളുകളും നിരവധി പ്രാഥമിക വിദ്യാലയങ്ങളും, മൂന്ന് കന്യകാലയങ്ങളും ആരംഭിക്കുകയും ചെയ്തു. വടക്ക് കുന്നംകുളം, പാലക്കാട് പ്രദേശങ്ങളിലെ ഇടവകകൾ, മറ്റ് മിഷൻ പ്രവർത്തനങ്ങളും സജീവമാക്കാനും ധാരാളം ആളുകളെ കത്തോലിക്കാവിശ്വാസത്തിലേക്ക് കൊണ്ടുവരുവാനും അദ്ദേഹം കാണിച്ച ഉത്സാഹത്തെയും ആത്മാർത്ഥതയെയും വിവരിക്കാൻ വാക്കുകളില്ല.

തിരുവല്ല രൂപതയുടെ കീഴിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ബഹുഭൂരിപക്ഷവും സേവേറിയോസ് തിരുമേനിയുടെ പ്രായോഗികബുദ്ധിയുടെ പ്രകട ഉദാഹരണങ്ങളാണ്. ചുങ്കപ്പാറയിൽ മണ്ണൂർ കൃഷ്ണൻ നായർ വക്കീലിന്റേതായി നിലവിലുണ്ടായിരുന്ന മിഡിൽ സ്കൂൾ തിരുമേനി വിലയ്ക്കു വാങ്ങി നല്ലൊരു ഹൈസ്കൂളാക്കി, ചെങ്ങരൂർ സെന്റ് തെരേസാസ് ബഥനി ഗേൾസ് ഹൈസ്കൂൾ, ഇരുവള്ളിപ്ര സെന്റ് തോമസ് ഹൈസ്കൂൾ, ആനിക്കാട് സെന്റ് മേരീസ് ഹൈസ്കൂൾ തുടങ്ങിയവ സ്ഥാപിച്ചു.

**നല്ലിടയൻ :** 1950 മെയ് 5-ാം തീയതി മാർപ്പാപ്പായുടെ കല്പന പ്രകാരം മാർ തെയോഫിലോസ് തിരുമേനിയെ അമ്മേ ദയറായുടെ സ്ഥാനിക മെത്രാനായി നിയമിക്കുകയും, പകരം തിരുവല്ല രൂപതയുടെ അഡ്മിനിസ്ട്രേറ്ററായിരുന്ന മാർ സേവേറിയോസ് തിരുമേനിയെ തിരുവല്ല രൂപതാ മെത്രാനായി നിയമിക്കുകയും ചെയ്തു. 1953 ൽ പൗരസ്ത്യ സഭാഭാസുരൻ മാർ ഈവാനിയോസ് തിരുമേനി ദിവംഗതനായപ്പോൾ അഭിവന്ദ്യ ബനഡിക്ട് മാർ ഗ്രിഗോറിയോസ് തിരുമേനിയെ അതിരൂപതയുടെ അഡ്മിനിസ്ട്രേറ്ററായി നിയമിച്ചു. സീനിയർ ബിഷപ്പ് എന്ന നിലയിൽ 1954 ൽ ആർച്ചുബിഷപ്പ് എന്ന ബഹുമതി മാർ സേവേറിയോസ് തിരുമേനിക്ക് മാർപ്പാപ്പായിൽ നിന്ന് ലഭിച്ചു. 1954 ഏപ്രിൽ 22-ാം തീയതി തിരുവല്ല രൂപതയുടെ സഹായമെത്രാനായി സഖറിയാസ് മാർ അത്തനാസിയോസ് തിരുമേനിയെ തിരുവനന്തപുരം അതിരൂപതയുടെ അഡ്മിനിസ്ട്രേറ്റർ മാർ ഗ്രിഗോറിയോസ് തിരുമേനിയുടെയും തൃശൂർ ബിഷപ്പ് മാർ ജോർജ് ആലപ്പാട്ട് തിരുമേനിയുടെയും സഹകാർമ്മികത്വത്തിൽ മാർ സേവേറിയോസ് തിരുമേനി അഭിഷേകം ചെയ്തു.


**അന്ത്യകാലം :** വടക്ക് പ്രദേശങ്ങളിലെ മിഷൻ പ്രവർത്തനങ്ങൾ സന്ദർശിച്ചശേഷം ആനിക്കാട് ബേത്‌ലഹേം തിരുക്കുടുംബ ഇടവകയുടെ പ്രഥമ വികാരിയായിരുന്ന ബഹു. ഏബ്രഹാം ഒ.ഐ.സി. അച്ചനോടൊപ്പം തിരുവല്ല മേരിഗിരി അരമനയിലെത്തി മണിക്കൂറുകൾക്കുള്ളിൽ അഭി. സേവേറിയോസ് പിതാവ് കാലം ചെയ്യുകയാണുണ്ടായത് (1955 ജനുവരി 18). പൗലോസ് അപ്പസ്തോലനെപ്പോലെ ഓട്ടം തികച്ച ആ മിഷനറി മലങ്കരയുടെ പൗലോസ് അപ്പസ്തോലൻ എന്ന അഭിധാനത്തിന് തികച്ചും അനുയോജ്യൻ തന്നെ. തിരുവല്ല അതിരൂപതയ്ക്കും മലങ്കരസഭയ്ക്കും, ഭാരതസഭയ്ക്കും സാർവ്വത്രിക സഭയ്ക്കും, അഭിവന്ദ്യ പിതാവു വഴി ലഭിച്ച കൃപകൾക്കായി ദൈവത്തിന് നന്ദി പറയാം. അദ്ദേഹത്തിന്റെ ആവേശപൂർണ്ണമായ ആദർശ ജീവിതത്തിൽ നിന്നും ശക്തി സംഭരിച്ച് നമുക്ക് സഭയെ ശക്തമാക്കാം. ●

## നവവൈദികർ



തിരുവല്ല അതിഭദ്രാസനത്തിനുവേണ്ടി അഭി. ആർച്ചുബിഷപ്പ് തോമസ് മാർ കൂറിലോസ് മെത്രാപ്പോലീത്തായുടെ കൈവയ്പ്പാൽ 2024 ഡിസംബർ 26 ന് നവാഭിഷിക്തരായ റവ. ഫാ. മാത്യു മുളവേലിൽ (കത്തീഡ്രൽ), റവ. ഫാ. സാജൻ പീടികയിൽ (കട്ടപ്പന), റവ. ഫാ. ജോർജ് ഇളമത (മാന്നാർ ഈസ്റ്റ്), റവ. ഫാ. കുര്യൻ പാറത്താനത്ത് (കുമിളി), റവ. ഫാ. നൈനാൻ വെട്ടിരേത്ത് (ചുങ്കപ്പാറ) എന്നിവർക്ക് അതിഭദ്രാസനത്തിന്റെ ആശംസകളും പ്രാർത്ഥനകളും.

www.malankaralibrary.com




# ഓൺലൈൻ കുരുക്കുകൾ



ഫാ. റ്റിജോ പതാലിൽ*



ഇന്റർനെറ്റ്, ലോകത്തിലും മനുഷ്യജീവിതത്തിലും വിപ്ളവകരമായ മാറ്റങ്ങളാണ് കൊണ്ടുവന്നിരിക്കുന്നത്. ഇന്റർനെറ്റ് മാധ്യമ ലോകത്തെയും, പരസ്യങ്ങളുടെയും ലോകത്തിൽ അവശ്വസനീയമായ രീതിയിൽ വിപ്ളവങ്ങൾ സൃഷ്ടിച്ചു എന്നതിൽ സംശയമില്ല. പണ്ട് കത്തുകളിലൂടെയാണ് ആശയവിനിമയം നടത്തിയിരുന്നത്. അതിനു പകരം ഇലക്ട്രോണിക് ആശയവിനിമയത്തിന്റെ ഒരു രൂപമാണ് ഓൺലൈൻ മീഡിയ. നിലവിൽ ഓൺലൈൻ മാധ്യമങ്ങൾ വിജയകരമായി ഉപയോഗിക്കുന്ന വ്യവസായങ്ങളിൽ ജേർണലിസം, സംഗീതം, സിനിമ, പരസ്യങ്ങൾ, വിനോദങ്ങൾ എന്നിവ ഉൾപ്പെടും. കൂടുതൽ കൂടുതൽ വ്യവസായങ്ങൾ ഓൺലൈൻ പ്ലാറ്റുഫോമുകളിലേയ്ക്ക് മാറിക്കൊണ്ടിരിക്കുന്നു. വാർത്തകൾക്കും വസ്തുതകൾക്കും വിനോദത്തിനും വിജ്ഞാനത്തിനും വേണ്ടിയുള്ള വിവരങ്ങളെ അടിസ്ഥാനമാക്കിയുള്ള സങ്കേതമാണ് ഓൺലൈൻ മാധ്യമങ്ങൾ. സോഷ്യൽ മീഡിയ ഉപഭോക്താക്കൾക്ക് സംവദിക്കുവാനും ഉള്ളടക്കം പങ്കുവയ്ക്കുവാനും കമ്മ്യൂണിറ്റികൾ നിർമ്മിക്കുവാനുമുള്ള ഒരു പ്ലാറ്റുഫോം നല്കുന്നു. സ്ട്രീമിംഗ് സേവനങ്ങൾ Netflix, YouTube, Disney+ എന്നിവ പോലുള്ള പ്ലാറ്റുഫോമുകൾ ഉള്ളടക്കങ്ങളിലേയ്ക്ക് തത്ക്ഷണ പ്രവേശനം നൽകുന്നു. റിമൈൻഡറുകൾ, വാർത്താ അപ്ഡേറ്റുകൾ എന്നിവപോലുള്ള ദൈനംദിനം ജോലികളെ സഹായിക്കുന്നതിന് മൊബൈൽ ഫോണുകളിൽ ഇൻസ്റ്റാൾ ചെയ്യാവുന്ന സോഫ്റ്റുവെയർ ആപ്ളി

www.malankaralibrary.com

SOCIAL MEDIA

ക്കേഷനുകൾ മനുഷ്യജീവിതങ്ങളെ ഇന്ന് നിയന്ത്രിക്കുകയും നയിക്കുകയും ചെയ്യുന്നു. ഇവയെല്ലാം മനുഷ്യനു സഹായകരമാണെങ്കിലും അവ നിയന്ത്രിതമായി ഉപയോഗിച്ചില്ലെങ്കിൽ അവയ്ക്ക് ദോഷഫലങ്ങളും ഉണ്ട്.

## ബൗദ്ധീകവും സാമൂഹികവുമായ ആഘാതങ്ങൾ

പുതിയ തലമുറയിലെ കുട്ടികൾ അവരുടെ വളർച്ചയുടെ തുടക്കത്തിൽ തന്നെ ഇന്റർനെറ്റ് ഘടിപ്പിച്ച ഉപകരണങ്ങളുമായി സമ്പർക്കത്തിലാകുന്നു. പുതുതലമുറയിലെ മാതാപിതാക്കൾ എല്ലാവരും തന്നെ ഇന്റർനെറ്റ് സേവനങ്ങൾ ഉപയോഗിക്കുന്നവരാണ്. പലരും അവയുടെ അടിമകളുമാണ്. കുട്ടികൾ മാതാപിതാക്കളെ കണ്ട് ആണല്ലോ അവരുടെ ശീലങ്ങൾ രൂപപ്പെടുത്തുന്നത്. മാതാപിതാക്കളുടെ കൈകളിൽ എപ്പോഴും കാണുന്ന മൊബൈൽ ഫോൺ, അതു ഉപയോഗിക്കുമ്പോൾ മാതാപിതാക്കളുടെ വികാരങ്ങൾ എന്നിവയെല്ലാം കുട്ടികൾ ശ്രദ്ധിക്കുന്നുണ്ട്. പണ്ട് കളിപാട്ടങ്ങളാണ് കുട്ടികൾക്ക് നൽകിയിരുന്നതെങ്കിൽ ഇന്ന് അവയ്ക്കു പകരം ഇന്റർനെറ്റ് ഘടിപ്പിച്ചിട്ടുള്ള സ്മാർട്ട് ഉപകരണങ്ങളാണ് നല്കുന്നത്. ഇവ കുട്ടികൾ ഉപയോഗിക്കുമ്പോഴുള്ള ദോഷവശങ്ങൾ പല മാതാപിതാക്കളും ചിന്തിക്കാറില്ല.

ഒന്നാമതായി സാങ്കേതിക വിദ്യ അമിതമായി ഉപയോഗിക്കുന്നതുവഴി അവരുടെ വൈജ്ഞാനിക വികാസത്തിൽ ദോഷകരമായ സ്വാധീനം ചെലുത്തും. വായിക്കുക എന്നതിനെക്കാൾ കൂടുതൽ കാണുക എന്നതാണ് കുട്ടികൾക്ക് പ്രധാനം. വളരെ ശബ്ദം കുറച്ച് ടെലിവിഷനും മൊബൈൽ ഫോണും കുട്ടികൾ ഉപയോഗിക്കുന്നത് ശ്രദ്ധിച്ചിട്ടുണ്ടാകുമല്ലോ. ചെറുപ്പകാലഘട്ടം ബൗദ്ധിക വളർച്ച വേഗത്തിൽ നടക്കുന്ന കാലഘട്ടമാണ്. അവർ കാണുന്ന കാര്യങ്ങൾ അതുപോലെതന്നെ ഒപ്പിയെടുക്കുന്നു. ശരിയും തെറ്റും മനസിലാക്കി എടുക്കാൻ അവർക്കു സാധിക്കുന്നില്ല. മുതിർന്നവർ നല്കുന്ന തിരുത്തലുകളിലൂടെയാണല്ലോ കുട്ടികൾ ശരി തെറ്റുകൾ മനസ്സിലാക്കുന്നത്. ഒരു കുഞ്ഞിനെ പരിശീലിപ്പിക്കുവാൻ മനുഷ്യൻ തന്നെയാണ് നല്ലത്. മനുഷ്യന്റെ സ്ഥാനം യന്ത്രങ്ങൾ ഏറ്റെടുത്താൽ വളരെ വികലമായ സ്വഭാവങ്ങൾ ആയിരിക്കും ഉണ്ടാകുക. ഇന്റർനെറ്റ് ഘടിപ്പിച്ചിട്ടുള്ള യന്ത്രങ്ങളുമായി കുട്ടികൾ ഇടപഴുകുന്നത് നിയന്ത്രിക്കുന്നത് അവരുടെ സ്വഭാവം ശരിയായി വളർത്തിയെടുക്കുവാൻ സഹായിക്കും.

മറ്റൊന്ന് വായിക്കുവാനുള്ള കഴിവ് കുറയുന്നു എന്നതാണ്. ഇന്നു പല കുട്ടികളും കേട്ടു പഠിക്കുവാൻ ഇഷ്ടപ്പെടുന്നവരാണ്. കുട്ടികൾ ഇന്ന് വായിക്കുവാനും എഴുതുവാനും പുറകിലാണ് എന്നത് ഏറ്റവും കൂടുതൽ മനസ്സിലാകുന്നത് അദ്ധ്യാപകർക്കായിരിക്കും. പറയുന്നത് എഴുതുന്ന ആപ്ളിക്കേഷനുകളും, എഴുതിയത് വായിക്കുവാനുള്ള സോഫ്റ്റ്‌വെയർ ആപ്ളിക്കേഷനുകളും ഇന്ന് ലഭ്യമാണ്. ഇങ്ങനെയുള്ള ആപ്ളിക്കേഷനുകളിൽ ആശ്രയിക്കുന്നത് വായിക്കുവാനും എഴുതുവാനുമുള്ള കഴിവുകൾ നഷ്ടപ്പെടാൻ ഇടയാകും.

അടുത്തത്, വിശകലനചിന്താശേഷി നഷ്ടപ്പെടുന്നു എന്നതാണ്. കാണുന്ന കാര്യങ്ങളെ വിശകലനം ചെയ്യുവാനോ അതിന്റെ പുറകിലുള്ള കാര്യങ്ങളെപ്പറ്റി ചിന്തിക്കുവാനും കുട്ടികൾക്കു സാധിക്കുന്നില്ല. കാര്യങ്ങൾ ഓർത്തിരിക്കുവാനുള്ള കഴിവു കുറയുന്നു. സ്വന്തം ബുദ്ധിയിൽ ഓർത്തുവയ്ക്കുന്നതിനു പകരം പലരും മൊബൈലിൽ സൂക്ഷിച്ചുവയ്ക്കുകയാണ്. പുതിയതായി എന്തെങ്കിലും പഠിക്കുമ്പോൾ മന്ദഗതിയിൽ വിവരങ്ങൾ പ്രോസസ് ചെയ്യുന്നു. അധികമായാൽ അമൃതും വിഷമാണ് എന്ന പഴഞ്ചൊല്ലു സൂചിപ്പിക്കുന്നതുപോലെ നല്ലതെന്നു കരുതുന്നവയുടെ അമിത ഉപയോഗം ബൗദ്ധികതലത്തിൽ ദോഷകരമായ ഫലങ്ങളാണ് സൃഷ്ടിക്കുന്നത്. കഴിഞ്ഞ ദിവസം സോഷ്യൽ മീഡിയായിൽ കണ്ട ഒരു വാർത്ത ഇപ്രകാരമാണ്, മൂന്ന് മണിക്കൂർ തുടർച്ചയായി ബാത്റൂമിലിരുന്ന മൊബൈൽ ഉപയോഗിച്ച ആൾക്ക് എഴുന്നേൽക്കുവാൻ പറ്റാതെ ആകുകയും പിന്നീട് മറ്റൊരാളുടെ സഹായത്തോടെ എഴുന്നേൽക്കേണ്ടി വരുകയും ചെയ്തു എന്നത്. എല്ലാത്തിനും ഇന്റർനെറ്റ് ഉപയോഗിക്കുന്നതുമൂലം ഇന്റർനെറ്റില്ലെങ്കിൽ ജീവിതം നിശ്ചലമായി പോകുന്ന അവസ്ഥയാണ് ഇന്നുള്ളത്.



www.malankaralibrary.com

ഇന്റർനെറ്റിൽ നിന്ന് അമിതമായ വിവരങ്ങൾ ആണ് ലഭിക്കുന്നത്. യഥാർത്ഥജീവിതവും വ്യർചൽ ജീവിതവും തമ്മിൽ ആരോഗ്യകരമായ ബാലൻസ് ഇന്നില്ല. സോഷ്യൽ മീഡിയായിൽ കാണുന്ന കാര്യങ്ങളും യഥാർത്ഥജീവിതവും തമ്മിൽ ബന്ധമില്ല. അതിശയോക്തി കലർത്തിയ ഉള്ളടക്കങ്ങളാണ്. ഓൺലൈൻ വാങ്ങുന്ന പല സാധനങ്ങളും പലപ്പോഴും ഉപയോഗപ്രദമല്ലാതായി തീരാറുണ്ട്. കാഴ്ചയിലെ ആകർഷകത്വം ഉപയോഗത്തിൽ ഇല്ലാതെ വരുന്നു. പലപ്പോഴും അയാളുടെ പ്രായത്തിൽ അയാൾക്ക് ഉൾക്കൊള്ളുവാൻ സാധിക്കാത്ത അത്രയും വിവരങ്ങൾ ലഭിക്കുന്നു. പലർക്കും സാമ്പത്തിക നഷ്ടങ്ങൾ ഉണ്ടാകുന്നു.

കുട്ടികളും കൗമാരക്കാരും സാമൂഹികമാധ്യമങ്ങളിൽ കാണുന്നത് അനുകരിക്കുന്നു. ഇത് പലപ്പോഴും വികലമായ സാമൂഹിക അവബോധം സൃഷ്ടിക്കുന്നു. പല വീഡിയോകളും വൈറൽ ആകുന്നതിനുവേണ്ടി നിർമ്മിക്കുന്നതാണ്. പക്ഷേ അത് വളരെ പേരെ സ്വാധീനിക്കുന്നുണ്ട്. പലരും അപകടകരമായ നിലയിൽ വീഡിയോ എടുക്കുന്നു. കുട്ടികളും കൗമാരക്കാരും അവ അനുകരിക്കുവാൻ ശ്രമിക്കുന്നു.

## മലങ്കര മാപ്പ് വെബ്സൈറ്റ്




*കേരളത്തിലുള്ള മലങ്കര സുറിയാനി കത്തോലിക്കാസഭയിലെ ഭദ്രാസനങ്ങളും വൈദികജില്ലയും തിരിച്ചുള്ള ഇടവകപള്ളികളുടെയും മിഷൻ കേന്ദ്രങ്ങളുടെയും റൂട്ട് മാപ്പിന്റെ വെബ്സൈറ്റ് ജനുവരി 2 ന് പട്ടം സെന്റ് മേരീസ് സ്കൂൾ ഓഡിറ്റോറിയത്തിൽ വച്ച് മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമീസ് കാതോലിക്കാബാവാ ഉദ്ഘാടനം ചെയ്തു. തിരുവല്ല അതിഭദ്രാസനത്തിലെ ചുങ്കപ്പാറ ഇടവകാംഗമായ ആഞ്ചലോ ജോൺസ് ആലുംമൂട്ടിൽ അഞ്ചുവർഷം കൊണ്ടാണ് വെബ്സൈറ്റ് തയ്യാറാക്കിയത്.*

ഓൺലൈൻ മാധ്യമങ്ങളിൽ ലൈംഗികതയുമായി ബന്ധപ്പെട്ട ഉള്ളടക്കം നിയന്ത്രിക്കുവാൻ സാധിക്കുകയില്ല. അവ അവിശ്വസ്തതമായ ലൈംഗിക പെരുമാറ്റങ്ങളെ പ്രോത്സാഹിപ്പിക്കുന്നു. കുട്ടികളും മുതിർന്നവരും കാണുന്ന റീൽസുകളിൽ ലൈംഗികതയുടെ അതിപ്രസരം ഉണ്ട്. അവയെല്ലാം സമൂഹത്തിൽ വളരെ വലിയ പ്രത്യാഘാതങ്ങളാണ് ഏൽപിക്കുന്നത്. വികലമായ ലൈംഗിക അറിവുകളും പെരുമാറ്റങ്ങളും ഉണ്ടാകുന്നു.

### വൈകാരിക തലത്തിലുള്ള ആഘാതങ്ങൾ വിഷാദവും ഉത്കണ്ഠയും

സോഷ്യൽ മീഡിയ ഉപയോഗിക്കുന്ന കുട്ടികളിൽ ഉത്കണ്ഠ അനുഭവപ്പെടുവാനുള്ള സാധ്യത കൂടുതലാണെന്ന് പഠനങ്ങൾ പറയുന്നു. സോഷ്യൽ മീഡിയ ഉപയോഗിക്കാത്ത കുട്ടികളെക്കാൾ സോഷ്യൽ മീഡിയ ഉപയോഗിക്കുന്ന കുട്ടികൾക്കാണ് ഉത്കണ്ഠ കൂടുതൽ. സോഷ്യൽ മീഡിയ പ്ലാറ്റുഫോമുകൾ ആസക്തി ഉളവാക്കുന്ന രീതിയിലാണ് രൂപകല്പന ചെയ്തിരിക്കുന്നത്. ഇത് തലച്ചോറിൽ ഡോപ്പമൈൻ റിലീസിന് കാരണമാകുന്നു. സോഷ്യൽ മീഡിയായുടെ ഉപയോഗം തലച്ചോറിലെ പ്രവർത്തനങ്ങൾക്കുതന്നെ മാറ്റം ഉണ്ടാക്കുന്നു. പഠനമായും വികാരങ്ങളുമായും ബന്ധപ്പെട്ട തലച്ചോറിന്റെ ഭാഗങ്ങളിൽ മാറ്റം സംഭവിക്കുന്നു.

### സൈബർ ബുള്ളിങ്

മറ്റൊരാളെക്കുറിച്ചുള്ള നെഗറ്റീവ്, ഹാനികരമായ ഉള്ളടക്കം പോസ്റ്റു ചെയ്യുന്നതും, പങ്കിടുന്നതും, അയയ്ക്കുന്നതും സൈബർ ഭീഷണിയിൽ പെടുന്നു. നാണക്കേടും അപമാനവും ഉണ്ടാക്കുന്ന മറ്റൊരാളെ കുറിച്ചുള്ള വ്യക്തിപരവും സ്വകാര്യവുമായ വിവരങ്ങൾ പങ്കിടുന്നത് ഇതിൽപ്പെടുന്നു. ചില സൈബർ ഭീഷണികൾ നിയമപരവും ക്രിമിനൽ സ്വഭാവമുള്ളതുമാണ്. പലപ്പോഴും ഇതൊന്നും മനസ്സിലാക്കാതെ ഉള്ളടക്കങ്ങൾ പങ്കുവയ്ക്കുകയും ചെയ്യുന്നു. പലരും സൈബർ കുറ്റകൃത്യങ്ങൾ ചെയ്യുന്നവരാകുന്നു.

### ഭയവും ഉത്കണ്ഠയും

മറ്റുള്ളവർ ചെയ്യുന്നതിനെപറ്റിയുള്ള പോസ്റ്റുകൾ കാണുന്നത് ചിലർക്ക് ഒഴിവാക്കലിന്റെയും ഉത്കണ്ഠയുടെയും വികാരങ്ങൾക്ക് ഇടവരുത്തും. താനില്ലാത്ത ഫോട്ടോ കൂട്ടുകാർ പങ്കുവയ്ക്കുമ്പോൾ അവർ എന്നെ ഒഴിവാക്കി എന്ന ചിന്ത രൂപപ്പെടും. അവരോടുള്ള ബന്ധത്തിൽ പുറകോട്ടുപോകാനും കാരണമാകും. തനിക്ക് ഇതുപോലെ ചെയ്യുവാൻ സാധിക്കുന്നില്ലല്ലോ എന്നിങ്ങനെ സ്വയം താഴ്ത്തികെട്ടി വിലയിരുത്തുന്നതിന് കാരണമാകാം. മറ്റുള്ളവർ സന്തോഷിക്കുന്നതു കാണുമ്പോൾ അസൂയ തോന്നും. ഫോൺ നിരന്തരം പരിശോധിച്ച് ഉത്കണ്ഠാകുലരാ

www.malankaralibrary.com



കുന്നു. ആരെങ്കിലും സന്ദേശങ്ങൾ അയച്ചോ എന്നിങ്ങനെയുള്ള ചിന്തകൾ അസ്വസ്ഥപ്പെടുത്തും. നിങ്ങളുടെ ജീവിതം പരമാവധി പ്രയോജനപ്പെടുത്തുന്നില്ല എന്ന തോന്നൽ, നിങ്ങൾ മറ്റുള്ളവരെക്കാൾ താന്നവരാണെന്ന തോന്നൽ എന്നിവ നിരന്തരമുള്ള സോഷ്യൽ മീഡിയ ഉപയോഗത്തിലൂടെ ഉണ്ടാകുന്നു.

## ഏകാന്തതയും ഒറ്റപ്പെടലും

ഇന്റർനെറ്റിന്റെ ലോകത്തു കൂടുതൽ സമയം ചെലവഴിക്കുന്നവർ സമൂഹത്തിൽ നിന്ന് പതിയെ പതുയെ അകലുന്നു. മനുഷ്യർക്ക് പരസ്പരബന്ധങ്ങളുടെ ആവശ്യം തോന്നുന്നതും തങ്ങളെക്കാൾ മഹത്തായ ഒന്നിൽ ഉൾപ്പെടാൻ ആഗ്രഹിക്കുന്നതും സ്വാഭാവികമാണ്. ഇത്തരം ബന്ധങ്ങളുടെ അഭാവം ആളുകൾക്ക് അനുഭവപ്പെടുമ്പോൾ അത് വൈകാരികവും ശാരീരികവുമായ ക്ലേശങ്ങൾക്ക് കാരണമാകും. ഇന്റർനെറ്റ് ലോകത്ത് കൂടുതൽ സമയം ചെലവഴിക്കുന്ന വ്യക്തി മനുഷ്യരുമായുള്ള ബന്ധം കുറയ്ക്കുകയും ചെയ്യുന്നതിലൂടെ ഉൾവലിയുന്നവരാകുന്നു. മറ്റുള്ളവരുമായി സംവദിക്കുവാനുള്ള ആത്മധൈര്യം കുറയുന്നു. ആളുകളെ കാണുമ്പോൾ മാറിപോകുന്നു. അങ്ങനെയുള്ള അവസരങ്ങൾ ഒഴിവാക്കുകയും ചെയ്യുന്നു.

## കുടുംബബന്ധങ്ങളിൽ തകർച്ച

കുടുംബബന്ധങ്ങളിൽ ഇന്റർനെറ്റിന്റെ ഉപയോഗം വിള്ളലുകൾ ഉണ്ടാക്കുന്നു. സോഷ്യൽ മീഡിയായിലൂടെ പരിചയപ്പെടുകയും പിന്നീട് പല അധാർമ്മിക ബന്ധങ്ങളിലേയ്ക്കു കടക്കുകയും ചെയ്യുന്ന സംഭവങ്ങൾ നാം കേൾക്കുകയും കാണുകയും ചെയ്യാറുണ്ടല്ലോ. വീഡിയോ കോളുകളും ചാറ്റിങ്ങുകളും വഴി ദാമ്പത്യജീവിതത്തിൽ അവിശ്വസ്തതകൾ വരെ സംഭവിക്കുന്നു. അടുത്ത നാളുകളായി കൗൺസിലിംഗിനു വരുന്ന ദമ്പതികൾ പരസ്പരം ആരോപിക്കുന്നതായി കാണുന്നത് ഇത്തരത്തിലുള്ള അവിശ്വസ്തതകളാണ്. വീടുകളിലെ വിരസസമയങ്ങൾ ഇന്റർനെറ്റിനെ ആശ്രയിക്കുന്ന വ്യക്തികൾ അവിടെയുള്ള സന്തോഷങ്ങളിൽ മുഴുകി സമയം ചെലവഴിക്കുന്നു. പലരും മടിപിടിച്ചവരാകുന്നു. വീടുകളിലെ സോഷ്യൽ മീഡിയ പ്ലാറ്റുഫോമുകളുടെ അമിത ഉപയോഗം പരസ്പരം നേരിട്ട് സംസാരിക്കുന്ന സമയം കുറയ്ക്കുന്നു. കുടുംബത്തിൽ മാതാപിതാക്കളും മക്കളും തമ്മിൽ, ദമ്പതികൾ തമ്മിൽ പരസ്പരം വഴക്കുകൾ സ്മാർട്ട് ഫോണുകളുടെ ഉപയോഗത്തിന്റെ പേരിൽ ഉണ്ടാകാറുണ്ട്.

ഇന്റർനെറ്റും നവമാധ്യമങ്ങളും മനുഷ്യന് ഒരു കൈപോലെ സഹായകരമാണ് എന്നതിൽ സംശയമില്ല. ഒരു ലക്ഷ്യവും ഉത്തരവാദിത്വവും ഇല്ലാതെ വിനോദങ്ങൾക്കുവേണ്ടി അവ ഉപയോഗിക്കുന്നതു വഴി അവ ദോഷകരമായി തീരാറുണ്ട്. മനുഷ്യന്റെ വളർച്ചയ്ക്കുവേണ്ടി ഇവ ഉപയോഗിക്കുമ്പോഴാണ് നാം എല്ലാവരും ലോകത്തിന്റെയും വ്യക്തികളുടെയും വളർച്ചയിൽ പങ്കാളികളാകുന്നത്.

* Fr. Tijo Pathalil, HOD, Department of Psychology
Mar Gregorios College of Arts and Science Punnapra

## എം.സി.എ. 2025 – 2027 വർഷത്തെ അതിഭദ്രാസന ഭാരവാഹികൾ



റവ. ഫാ. മത്തായി മണ്ണൂർ വടക്കേതിൽ
*ആത്മീയ ഉപദേഷ്ടാവ്*



ബിജു പാലത്തിങ്കൽ
*(നിരണം മേഖല)*
പ്രസിഡന്റ്




ജസ്റ്റിൻ ജോൺ
*(കോട്ടയം മേഖല)*
ജനറൽ സെക്രട്ടറി




റോയി മധുരത്തിൽ
*(കുമിളി മേഖല)*
സെക്രട്ടറി




എലിസബത്ത് ടോണി
*(മല്ലപ്പള്ളി മേഖല)*
വൈസ് പ്രസിഡന്റ്



സജി ജോൺ
*(വെണ്ണിക്കുളം മേഖല)*
വൈസ് പ്രസിഡന്റ്



റ്റി.എസ്. ജോർജ്
*(റാന്നി മേഖല)*
വൈസ് പ്രസിഡന്റ്



ഷാജി ചാണ്ടി
*(എരുമേലി മേഖല)*
ട്രഷറർ



പുഷ്പ നൈനാൻ
*(തിരുവല്ല മേഖല)*
എക്സിക്യൂട്ടീവ് മെമ്പർ



ജോജി വി. ചെറി
*(നിരണം മേഖല)*
എക്സിക്യൂട്ടീവ് മെമ്പർ



റോബിൻ മാത്യു
*(റാന്നി മേഖല)*
എക്സിക്യൂട്ടീവ് മെമ്പർ

www.malankaralibrary.com



# തണൽ വിരിച്ച ഒരു ജീവിതം

**1965** ഫെബ്രുവരി 5 ന് ചെങ്ങന്നൂരിനടുത്തുള്ള കല്ലിശ്ശേരി എന്ന ഗ്രാമത്തിൽ, അമ്പലവേലിൽ വറുഗീസ്-അന്നമ്മ ദമ്പതികളുടെ രണ്ടാമത്തെ മകനായി ഷിബു ജനിച്ചു. മാതാപിതാക്കളുടെ ദൈവഭക്തിയും ദൈവാശ്രയവും കണ്ട് അനുഭവിച്ച് വളർന്ന ബാലനായ ഷിബു മതബോധനത്തിലെ സജീവമായ പങ്കാളിത്തവും ദൈവാലയ ശുശ്രൂഷകളും യുവജനപ്രസ്ഥാനത്തിലെ സഹയാത്രകളും വിശ്വാസത്തെക്കുറിച്ചുള്ള തന്റെ ഗ്രാഹ്യത്തെ ആഴത്തിലാക്കുക മാത്രമല്ല സേവനാധിഷ്ഠിതമായ സമീപനം ജീവിതത്തിൽ രൂപപ്പെടുത്തുന്നതിനും അദ്ദേഹത്തെ സഹായിച്ചു. 1980 ൽ യുവജനപ്രസ്ഥാനം യുവദീപം - കല്ലിശ്ശേരി യൂണിറ്റിന്റെ പ്രഥമ പ്രസിഡന്റായി. തുടർന്ന് യുവദീപം എം.സി.വൈ.എം. ആയി രൂപാന്തരപ്പെട്ടപ്പോൾ എം.സി.വൈ.എം. കല്ലിശ്ശേരി യൂണിറ്റിന്റെ ആദ്യ പ്രസിഡന്റായി.

1986 ൽ, യുണൈറ്റഡ് അറബ് എമിറേറ്റ്സിലേക്ക് വരുവാനുള്ള തീരുമാനം അദ്ദേഹത്തിന്റെ ജീവിതത്തിൽ ഒരു പുതിയ അധ്യായത്തിന് തുടക്കംകുറിച്ചു. പൂർവിക സമ്പത്തോ കുടുംബപാരമ്പര്യമോ അധികം സുഹൃദ്ബന്ധങ്ങളോ ഇല്ലായിരുന്നെങ്കിലും, ദൃഢനിശ്ചയവും ആത്മവിശ്വാസവും കൈമുതലാക്കി, ദൈവവിശ്വാസത്തിൽ ആശ്രയിച്ച് വിജയകരമായ ഒരു ബിസിനസുകാരനാകാനുള്ള സ്വപ്നങ്ങൾ മനസ്സിൽപേറി 1993 ൽ ദുബായിൽ എയർകോൺ സർവ്വീസസ് എൽ.എൽ.സി എന്ന സ്ഥാപനം ആരംഭിച്ചു. എളിയ തുടക്കം. അതിവേഗം വികസിച്ചുകൊണ്ടിരിക്കുന്ന യു.എ.ഇ. യിലെ വ്യവസായ സാധ്യതകളെ കണ്ടെത്തി ബിസിനസ്സ് വിവിധ മേഖലകളിലേക്ക് വ്യാപിപ്പിക്കുന്നു.

"സത്യമായി ഞാൻ നിങ്ങളോട് പറയുന്നു. എന്റെ ഏറ്റവും എളിയ ഈ സഹോദരന്മാരിൽ ഒരുവന് നിങ്ങൾ ഇത് ചെയ്തുകൊടുത്തപ്പോൾ എനിക്ക് തന്നെയാണ് അത് ചെയ്തു തന്നത്" (മത്തായി 25:40). എളിയ രീതിയിൽ ആരംഭിച്ച തന്റെ സംരംഭം വളർച്ചയുടെ പടവുകൾ പിന്നിടുമ്പോഴും തനിക്കുള്ളതെല്ലാം തന്നെ നടത്തിയ ദൈവത്തിന്റെ ദാനമാണ് എന്ന് വലിയ ഉൾബോധ്യത്തിൽ മറ്റുള്ളവരുടെ ആവശ്യങ്ങളെ ദയയോടും സഹാനുഭൂതിയോടും ഔദാര്യമനസ്സോടും നോക്കിക്കണ്ട് അവരുടെ ജീവിതങ്ങളിലെ പരിവർത്തന ശക്തിയായ സാക്ഷ്യമാണ് അദ്ദേഹത്തിന്റെ ജീവിതയാത്രയും മൂല്യങ്ങളും.

മാതൃസഭയുടെ വിവിധങ്ങളായ മേഖലകളിലും കർമ്മപരിപാടികളിലും സാധ്യമായ സഹായങ്ങൾ നൽകുന്നതിൽ സദാസന്നദ്ധനാണ്. മിഷൻ പ്രവർത്തനങ്ങളുടെ ഭാഗമായി ഉത്തരേന്ത്യയിലും കേരളത്തിലും നിരവധി ദൈവാലയങ്ങളുടെ നിർമ്മാണത്തിൽ അദ്ദേഹം പ്രധാന പങ്ക് വഹിച്ചിട്ടുണ്ട്. നിരവധി സെമിനാരി വിദ്യാർത്ഥികലുടെ പഠനസഹായത്തോടൊപ്പം വൈദികരുടെ ഉപരിപഠന ചിലവുകൾ

www.malankaralibrary.com



വഹിക്കുകയും ചെയ്തുകൊണ്ട് വരും തലമുറയിലെ ആത്മീയ നേതാക്കളെ വളർത്തിയെടുക്കുന്നതിൽ ശ്രദ്ധേയമായ പങ്കുവഹിക്കുന്നു.

ഭവന നിർമ്മാണ മേഖലയിലെ ഷിബുവിന്റെ സംഭാവനകൾ അനേകർക്ക് ആശ്രയവും പ്രത്യാശയുമാണ്. സഭയിലെമ്പാടും നിരവധി ഭവനങ്ങളുടെ നിർമ്മാണത്തിൽ ശ്രദ്ധേയമായ പങ്കുവഹിച്ചുവരുന്നു. പ്രത്യേകമായി ഷാർജ മലങ്കര സമൂഹത്തിന്റെ ആഭിമുഖ്യത്തിൽ പണികഴിപ്പിച്ച മാർ ഈവാനിയോസ് ഭവന പദ്ധതിയുടെ നിർമ്മാണത്തിൽ ഗണ്യമായി സംഭാവന നൽകുകയും ഭവനങ്ങളുടെ നിർമ്മാണത്തിന് മേൽനോട്ടം വഹിക്കുകയും ചെയ്തു.

വിദ്യാഭ്യാസത്തോടുള്ള അദ്ദേഹത്തിന്റെ പ്രതിബദ്ധത അചഞ്ചലമാണ്. കിന്റർഗാർട്ടൻ മുതൽ ബിരുദാനന്തര ബിരുദം വരെയുള്ള വിദ്യാഭ്യാസത്തിന്റെ വിവിധ ഘട്ടങ്ങളിൽ നിരവധി വിദ്യാർത്ഥികൾക്ക് സാമ്പത്തിക സഹായം നൽകിക്കൊണ്ട് അവരുടെ സ്വപ്നങ്ങളും അഭിലാഷങ്ങളും പൂവണിയാൻ അവരെ പ്രാപ്തരാക്കുന്നു. യുഎഇ യിൽ സീനിയർ ഹയർസെക്കൻഡറി വിഭാഗത്തിൽ ഉന്നതവിജയം കരസ്ഥമാക്കുന്ന സഭയിലെ കുട്ടികളെ ആദരിക്കുവാൻ അദ്ദേഹം പ്രത്യേകമായി താൽപ്പര്യം നൽകി വരുന്നു.

ഷിബു വളരെയേറെ ശ്രദ്ധ പതിപ്പിക്കുന്ന മറ്റൊരു മേഖലയാണ് ചികിത്സാസഹായ പദ്ധതികൾ. രോഗികൾക്കും ദുരിതമനുഭവിക്കുന്നവർക്കും, തണൽമരമായി, അവരുടെ ചികിത്സാ ആവശ്യങ്ങൾ നിറവേറ്റുന്നതിനുള്ള സാമ്പത്തിക സഹായവും കരുതലും നൽകി വരുന്നു.

സഭയിലെ വിനീതനായ ശുശ്രൂഷകൾ - സംരംഭകൻ - സമൂഹ വികസനോന്മുഖൻ - മനുഷ്യസ്നേഹി - ആദിയായ നിരവധി വിശേഷണങ്ങൾ. ഷാർജ ഇടവകയിലും പ്രത്യേകിച്ച് മലങ്കര സമൂഹത്തിലും കഴിഞ്ഞ 35 വർഷമായി നിറസാന്നിധ്യമാണ്. കേന്ദ്ര സമിതിയുടെ ജനറൽ സെക്രട്ടറിയായി സേവനം അനുഷ്ഠിച്ചിട്ടുണ്ട്. 2024 ൽ യുഎഇ മലങ്കര കൗൺസിലിൽ എക്സിക്യൂട്ടീവ് സമിതിയിലേക്ക് നോമിനിയായി അത്യഭിവന്ദ്യ ബസേലിയോസ് ക്ലീമീസ് കാതോലിക്കാബാവ നിയമിച്ചത് അദ്ദേഹത്തിന്റെ നേതൃത്വ പാടവത്തിന്റെയും സഭാ സേവനത്തോടുള്ള ആത്മാർത്ഥമായ പ്രവർത്തനങ്ങൾക്കുള്ള അംഗീകാരവുമാണ്. ബോധന ഉപദേശക സമിതിയുടെ വൈസ് പ്രസിഡന്റായും അദ്ദേഹം അടുത്തിടെ തിരഞ്ഞെടുക്കപ്പെട്ടിരുന്നു.

ഒരു സംരംഭകൻ എന്ന നിലയിലുള്ള തിരക്കുകളുടെയും ഉത്തരവാദിത്വങ്ങളുടെയും ഇടയിലും സാമൂഹിക സേവനവും സഹജീവികളോടുള്ള പ്രതിബദ്ധതയും, ആഴത്തിലുള്ള വ്യക്തിബന്ധങ്ങളും കാത്തുസൂക്ഷിക്കുന്നതിൽ അദ്ദേഹം പ്രതിജ്ഞാബദ്ധനാണ്. യുഎഇ യിലെ ചെങ്ങന്നൂർ അസോസിയേഷൻ പ്രസിഡന്റായി 6 വർഷം നിസ്തുലമായ സേവനം നൽകി. ഇപ്പോൾ ചെങ്ങന്നൂർ ക്രിസ്ത്യൻ കോളേജ് അലൂമിനി യുഎഇ ചാപ്റ്റർ പ്രസിഡന്റായി സേവനം അനുഷ്ഠിക്കുന്നു. കരുണ പെയിൻ ആൻഡ് പാലിയേറ്റീവ് കെയർ സൊസൈറ്റി, കല്ലിശ്ശേരി യൂണിറ്റ് രക്ഷാധികാരി കൂടിയാണ് അദ്ദേഹം. സൊസൈറ്റിയുടെ നേതൃത്വത്തിൽ നൽകപ്പെടുന്ന ഭവനങ്ങൾ നിർമ്മിക്കുന്നതിലും നിർമ്മാണച്ചിലവുകൾക്കും ഗണ്യമായി സഹായിക്കുകയും നേതൃത്വവും നൽകി വരുന്നു. കഴിഞ്ഞ രണ്ടു പതിറ്റാണ്ടുകളായി സാമൂഹിക-ജീവകാരുണ്യ-സ്വാന്തന മേഖലകളിലെ നിസ്വാർത്ഥവും നിസ്തുലവുമായ മഹത്വപൂർണ്ണവു





www.malankaralibrary.com

മായ സേവനങ്ങൾക്കും മാനവികതയുടെ ഉന്നമനത്തിനായുള്ള സമർപ്പണത്തിന്റെ അംഗീകാരമായും യുഎസ്എ ആസ്ഥാനമായുള്ള ഗ്ലോബൽ ഹ്യൂമൻ പീസ് യൂണിവേഴ്സിറ്റി ഷിബുവിന് സോഷ്യൽ വർക്കിൽ ഓണററി ഡോക്ടറേറ്റ് നൽകി ആദരിച്ചു.

പാർപ്പിടം, വിദ്യാഭ്യാസം, മെച്ചപ്പെട്ട ആരോഗ്യപരിരക്ഷ, സാമൂഹിക സമത്വം തുടങ്ങിയ അടിസ്ഥാനപരമായ ആവശ്യങ്ങൾ എല്ലാവർക്കും ലഭ്യമാക്കണമെന്നും കൂടുതൽ മെച്ചപ്പെട്ടതും വ്യത്യസ്തവുമായ ഒരു ലോകത്തിനായുള്ള അദ്ദേഹത്തിന്റെ തുറന്ന കാഴ്ചപ്പാട്, ഈ ലക്ഷ്യത്തിനുവേണ്ടി അശ്രാന്തമായി പ്രവർത്തിക്കാൻ അദ്ദേഹത്തെ പ്രേരിപ്പിച്ചു.

ഷിബുവിന്റെ ജീവിതം, പ്രതികൂലസാഹചര്യങ്ങളുടെ നടുവിൽ നിന്ന് സമാനതകളില്ലാത്ത വിജയത്തിലേക്ക് നടന്നുകയറിയത് സ്വപ്രയത്നത്താലും നിശ്ചയദാർഢ്യത്താലും ആഴത്തിലും ഉറച്ചതുമായ ദൈവാശ്രയബോധ്യത്തിൽ ഊന്നി നിന്നായിരുന്നു. തന്റെ സ്വപ്നങ്ങളെ പിന്തുടരാൻ ധൈര്യമുള്ള ഏതു സാധാരണ മനുഷ്യനും വിജയം സാധ്യമാകും എന്നുള്ള ശക്തമായ സന്ദേശവും ഓർമ്മപ്പെടുത്തലുമാണ്. വിജയത്തിന്റെ പടവുകൾ ഓരോന്നും ചവിട്ടി കയറുമ്പോഴും ഈ വിജയങ്ങൾ ലോകത്തിനോടുള്ള നമ്മുടെ കടപ്പാടുകളും ഉത്തരവാദിത്വങ്ങളും വർധിപ്പിക്കുന്നതാണെന്നും തങ്ങളുടെ സൗഭാഗ്യങ്ങളും സന്തോഷങ്ങളും മറ്റുള്ളവർക്ക് പങ്കുവച്ചു നല്കപ്പെടേണ്ടതാണെന്നുള്ള മഹത്തായ ഉൾബോധ്യം ഷിബുവിനെപ്പോലെ വളരെ കുറച്ചുപേരിൽ മാത്രമായി ഒതുങ്ങി നിൽക്കുന്നു എന്നുള്ളതും വസ്തുതയാണ്.

ഈ തിരക്കുകൾക്കിടയിലും കുടുംബത്തിനോടൊപ്പം കഴിയുവാൻ എപ്പോഴും അദ്ദേഹം സമയം കണ്ടെത്തുന്നു. യുവജനപ്രസ്ഥാനത്തിലൂടെ പരിചയപ്പെടുകയും പിന്നീട് ജീവിതപങ്കാളിയുമായ ആഷ, ഇവർക്ക് ഡോ. ആഷ്‌ലി, ആൻ മേരി (എയ്റോനോട്ടിക്കൽ എഞ്ചിനീയർ), അലൻ ജൂഡ് (മെക്കാനിക്കൽ എഞ്ചിനീയർ & സിഇഒ - Aircon) എന്നീ മക്കളും ഡോ. ജോജൻ രാജു മരുമകനുമാണ്. 60-ന്റെ പൂർണതയിലേയ്ക്ക് പ്രവേശിക്കുന്ന ഷിബു അമ്പലവേലിന് പ്രാർത്ഥനാശംസകൾ

●

## അംഗീകാരം



*2023 കേരള സംസ്ഥാന ചലച്ചിത്ര അക്കാഡമിയുടെ ടെലിവിഷൻ പുരസ്കാരത്തിൽ മികച്ച അവതാരകനുള്ള പ്രത്യേക ജൂറി പരാമർശം നേടിയ **ജീവേശ് വർഗീസ്.** മുൻ ബാലദീപം രൂപത പ്രസിഡന്റായിരുന്നു. തിരുവല്ല അതിഭദ്രാസനത്തിലെ ഇരവിപേരൂർ സെന്റ് ആൻസ് ഇടവകാംഗമാണ്.*

## റാങ്ക് കരസ്ഥമാക്കി



*തിരുവല്ല മാക്ഫാസ്റ്റ് കോളേജ് വിദ്യാർത്ഥിനിയായ **ബൃന്ദ ട്രീസ ബിജു** എം.ജി. യൂണിവേഴ്സിറ്റിയിൽനിന്ന് MCA യ്ക്ക് 5-ാം റാങ്ക് കരസ്ഥമാക്കി. തിരുവല്ല അതിഭദ്രാസനത്തിലെ കത്തീഡ്രൽ ഇടവകാംഗമാണ്. ആശംസകൾ.*

## അംഗീകാരം



*ഇന്ത്യൻ ദന്തൽ അസോസിയേഷൻ ദേശീയ ഘടകത്തിന്റെ മികച്ച ജേർണലിനുള്ളദേശീയ അവാർഡ് നേടിയ ഐഡിഎ തിരുവല്ല ബ്രാഞ്ച് എഡിറ്റർ **ഡോ. പ്രമീത ജോർജ് ഇട്ടിച്ചെറിയ**. പുഷ്പഗിരി കോളജ് ഓഫ് ദന്തൽ സയൻസിൽ അസിസ്റ്റന്റ് പ്രൊഫസറാണ്. തിരുവല്ല അതിഭദ്രാസനത്തിൽ ഇരവിപേരൂർ സെന്റ് ആൻസ് ഇടവകാംഗമാണ്. ആശംസകൾ.*

www.malankaralibrary.com

# മേളം എന്റെ ജീവന്റെ താളം

'മേളം എന്റെ ജീവന്റെ താളം' എന്ന ആപ്തവാക്യവും പുസ്തകവും മലയാളികൾക്ക് സുപരിചിതമാണ്. നിരാലംബർക്കും രോഗികൾക്കും അതിജീവനത്തിന്റെ താളമേളമായി പത്മശ്രീ ഡോ. കുര്യൻ ജോൺ മേളാംപറമ്പിൽ തന്റെ സാമൂഹ്യക്ഷേമപ്രവർത്തനങ്ങൾ ഒരു ലക്ഷത്തി അറുപത്തിമൂവായിരത്തിലധികം സാധുരോഗികൾക്ക് ചികിത്സാസഹായവും അഞ്ഞൂറിലധികം സ്കൂളുകളിൽ ക്യാൻസർ ബോധവൽക്കരണ പ്രോഗ്രാമുകളും 15 ലക്ഷത്തിലധികം സൗജന്യ ഉച്ചഭക്ഷണ വിതരണവും ഇതിനോടകം പൂർത്തിയാക്കി കഴിഞ്ഞിരിക്കുന്നു.

കുര്യൻ ജോൺ മേളാംപറമ്പിൽ കേരളത്തിൽ നിന്നുള്ള വ്യവസായിയും എഴുത്തുകാരനും അതോടൊപ്പം ഒരു മനുഷ്യസ്നേഹിയുമാണ്. മേളം ഗ്രൂപ്പ് ഓഫ് കമ്പനീസിന്റെയും മേളം ഫൗണ്ടേഷന്റെയും സ്ഥാപകനും പ്രമോട്ടറുമാണ്. 1954 മെയ് 14 ന് തിരുവല്ലയിലെ പരമ്പരാഗത വ്യവസായ കുടുംബമായ മേളാംപറമ്പിൽ ജോൺ-ലീലാമ്മ ദമ്പതികളുടെ രണ്ടാമത്തെ മകനായി ജനനം. തിരുവല്ല എം.ജി.എം. ഹൈസ്കൂളിൽ സ്കൂൾ വിദ്യാഭ്യാസവും മാർത്തോമ്മാ കോളേജിൽ പ്രീഡിഗ്രിയും തിരുവനന്തപുരം മാർ ഈവാനിയോസ് കോളേജിൽനിന്ന് ബിരുദവും ബിരുദാനന്തരബിരുദവും കരസ്ഥമാക്കി. തുടർന്ന്



www.malankaralibrary.com



ഇൻഡോർ സ്കൂൾ ഓഫ് സോഷ്യൽ വർക്കിലേക്ക് മാറുകയും 1978 ൽ MSW പഠനം പൂർത്തീകരിച്ചു. ബിരുദാനന്തര ബിരുദ പഠനത്തിനുശേഷമാണ് അദ്ദേഹം മലയാളത്തിലെ ഏറ്റവും വലിയ ദിനപത്രമായ മലയാള മനോരമയുടെ കൊച്ചി യൂണിറ്റിൽ പേഴ്സണൽ & അഡ്മിനിസ്ട്രേഷൻ വിഭാഗം മേധാവിയായി ജോലിയിൽ പ്രവേശിച്ചത്.

മനോരമയിലെ ഉന്നതപദവി രാജിവച്ചുകൊണ്ടാണ് കുര്യൻ ജോൺ കാരുണ്യപ്രവർത്തനങ്ങൾക്ക് തുടക്കമിട്ടത് എന്നത് ശ്രദ്ധേയമാണ്. അദ്ദേഹത്തിന്റെ ആഗ്രഹം, പ്രാർത്ഥന, ആസൂത്രണം ഇവയുടെ ഫലമായി 1992 ൽ എം.വി.ജെ. ഫുഡ്സ് എന്ന വ്യവസായ സംരംഭം ആരംഭിച്ചു. ഇന്ന് പ്രശസ്തമായ മേളം ബ്രാൻഡിന്റെ തുടക്കം അതായിരുന്നു. എല്ലാത്തിന്റെയും പിന്നിൽ കാരുണ്യപ്രവർത്തനം എന്ന ബൃഹത്തായ സ്വപ്നം പ്രചോദനമായി നിലകൊണ്ടു. ആ പ്രചോദനമാണ് ബിസിനസ്സിലേക്ക് അദ്ദേഹത്തെ തിരിച്ചത്. തന്റെ സംരംഭത്തിൽ നിന്ന് ലഭിക്കുന്ന ലാഭത്തിന്റെ നല്ലൊരു വിഹിതം അദ്ദേഹം സമൂഹത്തിലെ അശരണർക്കായി പങ്കുവയ്ക്കുന്നു.

“മേളം” എന്ന വ്യവസായ സംരംഭത്തിന്റെ ഉദ്ദേശം കാരുണ്യപ്രവർത്തനങ്ങൾക്ക് ആവശ്യമായ ധനം സമാഹരിക്കുക എന്നതായിരുന്നു. ഉപഗ്രഹങ്ങളെ അവയുടെ ഭ്രമണപഥത്തിലെത്തിക്കുക എന്നതാണ് റോക്കറ്റുകളുടെ ദൗത്യം. ഇതുപോലെ മേളം ഫൗണ്ടേഷനെ കാരുണ്യപ്രവർത്തനങ്ങളുടെ ഭ്രമണപഥത്തിലെത്തിക്കുക എന്നതായിരുന്നു അദ്ദേഹത്തിന്റെ വ്യവസായശൃംഖലയുടെ ദൗത്യം.

2010 ലെ മികച്ച സാമൂഹ്യ സേവനത്തിന് ഭാരത സർക്കാരിന്റെ പത്മശ്രീ പുരസ്കാരവും മികച്ച വ്യവസായ സംരംഭകനുള്ള കേന്ദ്രഗവൺമെന്റിന്റെ ദേശീയ അംഗീകാരവും മറ്റ് ഒട്ടനവധി അംഗീകാരങ്ങളും അദ്ദേഹത്തിന് ലഭിച്ചിട്ടുണ്ട്. മേളം എന്റെ ജീവന്റെ താളം, യേശു എന്റെ വഴികാട്ടി, Zero To Zeneth എന്നിവയാണ് അദ്ദേഹത്തിന്റെ പ്രധാന കൃതികൾ. അദ്ദേഹത്തിന്റെ പ്രഭാഷണങ്ങളുടെ ഒരു സമാഹാരമാണ് ആടുന്ന കൊമ്പിലെ പാടുന്ന പക്ഷി.


39 വർഷങ്ങൾ പിന്നിടുന്ന കാരുണ്യപ്രവർത്തനങ്ങൾക്കും വ്യവസായസംരംഭങ്ങൾക്കും മനുഷ്യസ്നേഹിയായ കുര്യൻ ജോൺ മേളാംപറമ്പിലിന് ഒപ്പം ഭാര്യ സുജാതയും മക്കളായ ദിവ്യയും ധന്യയും ചേർന്ന് നിന്ന് ബലം നല്കുന്നു. ●

## ഉപകാരസ്മരണ

### പരിശുദ്ധാത്മാവിനോടുള്ള പ്രാർത്ഥന

പരിശുദ്ധാത്മാവേ, എനിക്ക് എല്ലാം വെളിപ്പെടുത്തുകയും എനിക്കു വഴികാണിച്ചുതരുകയും എന്നോട് മറ്റുള്ളവർ ചെയ്യുന്നതെല്ലാം ക്ഷമിക്കുവാനും മറക്കുവാനും കഴിവുതരുന്ന ദൈവികദാനം തരികയും എന്റെ ജീവിതത്തിൽ എന്റെ എല്ലാ ചിന്തകളിലും ഉള്ളവനുമായ അങ്ങേയ്ക്കു ഞാൻ നന്ദി പറയുന്നു. എത്ര വലിയ ഭൗതികാഗ്രഹങ്ങൾ എന്നിലുണ്ടായാലും ഒരു നിമിഷംപോലും അങ്ങയിൽനിന്ന് അകലുവാനോ വേർപിരിയുവാനോ ഞാൻ ആഗ്രഹിക്കുന്നില്ല എന്നു ഞാൻ തീർത്തുപറയുന്നു. നിത്യമഹത്വത്തിൽ അങ്ങയോടുകൂടെ ആയിരിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ദൈവഹിതത്തിന് വിധേയപ്പെട്ടുകൊണ്ട് ഞാൻ അങ്ങയോടു ചോദിക്കുന്നു...........ഈ പ്രാർത്ഥന വിശ്വാസത്തോടെ മൂന്നു ദിവസം അടുപ്പിച്ചു ചൊല്ലുക. മൂന്നു ദിവസത്തിനുശേഷം നിങ്ങളുടെ അപേക്ഷ തീർച്ചയായും സഫലീകരിക്കും. അപേക്ഷിക്കുന്നതിനു മുൻപ് താഴെപറയുന്ന രണ്ട് കാര്യങ്ങളിൽ ഒന്ന് ചെയ്തിരിക്കുമെന്ന് ഉറപ്പു നല്കുക. 1. അപേക്ഷ സാധ്യമായാൽ ഈ പ്രാർത്ഥന പ്രസിദ്ധീകരിക്കും. 2. ഈ പ്രാർത്ഥനയുടെ പകർപ്പുകൾ എത്ര അധികം ആളുകളിൽ എത്തിക്കാമോ അത്രയും അധികം ആളുകളിൽ എത്തിക്കും. ഇത് പരിശുദ്ധാത്മാവിന്റെ അത്ഭുതങ്ങൾ പ്രചരിപ്പിക്കാൻ വേണ്ടിയാണ്.

www.malankaralibrary.com



Patron
H.B. Moran Mor Baselios Cardinal Cleemis Major Archbishop-Catholicos

മലങ്കര സുറിയാനി കത്തോലിക്കാ സഭ
സിനഡൽ കമ്മീഷൻ ഫോർ ഫാമിലി

# കുടുംബവിളക്ക്

ജനുവരി 2025 ലക്കം - 1

## മുഖമൊഴി

കർത്താവിൽ പ്രിയ മക്കളെ,


[illegible]

[illegible]

നിങ്ങളുടെ പിതാവ്,
മോറാൻ മോർ ബസേലിയോസ് കർദിനാൾ ക്ലീമിസ്
മേജർ ആർച്ച് ബിഷപ്പ് കാതോലിക്കാ ബാവാ

## അനുഗ്രഹ മൊഴി

യൂഹാനോൻ മാർ തെയഡോഷ്യസ്
ഫാമിലി കമ്മീഷൻ ചെയർമാൻ



[illegible]

## വചനവർഷം കുടുംബങ്ങളിൽ

[illegible]



റവ. ഫാ. മാത്യു ...
(സെക്രട്ടറി ...)



[illegible]

Editorial Board

Patron
H.B. Moran Mor Baselios Cardinal Cleemis Major Archbishop-Catholicos
H. E. Yoohanon Mor Theodosius (Chairman, Family Commission)

Editors
Rev. Fr. Mathew Arackal (Saji) (Secretary, Family Commission)
Mr. C. D Varghese Mettuvell (Member, Family Commission)

www.malankaralibrary.com

2025

# Week of Prayer for Christian Unity



*"Do you believe this?"*

*(John 11:26)*



ഫാ. ഡാനിയേൽ ബഥേൽ

ക്രൈസ്തവ ഐക്യ പ്രാർത്ഥനാവാരം 2025

### ആമുഖം

ക്രൈസ്തവ ഐക്യപ്രാർത്ഥനാവാരം പരമ്പരാഗതമായി ജനുവരി മാസം 18 മുതൽ 25 വരെയാണ് ഉത്തര ധ്രുവത്തിൽ ആചരിക്കുന്നത്. വി. പത്രോസിന്റെയും വി. പൗലോസിന്റെയും തിരുനാളുകൾക്കിടയിലുള്ള പ്രതീകാത്മക പ്രാധാന്യമുള്ള ആ ദിനങ്ങൾ 1908 ൽ പോൾ വാട്ട്സനാണ് നിർദ്ദേശിച്ചത്. ദക്ഷിണ ധ്രുവത്തിൽ ജനുവരി മാസം മിക്കവാറും അവധിക്കാലമായതുകൊണ്ട് സഭകൾ പ്രാർത്ഥനാവാരം ആചരിക്കുന്നതിന് മറ്റ് ദിവസങ്ങൾ കണ്ടെത്തുന്നു. 1926 ലെ ഫെയ്ത് ആൻഡ് ഓർഡർ പ്രസ്ഥാനം നിർദ്ദേശിച്ചത് അനുസരിച്ച്, സാധാരണയായി പെന്തിക്കോസ്തിയോടു ചേർന്ന ദിനങ്ങൾ ഇതിനായി ഉപയോഗപ്പെടുത്തി വരുന്നു. ഇത് സഭയുടെ ഐക്യത്തിന്റെ പ്രതീകാത്മക തീയതി കൂടിയാണല്ലോ. ഇക്കാലഘട്ടം കൊണ്ട് സഭകൾ തമ്മിൽ കൈവരിച്ചിട്ടുള്ള കൂട്ടായ്മയുടെ ആഴത്തിനനുസരിച്ച് ക്രിസ്തു ആഗ്രഹിക്കുന്ന സമ്പൂർണ്ണ ഐക്യത്തിനായി ഒന്നിച്ച് പ്രാർത്ഥിക്കുന്നതിന് ഈ ആഴ്ചവട്ടം പ്രയോജനപ്പെടുത്തുന്നു.

### ക്രൈസ്തവ ഐക്യപ്രാർത്ഥനാവാര ചരിത്രം

1. 1740 – സ്കോട്ട്ലണ്ടിൽ വടക്കേ അമേരിക്കയുമായി ബന്ധമുള്ള ഒരു പന്തക്കുസ്താ പ്രസ്ഥാനം ഉണ്ടാവുന്നു. അവരുടെ പുനരുദ്ധാരണ സന്ദേശത്തിൽ അവർ എല്ലാ സഭകൾക്കും വേണ്ടി പ്രാർത്ഥിക്കുന്നു.
2. 1820 – റവ. ജയിംസ് ഹാൾഡേൻ സ്റ്റ്യുവാർട്ട് പരിശുദ്ധാത്മാവിന്റെ അഭിഷേകത്തിനായി 'ക്രൈസ്തവ ഐക്യത്തിനുള്ള സൂചനകൾ' എന്ന പുസ്തകം പ്രസിദ്ധീകരിക്കുന്നു.
3. 1840 – കത്തോലിക്കനായി മാറി. റവ. ഇഗ്നേഷ്യസ് സ്പെൻസർ യൂമിയൻ ഓഫ് പ്രയർ ഫോർ യൂണിറ്റി നിർദ്ദേശിക്കുന്നു.
4. 1867 – ആംഗ്ലിക്കൻ മെത്രാന്മാരുടെ പ്രഥമ ലാംബെത്ത് കോൺഫറൻസ് അവരുടെ തീരുമാനങ്ങളുടെ ആമുഖത്തിൽ ഐക്യത്തിനായുള്ള പ്രാർത്ഥനയുടെ പ്രാധാന്യം പ്രഖ്യാപിക്കുന്നു.

www.malankaralibrary.com

5. 1894 – ലെയോ 13-ാമൻ മാർപ്പാപ്പ പന്തക്കുസ്തായ്ക്കു മുന്നോടിയായി ഐക്യത്തിനായുള്ള പ്രയർ ഒക്ടോവിന് പ്രോത്സാഹനം നൽകുന്നു.

6. 1908 – ഒന്നാമത് ചർച്ച് യൂണിറ്റി ഒക്ടേവ് റവ. പോൾ വാട്സൻ നടത്തുന്നു.

7. 1926 – ഫെയ്ത്ത് ആൻഡ് ഓർഡർ മൂവ്മെന്റ് ക്രൈസ്തവ ഐക്യ പ്രാർത്ഥനാവാരത്തിനുള്ള നിർദ്ദേശങ്ങൾ പ്രസിദ്ധീകരിക്കുന്നു.

8. 1935 – ഫ്രാൻസിലെ ആബെ പോൾ കൂർത്തിയർ ക്രൈസ്തവ ഐക്യത്തിനുള്ള സാർവത്രിക പ്രാർത്ഥനാവാരം ആരംഭിക്കുന്നു.

9. 1958 – യൂണിത്തെ ക്രെത്തിനെയും (ലയൺസ്, ഫ്രാൻസ്) വേൾഡ് കൗൺസിൽ ഓഫ് ചർച്ചസിന്റെ ഫെയിത്ത് ആന്റ് ഓർഡർ കമ്മീഷനും ചേർന്ന് പ്രാർത്ഥനാവാരത്തിന് പ്രാർത്ഥനകൾ തയ്യാറാക്കുവാൻ തുടങ്ങുന്നു.

10. 1964 – ജറുസലേമിൽ പോൾ ആറാമൻ പാപ്പായും അത്തനഗോറസ് പ്രഥമൻ പാത്രിയാർക്കിസും ചേർന്ന് 'എല്ലാവരും ഒന്നാകണമെ' (യോഹ. 17) എന്ന യേശുക്രിസ്തുവിന്റെ പ്രാർത്ഥന ചൊല്ലുന്നു.

11. 1964 – രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ എക്യുമെനിസത്തെക്കുറിച്ചുള്ള ഡിക്രി, പ്രാർത്ഥനയാണ് എക്യുമെനിക്കൽ മുന്നേറ്റത്തിന്റെ ആത്മാവ് എന്ന് പ്രഖ്യാപിക്കുകയും പ്രാർത്ഥനാവാരത്തിന് പ്രോത്സാഹനം നൽകുകയും ചെയ്തു.

12. 1966 – കത്തോലിക്കാസഭയുടെ ക്രൈസ്തവ ഐക്യത്തിന്റെ പ്രോത്സാഹനത്തിനായുള്ള ഡികാസ്ട്രിയും വേൾഡ് കൗൺസിൽ ഓഫ് ചർച്ചസിന്റെ ഫെയത്ത് ആൻഡ് ഓർഡർ കമ്മിഷനും ചേർന്ന് പ്രാർത്ഥനാവാരത്തിന് പ്രാർത്ഥനകൾ തയ്യാറാക്കുന്നു.

13. 1968 – കത്തോലിക്കാസഭയുടെ ക്രൈസ്തവ ഐക്യത്തിന്റെ പ്രോത്സാഹനത്തിനായുള്ള ഡികാസ്ട്രിയും വേൾഡ് കൗൺസിൽ ഓഫ് ചർച്ചസിന്റെ ഫെയത്ത് ആൻഡ് ഓർഡർ കമ്മിഷനും ചേർന്ന് പ്രാർത്ഥനാവാരത്തിനായി തയ്യാറാക്കിയ പ്രാർത്ഥനകൾ ഔദ്യോഗികമായി ഉപയോഗിച്ചു തുടങ്ങുന്നു.

14. 1975 – ഒരു പ്രാദേശിക എക്യുമെനിക്കൽ സമൂഹം തയ്യാറാക്കിയ പ്രാർത്ഥനയുടെ കരട് ഉപയോഗിക്കുന്നു. ഒരു ഓസ്ട്രേലിയൻ ഗ്രൂപ്പാണ് ഇത് തയ്യാറാക്കിയത്.

15. 1988 – ക്രിസ്റ്റ്യൻ ഫെഡറേഷൻ ഓഫ് മലേഷ്യ നടത്തിയ ഉദ്ഘാടന പ്രാർത്ഥനയിൽ പ്രാർത്ഥനാവാരത്തിനായി തയ്യാറാക്കിയ പ്രാർത്ഥനകൾ ഉപയോഗിച്ചു.

16. 1994 – 1996 ലെ പ്രാർത്ഥന തയ്യാറാക്കുന്നതിനുള്ള ഗ്രൂപ്പിൽ വൈ.എം.സി.എ. യുടെയും വൈ. ഡബ്ല്യൂ.സി.എ. യുടെയും പ്രതിനിധികളെ അംഗമാക്കി.

17. 2004 – കത്തോലിക്കാസഭയുടെ ക്രൈസ്തവ ഐക്യത്തിന്റെ പ്രോത്സാഹനത്തിനായുള്ള ഡിക്കാസ്ട്രിയും വേൾഡ് കൗൺസിൽ ഓഫ് ചർച്ചസിന്റെ ഫെയത്ത് ആൻഡ് ഓർഡർ കമ്മിഷനും ചേർന്ന് തയ്യാറാക്കുന്ന പ്രാർത്ഥനകൾ മാത്രം പ്രാർത്ഥനാവാരത്തിന് ഉപയോഗിച്ചാൽ മതി എന്ന ധാരണ ഉണ്ടാക്കുന്നു.

18. 2008 – ക്രൈസ്തവ ഐക്യ പ്രാർത്ഥനാവാരത്തിന്റെ ശതാബ്ദി. (1908 ലാണ് യൂണിറ്റി ഒക്ടേവ് ആരംഭിച്ചത്)

19. 2017 – നവീകരണത്തിന്റെ 500-ാം വാർഷികം ആഘോഷിച്ചു. ജർമ്മനിയിലെ ക്രൈസ്തവരാണ് 2017 ലെ പ്രാർത്ഥനകൾ തയ്യാറാക്കിയത്.

## 2025 വർഷത്തെ വിചിന്തന വിഷയം

**"ഇതു നീ വിശ്വസിക്കുന്നുവോ" (യോഹ. 11:26)**

എ.ഡി. 325 ൽ കോൺസ്റ്റാന്റിനോപ്പിളിനടുത്തുള്ള നിഖ്യായിൽ നടന്ന പ്രഥമ ക്രിസ്ത്യൻ എക്യുമെനിക്കൽ കൗൺസിലിന്റെ 1700-ാം വാർഷികമാണ് ഈ വർഷം. ഈ കൗൺസിലിനിടെ രൂപപ്പെടുത്തിയ വിശ്വാസപ്രമാണത്തിൽ പ്രകടിപ്പിക്കുന്നതുപോലെ, ക്രിസ്ത്യാനികളുടെ പൊതുവായ വിശ്വാസത്തെ പ്രതിഫലിപ്പിക്കാനും ആഘോഷിക്കാനും ഈ അനുസ്മരണം ഒരു സവിശേഷ അവസരം നൽകുന്നു; വിശേഷിച്ചു നമ്മുടെ ഈ നാളുകളിൽ സജീവവും ഫലദായകവുമായ ഒരു വിശ്വാസത്തിന്. 2025 ലെ ക്രിസ്ത്യൻ ഐക്യത്തിനായുള്ള പ്രാർത്ഥനാവാരം, പരസ്പരം പങ്കിടുന്ന ഈ പൊതു പൈതൃകത്തിൽ എല്ലാ ക്രിസ്ത്യാനികളെയും ഒന്നിപ്പിക്കുന്ന വിശ്വാസത്തിലേക്ക് കൂടുതൽ ആഴത്തിൽ പ്രവേശിക്കുന്നതിനുമുള്ള ഒരു ക്ഷണം വാഗ്ദാനം ചെയ്യുന്നു.

## നിഖ്യായിലെ സുന്നഹദോസ്

കോൺസ്റ്റന്റൈൻ ചക്രവർത്തി വിളിച്ചുകൂട്ടിയതനുസരിച്ചു കൂടിയ നിഖ്യ സുന്നദോസിൽ പാരമ്പര്യപ്രകാരം, വിശേഷിച്ചും, പൗരസ്ത്യ സഭയിലെ 318 പിതാക്കന്മാർ പങ്കെടുത്തു. ഒളിവിൽ നിന്നും പീഡനങ്ങളിൽ നിന്നും പുറത്തുവന്ന സഭ, അക്കാലത്തെ വ്യത്യസ്ത സാംസ്കാരിക, രാഷ്ട്രീയ സന്ദർഭങ്ങ

www.malankaralibrary.com

ളിൽ ഒരേ വിശ്വാസം പങ്കിടുന്നത് എത്രമാത്രം ബുദ്ധിമുട്ടാണെന്ന് അനുഭവിച്ചറിയാൻ തുടങ്ങിയിരുന്നു. വിശ്വാസപ്രമാണത്തെപ്പറ്റിയുള്ള ധാരണയായിരുന്നു പ്രാദേശിക സഭകളെ കെട്ടിപ്പടുക്കുന്നതിനുള്ള അടിസ്ഥാന പൊതു അടിത്തറയെ നിർവചിക്കുന്നതിനും, പരസ്പര ബഹുമാനത്തോടെ സഹോദരിസഭകളുടെ വൈവിധ്യങ്ങളെ മനസ്സിലാക്കുന്നതിനും മുഖ്യമായും സഹായിച്ചത്.

മുൻ ദശകങ്ങളിൽതന്നെ ക്രിസ്ത്യാനികൾക്കിടയിൽ അഭിപ്രായ വ്യത്യാസങ്ങൾ ഉയർന്നുവന്നിരുന്നു. അത് പലപ്പോഴും ഗുരുതരമായ സംഘർഷങ്ങളിലേക്കുപോലും അധഃപതിച്ചു പോയിരുന്നു. ഈ തർക്കങ്ങൾ വ്യത്യസ്തമായ കാര്യങ്ങളിൽ ആയിരുന്നു: പിതാവായ ദൈവവും പുത്രനായ ക്രിസ്തുവും തമ്മിലുള്ള ബന്ധത്തിന്റെ സ്വഭാവം; ഈസ്റ്റർ ആഘോഷിക്കാനുള്ള ഒരേ തീയതിയും യഹൂദ പെസഹായുമായുള്ള അതിന്റെ ബന്ധവും; ദൈവശാസ്ത്ര വിശകലനങ്ങളിലെ പാഷണ്ഡതകളോടുള്ള എതിർപ്പ്; മതപീഡന കാലത്തു വിശ്വാസം കൈവിട്ടുപോയ വിശ്വാസികളെ എങ്ങനെ വീണ്ടെടുക്കും തുടങ്ങിയ വിഷയങ്ങൾ.

വിശ്വാസപ്രമാണത്തിന്റെ അംഗീകൃത ലിഖിതത്തിൽ 'ഞങ്ങൾ വിശ്വസിക്കുന്നു...' എന്ന ആഖ്യാനം പൊതുവായ ഒരു വസ്തുതയെ സംബന്ധിച്ചുള്ള ആവിഷ്കാരത്തിനു ഊന്നൽ നൽകുന്നു. വിശ്വാസപ്രമാണം ത്രിത്വത്തിലെ മൂന്ന് വ്യക്തികൾക്കായി സമർപ്പിച്ച മൂന്ന് ഖണ്ഡികകളായി വിഭജിക്കപ്പെട്ടു. തുടർന്ന് പാഷണ്ഡതകളെ നിരാകരിച്ചുകൊണ്ടുള്ള സമാപന ഖണ്ഡികയും. എ.ഡി. 381 ൽ കോൺസ്റ്റാന്റിനോപ്പിൾ കൗൺസിൽ ഈ വിശ്വാസപ്രമാണത്തിന്റെ രേഖ പരിഷ്കരിക്കുകയും വിപുലീകരിക്കുകയും, അപലപിക്കപ്പെട്ടവ നീക്കം ചെയ്യുകയും ചെയ്തു. ക്രൈസ്തവ സഭകൾ ഇന്ന് നിഖ്യാ-കോൺസ്റ്റാന്റിനോപ്പൊളിറ്റൻ വിശ്വാസപ്രമാണമാണ് അംഗീകരിച്ച് ഉപയോഗിക്കുന്നത്; ഇതിനെ പലപ്പോഴും നിഖ്യാ വിശ്വാസപ്രമാണം എന്ന് വിളിക്കുകയും ചെയ്യുന്നു.

### 325 മുതൽ 2025 വരെ

ഈസ്റ്ററിന്റെ തീയതി എങ്ങനെ കണക്കാക്കണമെന്ന് നിഖ്യാ കൗൺസിൽ ഉത്തരവിട്ടിട്ടുണ്ടെങ്കിലും, പിന്നീടുള്ള വ്യാഖ്യാനങ്ങളുടെ വ്യത്യാസങ്ങൾ മൂലം കിഴക്കും പടിഞ്ഞാറും വ്യത്യസ്ത തീയതികളിൽ ഈ പെരുന്നാൾ പതിവായി അടയാളപ്പെടുത്തുന്നതിലേക്ക് നയിക്കപ്പെട്ടു. എന്നിരുന്നാലും, ഇരുകൂട്ടരും എല്ലാവർഷവും ഒരേ ദിനത്തിൽ തന്നെ ഈ പെരുന്നാൾ ആഘോഷിക്കുന്നതിനായി നാം കാത്തിരിക്കുകയാണ്. ഭാഗ്യവശാൽ, 2025 ലെ ഈ വാർഷിക വർഷത്തിൽ, ഈ മഹത്തായ പെരുന്നാൾ പൗരസ്ത്യ-പാശ്ചാത്യ സഭകൾ ഒരേ തീയതിയിൽ ആഘോഷിക്കും.

പതിനേഴു നൂറ്റാണ്ടുകൾ പിന്നിട്ടിട്ടും 2025 ഏപ്രിൽ 20 ന് എല്ലാ ക്രിസ്ത്യാനികളും ആഘോഷിക്കുന്ന ഈസ്റ്റർ ഞായറാഴ്ചയിലെ രക്ഷാകര സംഭവങ്ങളുടെ അർത്ഥം മാറിയിട്ടില്ല. ക്രൈസ്തവ ഐക്യത്തിനായുള്ള ഈ പ്രാർത്ഥനാവാരം, ക്രിസ്ത്യാനികൾക്ക് ജീവനുള്ള ഈ പൈതൃകം പുതിയതായി പര്യവേക്ഷണം ചെയ്യാനും സമകാലിക സംസ്കാരങ്ങളുമായി പൊരുത്തപ്പെടുന്ന വഴികളിലൂടെ പുനർനിർമ്മിക്കാനുമുള്ള അവസരമാണ്; അതും നിഖ്യാ കൗൺസിലിന്റെ സമയത്തേക്കാൾ വൈവിധ്യമാർന്ന ഇന്നത്തെ ക്രിസ്ത്യൻ ലോകത്ത്. ഇന്ന് അപ്പസ്തോലിക വിശ്വാസം ഒരുമിച്ച് ജീവിക്കുക എന്നതിനർത്ഥം നൂറ്റാണ്ടുകളായി തുടരുന്ന അക്കാലത്തെ ദൈവശാ

## കുരിശടി കൂദാശ



*വേങ്ങൽ സെന്റ് മേരീസ് മലങ്കര സുറിയാനി കത്തോലിക്കാപള്ളിയുടെ കുരിശടി അഭി. തോമസ് മാർ കൂറിലോസ് മെത്രാപ്പോലീത്ത 2024 ഡിസംബർ 8 ന് ആശിർവ്വദിച്ചു.*

www.malankaralibrary.com

സ്ത്രപരമായ വിവാദങ്ങൾ വീണ്ടും തുറക്കുക എന്നല്ല, മറിച്ച് ആ കൗൺസിലിലേക്കും അതിന്റെ തീരുമാനങ്ങളിലേക്കും നയിച്ച വേദപുസ്തകാടിസ്ഥാനങ്ങളുടെയും സഭാ അനുഭവങ്ങളുടെയും പ്രാർത്ഥനാപൂർവ്വമായ പുനർവായനയാണ് അർത്ഥമാക്കുക.

## പ്രാർത്ഥനാവാര പ്രാർത്ഥനയ്ക്കുള്ള ബൈബിൾ ഭാഗം

ഇക്കാര്യങ്ങളെല്ലാം കണക്കിലെടുത്താണ് മാർഗ്ഗനിർദേശമായ ഈ ബൈബിൾ പാഠഭാഗം തിരഞ്ഞെടുത്ത് - യോഹ. 11:17-27. പ്രാർത്ഥനാവാരത്തിലെ മുഖ്യ വിചിന്തന വിഷയം, 'ഇതു നീ വിശ്വസിക്കുന്നുവോ?' (വാ. 26), സുവിശേഷകനായ യോഹന്നാൻ വിവരിച്ചതുപോലെ, യേശു അവരുടെ സഹോദരൻ ലാസറിന്റെ മരണത്തെത്തുടർന്ന് ബഥാനിയായിലെ മാർത്തയുടെയും മേരിയുടെയും വീട് സന്ദർശിച്ചപ്പോൾ യേശുവും മാർത്തയും തമ്മിലുള്ള സംഭാഷണത്തിൽ നിന്നാണ് ഇതിന്റെ സൂചിക എടുത്തിരിക്കുന്നത്.

അധ്യായത്തിന്റെ തുടക്കത്തിൽ,സുവിശേഷം പറയുന്നത് യേശു മാർത്തയെയും മറിയത്തെയും ലാസറിനെയും സ്നേഹിച്ചിരുന്നുവെന്നാണ് (വാ. 5), എന്നിട്ടും ലാസറിന് ഗുരുതരമായ അസുഖമുണ്ടെന്ന് അറിയിച്ചപ്പോൾ അവൻ എവിടെയായിരുന്നോ അവിടെ രണ്ടു ദിവസംകൂടി തുടർന്നു, മാത്രമല്ല ഈ രോഗം 'മരണത്തിലേക്ക് നയിക്കില്ല' എന്നും ഇതിലൂടെ ദൈവപുത്രൻ മഹത്വീകരിക്കപ്പെടും (വാ. 4) എന്നും യേശു പ്രഖ്യാപിച്ചു. ബഥാനിയായിൽ വച്ച് കല്ലെറിയപ്പെടാനുള്ള സാധ്യതയെക്കുറിച്ച് മുന്നറിയിപ്പ് ഉണ്ടായിരുന്നിട്ടും (വാ. 8), യേശു ലാസറിന്റെ കല്ലറയിൽ എത്തി. അപ്പോൾ ലാസറിനെ കല്ലറയിൽ അടക്കിയിട്ടു നാലു ദിവസങ്ങൾ കഴിഞ്ഞിരുന്നു (വാ. 17). യേശുവിനോടുള്ള മാർത്തയുടെ വാക്കുകളിൽ അവൻ വൈകിവന്നതിലുള്ള നിരാശയും ഒരുപക്ഷേ കുറ്റപ്പെടുത്തലും പ്രകടമായിരുന്നു: 'കർത്താവേ, നീ ഇവിടെ ഉണ്ടായിരുന്നെങ്കിൽ എന്റെ സഹോദരൻ മരിക്കില്ലായിരുന്നു' (വാ. 21). എന്നിരുന്നാലും, ഉടനടി തന്നെ യേശുവിന്റെ രക്ഷാകര ശക്തിയിൽ അവൾക്കുള്ള ആത്മവിശ്വാസം പ്രകടമാക്കുന്നു: 'എന്നാൽ, നീ ചോദിക്കുന്നതെന്തും ദൈവം നിനക്കു തരും എന്ന് എനിക്കറിയാം' (വാ. 22). അവളുടെ ആത്മീയ വിശ്വാസത്തെ സ്ഥിരീകരിച്ചുകൊണ്ടു അവൾ പ്രതികരിക്കുന്നു:'അവസാനനാളിലെ പുനരുത്ഥാനത്തിൽ അവൻ ഉയിർത്തെഴുന്നേൽക്കുമെന്ന് എനിക്കറിയാം' (വാ. 24). യേശു അവളെ ഒരു പടി കൂടി മുന്നോട്ട് നയിക്കുന്നു, ജീവനും മരണത്തിനും മേലുള്ള തന്റെ അധികാരം പ്രഖ്യാപിക്കുകയും മിശിഹാണെന്ന തന്റെ വ്യക്തിത്വം വെളിപ്പെടുത്തുകയും ചെയ്യുന്നു. "ഞാനാണ് പുനരുത്ഥാനവും ജീവനും. എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും, അങ്ങനെ ജീവിക്കുകയും എന്നിൽ വിശ്വസിക്കുകയും ചെയ്യുന്നവൻ ഒരിക്കലും മരിക്കുകയില്ല." (വാ. 25-26). ഈ അത്ഭുതകരമായ പ്രഖ്യാപനത്തെത്തുടർന്ന്, യേശു മാർത്തയെ വളരെ നേരിട്ടുള്ളതും ആഴത്തിലുള്ളതുമായ ഒരു ചോദ്യത്തിലൂടെ വെല്ലുവിളിക്കുന്നു: 'ഇതു നീ വിശ്വസിക്കുന്നുവോ?" (വാ. 26).

മാർത്തയെപ്പോലെ, ക്രിസ്ത്യാനികളുടെ ആദ്യ തലമുറകൾക്ക് യേശുവിന്റെ വാക്കുകൾ അവരുടെ ഹൃദയങ്ങളെ സ്പർശിക്കുകയും അന്വേഷിക്കുകയും ചെയ്തപ്പോൾ നിസ്സംഗരോ നിഷ്ക്രിയരോ ആയിരിക്കാൻ കഴിഞ്ഞില്ല. "നിങ്ങൾ ഇത് വിശ്വസിക്കുന്നുണ്ടോ?" എന്ന യേശുവിന്റെ ചോദ്യത്തിൽ മനസ്സിലാക്കാവുന്ന ഉത്തരം നൽകാൻ അവർ ആത്മാർത്ഥമായി ശ്രമിച്ചു. നിഖ്യായിലെ പിതാക്കന്മാർ തങ്ങളുടെ കർത്താവിന്റെ മനുഷ്യാവതാരത്തിന്റെ മുഴുവൻ രഹസ്യവും സഹനവും മരണവും പുനരുത്ഥാനവും ഉൾക്കൊള്ളുന്ന വചനങ്ങൾ കണ്ടെത്താൻ ശ്രമിച്ചു. യേശുവിന്റെ മടങ്ങിവരവിനായി കാത്തിരിക്കുമ്പോൾ, ലോകമെമ്പാടുമുള്ള ക്രിസ്ത്യാനികൾ പുനരുത്ഥാനത്തിലുള്ള ഈ വിശ്വാസത്തിന് ഒരുമിച്ച് സാക്ഷ്യം വഹിക്കാൻ വിളിക്കപ്പെടുന്നു, അത് അവർക്ക് എല്ലാ ജനങ്ങളുമായും പങ്കിടാനുള്ള പ്രത്യാശയുടെയും സന്തോഷത്തിന്റെയും ഉറവിടമാണ്.

## ബോസിലെ സന്യാസസമൂഹം

ഈ വർഷത്തെ (2025), ക്രൈസ്തവ സഭകളുടെ ഐക്യത്തിനായുള്ള പ്രാർത്ഥനാവാരത്തിലേയ്ക്കുള്ള പ്രാർത്ഥനകളും വിചിന്തനങ്ങളും തയ്യാറാക്കിയത് വടക്കൻ ഇറ്റലിയിലെ ബോസ് സന്യാസ സമൂഹത്തിലെ സഹോദരീ സഹോദരന്മാരാണ്. ബോസിലെ സന്യാസസമൂഹം, ആദ്യ നൂറ്റാണ്ടുകൾ മുതലുള്ള പൗരസ്ത്യ-പാശ്ചാത്യ ക്രിസ്തീയ പാരമ്പര്യങ്ങളെ ഉൾക്കൊണ്ടു കൊണ്ടും സകലതും ത്യജിച്ചുകൊണ്ടും സമൂലമായി സുവിശേഷാധിഷ്ഠിത ജീവിതത്തിലൂടെ ബ്രഹ്മചര്യത്തിലും സമൂഹാധിഷ്ടിത ജീവിതത്തിലും ശ്രദ്ധ കേന്ദ്രീകരിച്ചിരിക്കുന്ന സ്ത്രീപുരുഷന്മാരുടെ കൂട്ടായ്മയാണ്.

1968 ൽ ബ്രദർ എൻസോബിയാഞ്ചിയുടെ നേതൃത്വത്തിൽ ഏതാനും ചില സഹോദരന്മാരും സഹോദരിമാരും ചേർന്ന് ബോസ് സമൂഹം സ്ഥാപിച്ചു. ഈ സമൂഹം ആദി മുതൽ തന്നെ എക്യുമെനിക്കൽ സ്വഭാവം ഉള്ളതായിരുന്നു, 1973 ൽ ആദ്യമായി വ്രതം സ്വീകരിച്ചവരിൽ പലരും വ്യത്യസ്ത സഭാസമൂഹങ്ങളിൽപ്പെട്ടവർ ആയിരുന്നു, അവർ; പുരുഷന്മാരും സ്ത്രീകളും അടങ്ങുന്ന സമൂഹം ബ്രഹ്മചര്യവ്രതം പാലിച്ചുകൊണ്ട്, ക്രിസ്തുവിന്റെ വിളിയോട് പ്രത്യുത്തരം നൽകാൻ പരിശ്രമിക്കുന്നു. ഇന്ന് റോമൻ കത്തോലിക്കാസഭ ഇത് ഒരു രൂപതാ സന്യാസ ആശ്രമമായി അംഗീകരിച്ചിരിക്കുന്നു - അതായത് പ്രാദേശിക ദൈവാലയം ആയ ബിയെല്ലയിൽ (പീ

www.malankaralibrary.com

ഡ്മോണ്ട്) സ്ഥാപിതമായ ഒരു ആശ്രമം, വിവിധ ക്രിസ്ത്യൻ സഭകളിൽ നിന്നുള്ള അംഗങ്ങൾ ഉൾപ്പെടുന്ന ഈ ആശ്രമം ആന്തരിക മാനേജ്മെന്റിൽ സ്വയം ഭരണാവകാശമുള്ളതത്രേ. അംഗങ്ങൾ എല്ലാവരും തുല്യതയോടെ നിയമങ്ങളും അവകാശങ്ങളും ആസ്വദിക്കുകയും ചെയ്യുന്നു.

### പ്രാർത്ഥനാവാര ശുശ്രൂഷകൾ കേരളസഭയിൽ

ഈ വർഷത്തെ പ്രാർത്ഥനാവാര ശുശ്രൂഷകൾക്ക് കേരളസഭയിൽ നേതൃത്വം കൊടുക്കുന്നത് കെസിബിസി എക്യുമെനിക്കൽ കമ്മീഷനും കെസിസിയും (വേൾഡ് കൗൺസിൽ ഓഫ് ചർച്ചസ് കേരളാ ഘടകവും) ഒത്തുചേർന്നാണ്. ഈ വർഷത്തെ പ്രാർത്ഥനകൾ കെസിബിസി എക്യുമെനിക്കൽ കമ്മീഷൻ മലയാളത്തിലേക്ക് പരിഭാഷപ്പെടുത്തിയിട്ടുണ്ട്. ജനുവരി 18 കോട്ടയത്ത് വച്ച് നടക്കുന്ന പ്രാർത്ഥനാവാര ശുശ്രൂഷ മലങ്കര സുറിയാനി ഓർത്തഡോക്സ് സഭാതലവൻ പരിശുദ്ധ മോറാൻ മോർ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ ഉദ്ഘാടനം ചെയ്യും. തുടർന്നുള്ള ദിവസങ്ങളിൽ വിവിധ ക്രൈസ്തവ സഭകളുടെ ആതിഥേയത്വത്തിൽ കേരളത്തിലുടനീളം ശുശ്രൂഷകൾ നടക്കും. ജനുവരി 25 തിരുവനന്തപുരത്തുവച്ചു നടക്കുന്ന ശുശ്രൂഷ മലങ്കര സുറിയാനി കത്തോലിക്കാ സഭാതലവനും കെസിബിസി പ്രസിഡന്റും ആയ അത്യഭിവന്ദ്യ മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമീസ് കാതോലിക്കാ ബാവാ ഉദ്ഘാടനം ചെയ്യുന്നതുമാണ്.

### ഉപസംഹാരം

വിഭജിത ചിന്തകൾ കൂടുതൽ വിഭജിതമായ സമൂഹങ്ങൾക്ക് രൂപം നൽകുന്ന വർത്തമാന കാലത്തു, കൂട്ടായ്മ അനുഭവം സമ്മാനിക്കുന്ന പ്രാർത്ഥനാവേളകളും ഐക്യത്തിന്റെ സന്ദേശം പ്രചരിപ്പിക്കുന്ന മുഹൂർത്തങ്ങളും മാനരാശിക്ക്, പ്രത്യേകിച്ച് ക്രൈസ്തവ ലോകത്തിനു അത്യന്താപേക്ഷിതമാണ്. രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ എക്യുമെനിസത്തെക്കുറിച്ചുള്ള ഡിക്രിയിൽ പ്രാർത്ഥനയാണ് എക്യുമെനിക്കൽ മുന്നേറ്റത്തിന്റെ ആത്മാവ് എന്ന് പ്രഖ്യാപിക്കുകയും പ്രാർത്ഥനാവാരത്തിനു പ്രോത്സാഹനം നൽകുകയും ചെയ്തിട്ടുണ്ട്. കേരള ക്രൈസ്തവ സഭാചരിത്രത്തിൽ ഇദംപ്രഥമായി കത്തോലിക്കാ സഭയുടെയും കേരള കൗൺസിൽ ഓഫ് ചർച്ചസിന്റെയും സംയുക്ത നേതൃത്വത്തിൽ ഈ പ്രാർത്ഥനാവാരം കൊണ്ടാടുന്നത് പരിശുദ്ധാത്മ നിവേശിതമാണെന്നതിൽ സംശയമേതുമില്ല. 'ഞങ്ങൾ വിശ്വസിക്കുന്നു' എന്ന് ഒരുമിച്ചു പ്രഖ്യാപിക്കാൻ, പ്രാർത്ഥിക്കാൻ, നമുക്കേവർക്കും സാധിക്കട്ടെ...

**ഫാ. ഡാനിയേൽ ബഥേൽ,**
**കെ.സി.ബി.സി. എക്യുമെനിസം കമ്മീഷൻ സെക്രട്ടറി**

കവിത

# നാഥായെൻ ചാരെ

എനിക്കായ് മുറിവേറ്റ നാഥാ,
കഴുകണമെന്നെ തിരുരക്തത്താൽ
താങ്ങേണമെന്നെ തിരുക്കരത്താൽ
അഴലിൻ ആഴങ്ങളിൽ അലയുമ്പോൾ
ആശ്വാസമേകാൻ നീ വരണെ
നാഥായെൻ ചാരെ,
തിരുക്കരത്താൽ എൻ കരം
പിടിക്കണെ
ഞാനേകനാകുമ്പോൾ നീയെനിക്കു
തുണയേകിടുന്നു,
എന്റെ കഷ്ടങ്ങളിൽ നാഥാ
നീയെന്നും എന്നെ താങ്ങിടുന്നു
നിൻ തിരുഹിതം ഇന്നുമെന്നും
എന്നിൽ നിറവേകുവാൻ
നിൻ കാരുണ്യം എന്നിൽ ചൊരിയണേ
നാഥാ, ചൊരിയണേ നാഥാ
എനിക്കായ് ബലിയായ നാഥാ
സ്നേഹ ബലിയായ് എന്നെ ഞാൻ
സമർപ്പിക്കുന്നു തിരുഹിതം പോൽ
സമർപ്പിക്കുന്നു
സ്വീകരിക്കേണമെ നാഥാ, യെൻ ബലി
നീ കനിവാർന്നു കൈക്കൊള്ളണെ,
എൻ പ്രത്യാശയും ശരണവും
എല്ലാം നിന്നിൽ അർപ്പിക്കുന്നു നാഥാ
കരം കോർത്തെന്നെ താങ്ങണെ നാഥാ
അവിടുത്തെ തിരുഹിതം
എന്നിൽ നിറവേറണമേ,
പ്രത്യാശയേകി, കൃപയേകി എന്നും
എന്നെ നയിക്കണെ നാഥാ



മോളി എഡ്വിൻ,
ശാന്തിനികേതൻ

www.malankaralibrary.com






# ഞാൻ ഞാൻ മാത്രമാണ്

നിങ്ങൾ മുഖക്കണ്ണാടിയിൽ നിങ്ങളെത്തന്നെ ശ്രദ്ധിക്കാറുണ്ടല്ലോ? ഇത് മിക്കപ്പോഴും മുടി ചീകാനോ, ക്രീമോ പൗഡറോ ഇടാനോ, മുഖത്തെ പാടോ മുറിവോ നോക്കാനോ ഒക്കെ ആവും ചെയ്തിട്ടുള്ളത്. പക്ഷേ മുഖക്കണ്ണാടി നോക്കി നിങ്ങൾ നിങ്ങളെ അഭിനന്ദിക്കുകയോ അംഗീകരിക്കുകയോ ചെയ്തിട്ടുണ്ടോ? അങ്ങനെ ചെയ്തിട്ടുണ്ടെങ്കിൽ വളരെ നല്ലത്. അഥവാ അങ്ങനെ ചെയ്തിട്ടില്ലെങ്കിലോ? ഇനിയും സുവർണ്ണാവസരങ്ങൾ ബാക്കിയുണ്ടല്ലോ. നമ്മളെ നമ്മൾ അംഗീകരിക്കുകയും അഭിനന്ദിക്കുകയും ചെയ്യേണ്ടത് ആവശ്യമാണ്, അത് നമ്മുടെ ആത്മവിശ്വാസത്തെ വർധിപ്പിക്കും. ഒരു കാര്യം ഉറപ്പിച്ചു കൊള്ളുക; നിങ്ങൾ നിങ്ങൾ മാത്രമാണെന്ന് തിരിച്ചറിയുക. പലർക്കും ഞാൻ അത്ര പോരാ എന്ന തോന്നലാണ് വരിക. അഭിമാനത്തോടെ കണ്ണാടി നോക്കി ഞാൻ എത്ര സുന്ദരൻ, സുന്ദരി എന്നു പറയുക പലർക്കും പ്രയാസം ആണ്. സത്യത്തിൽ നിങ്ങൾ നിങ്ങളെത്തന്നെ മറ്റൊരാളുമായി താരതമ്യം ചെയ്താണ് ഈ കുഴപ്പത്തിൽ ചാടുന്നത്. കാരണം നിറം കൊണ്ടോ രൂപം കൊണ്ടോ ചില അസ്വാഭാവികതകൾ കൊണ്ടോ നിങ്ങൾ നിങ്ങളെ സ്വീകരിക്കുന്നില്ല. ലോകസുന്ദരൻ അല്ലെങ്കിൽ സുന്ദരി എന്ന് അംഗീകാരം കിട്ടിയവരിലും ഏറെ പോരായ്മകൾ ഉണ്ട് എന്നതാണ് വാസ്തവം. സ്വയം അംഗീകരിക്കാൻ കഴിയുന്നില്ല എന്ന സ്ഥിതിവിശേഷത്തെ മാറ്റി ആത്മവിശ്വാസവും ആത്മാഭിമാനവും രൂപപ്പെടുത്തുകയാണ് വേണ്ടത്. ജീവിച്ചിരിക്കുന്ന കോടാനുകോടി ജനങ്ങളിൽ ഒരാൾ മാത്രമാണ് നിങ്ങൾ എന്ന് സമ്മതിക്കുമല്ലോ? അതിനാൽ ഒരാൾക്ക് മൂന്നു സവിശേഷതകൾ ഉണ്ട്.

1. ഞാൻ എല്ലാവരേയും പോലെയാണ്.
2. ഞാൻ ചിലരെപ്പോലെയാണ്.
3. ഞാൻ മറ്റാരെയും പോലെയല്ല, ഞാൻ ഞാൻ മാത്രമാണ്.

നമുക്ക് മാത്രമുള്ള സവിശേഷതകളെ നാം തിരിച്ചറിയണം. നമ്മിലെ മികവുകളും കുറവുകളും നാം മനസ്സിലാക്കുകയും, അതാണ് നമുക്ക് ആവുക എന്നും അറിയണം. മികവുകളെ വളർത്താനും കുറവുകളെ അംഗീകരിക്കാനും ആവണം. മറ്റുള്ളവരുടെ മികവുകൾ മനസ്സാ അംഗീകരിക്കുകയും അതിൽ സന്തോഷിക്കുകയും ചെയ്യുക. അത് നമ്മുടെ വ്യക്തിത്വത്തിന്റെ വികസനത്തിനു കാരണമായിത്തീരും. ദൈവത്തിൽ ആശ്രയിക്കുക, അവൻ നമ്മോടു കൂടെയുണ്ട്. വചനം നമ്മോടു പറയുന്നത് ശ്രദ്ധിക്കുക: "എന്നാൽ ദൈവത്തിൽ ആശ്രയിക്കുന്നവർ വീണ്ടും ശക്തിപ്രാപിക്കും; അവർ കഴുകന്മാരെപ്പോലെ ചിറകടിച്ചുയരും. അവർ ഓടിയാലും ക്ഷീണിക്കുകയില്ല; നടന്നാൽ തളരുകയുമില്ല" (ഏശയ്യാ 40:31).



ഡോ. വറുഗീസ് പി. പീറ്റർ

www.malankaralibrary.com





## സുറിയാനി സഭാപാരമ്പര്യം

ഫാ. ഡോ. ജോസഫ്
കളരിപറമ്പിൽ

# മനുഷ്യാവതാരരഹസ്യം വൈരുദ്ധ്യാത്മകമോ?

**ഡിസംബർ ലക്കം തുടർച്ച**

### പഴയനിയമത്തിലെ പ്രതിരൂപാത്മകതയും അവയുടെ പൂർത്തീകരണവും

ക്രിസ്തു കേന്ദ്രീകൃതമായ പഴയനിയമത്തിൽ പുത്രൻതമ്പുരാന്റെ മനുഷ്യാവതാരത്തെ മുൻകൂട്ടി സൂചിപ്പിക്കുന്ന നിരവധി പ്രതീകങ്ങൾ സഭാപിതാക്കന്മാരുടെ രചനകളിൽ കൂടെക്കൂടെ കാണുവാൻ സാധിക്കും. ഇതിന്റെ അനുരണനങ്ങൾ ആരാധനക്രമത്തിലുമുണ്ട്. മാർ അപ്രേമിനെ സംബന്ധിച്ചിടത്തോളം, ദൈവം കാലാകാലങ്ങളിൽ ചരിത്രത്തിന്റെ നിഗൂഢതകളിൽ മനുഷ്യകുലത്തെ സന്ദർശിച്ചിരുന്നു. ഇസഹാക്കിന്റെ ബലിയുടെ പശ്ചാത്തലത്തിൽ മുൾച്ചെടികൾക്കിടയിൽ കുടുങ്ങികിടക്കുന്ന മുട്ടാടായി ക്രിസ്തു അബ്രഹാമിന് പ്രത്യക്ഷപ്പെട്ടതിന്റെ രഹസ്യം പോലെ (ഉൽപത്തി 22:13), ഒരു ദിവ്യരഹസ്യമായി പുത്രൻതമ്പുരാന്റെ മനുഷ്യാവതാരവും നിലകൊള്ളുന്നു. മാർ അപ്രേം ഈ മുട്ടാടിനെ ക്രിസ്തുവിന്റെ പ്രതിരൂപമായി അവതരിപ്പിച്ചിരിക്കുന്നു. ജനനപ്പെരുന്നാളിന്റെ സന്ധ്യാപ്രാർത്ഥനയുടെ സെദറായിൽ നാം ഇത് അനുസ്മരിക്കുന്നുണ്ട്. വിശുദ്ധ കുർബാന സ്വീകരണസമയത്ത് ആലപിക്കുന്ന ഗീതത്തിലും നാം ഇത് അനുസ്മരിക്കുന്നു. പഴയനിയമത്തിൽ ദൈവം ഇടപെട്ട വിവിധ സംഭവങ്ങളെ പുത്രൻതമ്പുരാന്റെ ജനനത്തിരുന്നാളിന്റെ പ്രതിരൂപങ്ങളായി മാർ അപ്രേം അദ്ദേഹത്തിന്റെ വിവിധ ഗീതങ്ങളിൽ അവതരിപ്പിക്കുന്നുണ്ട്.

പഴയനിയമത്തിൽ കുടികൊള്ളുന്നുവെന്നും രാത്രിപ്രാർത്ഥനയിൽ നാം ആലപിക്കുന്നു:

ബഹുവിധദൃഷ്ടാന്തം വഴിയായ് നിബിമാരാൽ ദൈവം
പൂർവ്വികതാതരൊടായ് മുന്നം തിരുമൊഴിയറിയിച്ചു
കാലത്തികവിൽ വത്സലസുതനാലെ
നമ്മോടിപ്പോൾ സംസാരിച്ചല്ലോ
അവകാശമെഴുന്നോരവനാൽ ലോകം നിർമ്മിതമായ്
ബേത്‌ലഹേം ഗുഹയതിനുള്ളിൽ ജാതം ചെയ്തോനായ്

സന്ധ്യാപ്രാർത്ഥനയുടെ സെദറായിൽ ഇത്തരത്തിലുള്ള നിരവധി പ്രതിരൂപങ്ങൾ നാം കണ്ടുമുട്ടുന്നു:

'ഗോത്രപിതാവായ അബ്രഹാം ഈ രഹസ്യാത്മക ശിശുവിനെ, മുട്ടാടിനെ വഹിച്ച വൃക്ഷത്താൽ ദൃഷ്ടാന്തപ്പെടുത്തി (ഉൽപത്തി 22:13).

പിതാക്കന്മാരുടെ തലവനായ യാക്കോബ്, ഇന്നേ ദിവസം നമ്മൾക്കായി ഉദയം ചെയ്ത ഈ വിസ്മയനീയ ശിശുവിനെപ്പറ്റി 'അവന്റെ ജനനദിനം കാണുവാൻ ജാതികൾ കാത്തിരിക്കും' എന്നു പറഞ്ഞ് മുൻകൂട്ടി സൂചിപ്പിച്ചു (ഉൽപത്തി 49:18).

നീതിമാനും പുണ്യവാനുമായ യോബ് ഈ അത്ഭുത ശിശുവിനെക്കുറിച്ച് 'എന്റെ രക്ഷകൻ ജീവി

www.malankaralibrary.com


ച്ചിരിക്കുന്നു എന്ന് എനിക്കറിയാം; അവസാനനാളിൽ അവൻ ഭൂമിയിൽ പ്രത്യക്ഷനാകും' എന്ന് അറിയിച്ചു (ജോബ് 19:25-27).

വിശുദ്ധ കന്യകയുടെ ഉദരത്തിൽ വസിച്ചിട്ടും അവളുടെ കന്യാവ്രതത്തിന് ഭംഗം വരുത്താതിരുന്ന ദിവ്യാഗ്നിയായ ഈ മഹനീയ ശിശുവിനെ, മുൾപ്പടർപ്പിൽ ഇറങ്ങി ജ്വലിച്ചിട്ടും അതിനെ ദഹിപ്പിക്കാതിരുന്ന അഗ്നിയിൽ മോശ ദർശിച്ചു (പുറപ്പാട് 3:2-5).

വിശുദ്ധ കന്യകയിൽ നിന്ന് ഉദയം ചെയ്തവനും, ശാശ്വതാധികാരവും അനശ്വരരാജത്വവും ഉള്ളവനായ ഈ പരിശുദ്ധ ശിശുവിനെക്കുറിച്ച് ആമോസിന്റെ പുത്രൻ മുൻകൂട്ടി അറിയിച്ചു (ഏശയ്യാ 9:6).

എസെക്കിയേൽ ദീർഘദർശി ഈ നിഗൂഢ ശിശുവിനെ നാലു മുഖങ്ങളുള്ള രഥത്തിൽ ദർശിച്ച് 'ഇവൻ ശരീരപ്രകാരം ലോകത്തിൽ പ്രത്യക്ഷപ്പെടും' എന്ന് ഉദ്ഘോഷിച്ചു (എസെ. 1, 10 അധ്യായങ്ങൾ). മഹത്വമുള്ളവനായ ഏശയ്യാ ദീർഘദർശി ഈ ദിവ്യശിശുവിനെ ദർശിച്ചിട്ട് 'ഇതാ കന്യക ഗർഭം ധരിച്ച് ഒരു പുത്രനെ പ്രസവിക്കും അവൻ ദൈവവും മനുഷ്യനുമാകയാൽ അത്ഭുതം എന്നു വിളിക്കപ്പെടും' എന്ന് ഉദ്ഘോഷിച്ചു (ഏശയ്യാ 7:14).

വിശുദ്ധ കന്യകയെന്ന രോമക്കെട്ടിന്മേൽ മഞ്ഞുപോലെ അവൻ ഇറങ്ങിവരുമെന്ന് ഗിദയോൻ സൂചിപ്പിച്ചു (ന്യായാധിപന്മാർ 6:36-40).

'നീ എന്റെ പുത്രനാകുന്നു; ഇന്നു ഞാൻ നിന്നെ ജനിപ്പിച്ചിരിക്കുന്നു' എന്ന് ദാവീദ് ഈ വിസ്മയനീയ ശിശുവിനെക്കുറിച്ച് പാടി (സങ്കീ. 2:7).

'കർത്താവ് ദാവീദിന് ഒരു കിരണം ഉദിപ്പിക്കും' എന്ന് ഈ വത്സശിശുവിനെക്കുറിച്ച് ജറെമിയാ പ്രവചിച്ചു (ജറെ. 23:5).

ഈ കൃപാലുവായ ശിശുവിനെ ദാനിയേൽ ദർശിച്ചിട്ട് "കൈകൾ കൂടാതെ വെട്ടപ്പെട്ട ശില" എന്നു വിളിച്ചു (ദാനി. 2:34).

ന്യായപ്രമാണത്തിൽ സൂചിപ്പിക്കുകയും ദീർഘദർശികൾ അറിയിക്കുകയും ചെയ്തവയെല്ലാം ഈ ജനനപ്പെരുന്നാൾ ദിവസം നിറവേറിയിരിക്കുന്നു'.

അതേ സെദറാപ്രാർത്ഥനയിൽ മുകളിൽ പറഞ്ഞിരിക്കുന്ന പ്രതിരൂപങ്ങളിൽ ചിലത് ഒന്നുകൂടി എടുത്തു പറയുന്നു:

'മുൾപ്പടർപ്പിൽ ജ്വലിച്ചിരുന്നവൻ ഇന്ന് കന്യകയിൽ നിന്ന് ഉദിച്ചു.

രോമക്കെട്ടിലെ മഞ്ഞുതുള്ളികളാൽ തന്റെ രഹസ്യത്തെ സൂചിപ്പിച്ചവൻ ഇന്ന് ഉദയം ചെയ്തു.

ദക്ഷിണദേശത്തുനിന്ന് വരുമെന്ന് പ്രതീക്ഷിക്കപ്പെട്ടിരുന്നവൻ ഇന്ന് പ്രത്യക്ഷനായി.

'വലത്തുവശത്തിരിക്കുന്ന പുത്രൻ' എന്ന് ദാവീദ് വിളിച്ചവൻ ഇന്ന് ജനിച്ചു.

ഇന്ന് ആശ്വാസമഴ പെയ്യുകയും കല്ലടാവിൽ പുല്ല് മുളയ്ക്കുകയും ചെയ്തു (നിയമാവർത്തനം 11:14-15).

ഇന്ന് വടി പ്രത്യക്ഷപ്പെടുകയും ഈശായിയുടെ കുറ്റിയിൽ നിന്ന് മുളയുണ്ടാവുകയും ചെയ്തു (ഏശയ്യാ 11:1).

ഇന്ന് നമുക്കായി ഒരു ശിശു ജാതനാവുകയും, ഒരു പുത്രൻ നല്കപ്പെടുകയും ചെയ്തിരിക്കുന്നു'.

പഴയനിയമത്തിന്റെ പൂർത്തീകരണമായ പുത്രൻതമ്പുരാന്റെ മനുഷ്യാവതാരത്തിന്റെ പ്രതിരൂപകങ്ങൾ യൽദായുടെ മറ്റ് പ്രാർത്ഥനകളിലും സഭാപിതാക്കന്മാരുടെ രചനകളിലും പല അവസരങ്ങളിലും ആവർത്തിച്ചവതരിപ്പിച്ചിരിക്കുന്നത് കാണുവാൻ സാധിക്കും.

## ദൈവവും മനുഷ്യനും – രണ്ട് ജനനങ്ങൾ

പൂർണ്ണ ദൈവവും പൂർണ്ണ മനുഷ്യനുമായ ദൈവത്തിന്റെ ഏകജാതനായ യേശുക്രിസ്തുവിന്റെ ജനനത്തിരുനാളിന്റെ പ്രാർത്ഥനകളിലെല്ലാം കാണുവാൻ സാധിക്കുന്ന ഒരു വിഷയമാണ് പിതാവായ ദൈവത്തിൽ നിന്നുള്ള ജനനവും പരിശുദ്ധ കന്യകാമറിയത്തിൽ നിന്നുള്ള ജനനവും. വിശ്വാസപ്രമാണത്തിൽ നാം ഏറ്റു ചൊല്ലുന്ന ഈ രണ്ട് ജനനത്തെക്കുറിച്ച് യൽദായുടെ ആരാധനകളിൽ നിരവധി പരാമർശങ്ങളുണ്ട്. വിശ്വാസപ്രമാണത്തിൽ നാം ഇപ്രകാരം ചൊല്ലുന്നു: 'സർവ്വലോകങ്ങൾക്കും മുമ്പേ പിതാവിൽ നിന്ന് ജനിച്ചവനും...മനുഷ്യരായ ഞങ്ങൾക്കും ഞങ്ങളുടെ രക്ഷയ്ക്കും വേണ്ടി സ്വർഗ്ഗത്തിൽ നിന്നിറങ്ങി പരിശുദ്ധ റൂഹായിൽ നിന്നും ദൈവമാതാവായ വിശുദ്ധ കന്യകമറിയാമിൽ നിന്നും ശരീരിയായിത്തീർന്നു...' ഈ രണ്ടു ജനനത്തെക്കുറിച്ചും പുത്രൻതമ്പുരാന്റെ ദൈവസ്വഭാവത്തെക്കുറിച്ചും മനുഷ്യസ്വഭാവത്തെക്കുറിച്ചും സുറിയാനി ആരാധനക്രമത്തിലും സഭാപിതാക്കന്മാരിലും കാണുവാൻ സാധിക്കും.

യൽദായുടെ രാത്രിപ്രാർത്ഥനയിൽ നാം പ്രാർത്ഥിക്കുന്നു: 'മറിയാമിൽ നിന്ന് പിറന്ന ഇവൻ ആരുടെ പുത്രനാകുന്നു? അവൻ സത്യദൈവത്തിൽ നിന്നുള്ള ദൈവം തന്നെ. ഉയരത്തിൽ അവൻ ദൈവമാകുന്നു. താഴെ മനുഷ്യനാകുന്നു'. മാർ അപ്രേം വിശ്വാസത്തെക്കുറിച്ചുള്ള ഗീതത്തിൽ ഇപ്രകാരം ദൈവപുത്രന്റെ ദൈവികവും മാനുഷികവുമായ രഹസ്യാത്മകതയിലേക്ക് വിരൽ ചൂണ്ടുന്നു: 'തന്നെത്തന്നെ വെളിപെടുത്തിയ കർത്താവിന്റെ അദൃശ്യാത്മകതയിലേക്ക് നോക്കുവാൻ ആർക്ക് സാധിക്കും? രഹസ്യമയനായ ദൈവം പ്രകടമായി ശിശുവായി പരിമിതികളില്ലാതെ വെളിപ്പെട്ടു. തന്നെ പിടികൂടാനിരിക്കുന്നവരുടെ കൈകളിലേക്ക് രഹസ്യമായവൻ എത്തിയിരിക്കുന്നു. കർത്താവേ, നീ ഒരു മനുഷ്യനായിത്തീർന്നതുകൊണ്ടാണ് നിനക്ക് ഇതെല്ലാം സംഭവിച്ചത്. നിന്നെ അയച്ചവന് സ്തുതി. എന്നിട്ടും ആരാണ് ഭയപ്പെടാത്തത്, കാരണം നിന്റെ മനുഷ്യാവതാരം നിന്റെ മനുഷ്യജനനം വെളിപ്പെടുത്തിയെങ്കിലും, പിതാവിൽ നിന്നുള്ള നിന്റെ ജനനം അപ്രാപ്യമായ രഹസ്യമായി തുടരുന്നു: അത് മനസ്സിലാക്കുവാൻ ശ്രമിക്കുന്ന എല്ലാവരെയും അതിന്റെ ലഹസ്യാത്മകത അമ്പരപ്പിക്കുന്നു'.

www.malankaralibrary.com

മനുഷ്യാവതാരഗീതങ്ങളിൽ മാർ അപ്രേം അതേ രഹസ്യാത്മകതയെക്കുറിച്ച് ഇപ്രകാരം ആലപിക്കുന്നു:

'തന്റെ പ്രവൃത്തികളിൽ മറഞ്ഞിരിക്കുന്നതും വെളിപ്പെടുന്നതുമായവൻ വാഴ്ത്തപ്പെട്ടവൻ!

പുത്രൻ പൂർണ്ണമായി ശരീരത്തിൽ വസിച്ചു എന്നത് വലിയ അത്ഭുതമാണ്.

അവൻ പൂർണ്ണമായും മനുഷ്യനായി അധിവസിച്ചു.

പരിധിയില്ലാത്തവനാണെങ്കിലും അവൻ മനുഷ്യനായി വസിച്ചു.

അവന്റെ ഇഷ്ടം പൂർണ്ണമായും അവനിൽ ആയിരുന്നു; അവന്റെ സമ്പൂർണ്ണത അവനിലുണ്ടായിരുന്നില്ല.

അവൻ പൂർണ്ണമായി ശരീരത്തിൽ വസിച്ചില്ല എന്ന് പറയുവാൻ ആർക്ക് സാധിക്കും?

എന്നിട്ടും അവൻ പൂർണ്ണമായും പ്രപഞ്ചത്തിൽ വസിച്ചിരുന്നോ? പരിധിയില്ലാത്തവൻ വാഴ്ത്തപ്പെട്ടവൻ!

അവന്റെ മഹത്വം നമ്മിൽ നിന്ന് മറഞ്ഞിരിക്കുന്നു; അവന്റെ കൃപ നമ്മുടെ മുമ്പിൽ വെളിപ്പെട്ടിരിക്കുന്നു.

എന്റെ കർത്താവേ, നിന്റെ മഹത്വത്തെക്കുറിച്ച് ഞാൻ മിണ്ടാതിരിക്കും, എന്നാൽ ഞാൻ നിന്റെ കൃപയെക്കുറിച്ച് സംസാരിക്കും.

നിന്റെ കൃപ നിന്നെ പിടികൂടുകയും ഞങ്ങളുടെ തിന്മയിലേക്ക് നിന്നെ ഇറക്കുകയും ചെയ്തു.

നിന്റെ കൃപ നിന്നെ ശിശുവാക്കി; നിന്റെ കൃപ നിന്നെ മനുഷ്യനാക്കി.

നിന്റെ മഹത്വം നിന്നെ ചെറുതാക്കി. ചെറുതും വലുതുമായവൻ അനുഗ്രഹിക്കപ്പെട്ടവനാകുന്നു'.

സാറൂഗിലെ മാർ യാക്കോബും രണ്ടു ജനനങ്ങളെക്കുറിച്ച് പഠിപ്പിക്കുന്നു:

'ആ ആദ്യ ജനനത്തെക്കുറിച്ച് അത് എങ്ങനെയായിരുന്നുവെന്ന് പിതാവിന് മാത്രമേ അറിയൂ.

എന്നാൽ ഈ ജനനത്തിൽ സൃഷ്ടി അതിലുള്ള എല്ലാറ്റിനോടും ചേർന്ന് ആഹ്ലാദിക്കുന്നു.

ക്രൂബേന്മാർക്ക് പോലും അവന്റെ സ്ഥാനം അന്യമായതിനാൽ ആ മറഞ്ഞിരിക്കുന്ന ജനനം രഹസ്യമായിരിക്കുന്നു.

എന്നാൽ അവൻ ഭൂമിയിലെ ജീവജാലങ്ങളിൽ പകർന്ന അനുകമ്പയാൽ ഈ ജനനം പ്രകടമാകുന്നു.

പിതാവിൽ നിന്നുള്ള ജനനമോ മറിയത്തിൽ നിന്നുള്ള ജനനമോ വിശദീകരിക്കപ്പെട്ടിട്ടില്ല.

കാരണം നിന്റെ ജനനം അദ്വിതീയമാണ്;

മറഞ്ഞിരിക്കുന്നു, അതുപോലെ വെളിപ്പെട്ടിരിക്കുന്നു; അത് വിവരണാതീതവുമാണ്.

കാലങ്ങൾക്കപ്പുറമുള്ള നിന്റെ ജനനം അതുല്യമാണ്, അതിനെക്കുറിച്ച് പറയുക സാധ്യമല്ല.

എന്നാൽ ഈ ജനനം കന്യകാത്വത്തിന്റെ മുദ്രകൾക്കുള്ളിലാണ്.

## ഉപകാരസ്മരണ



**യൂദാശ്ലീഹായോടുള്ള പ്രാർത്ഥന**

മിശിഹായുടെ ചാർച്ചക്കാരനും/വിശ്വസ്തദാസനുമായ വി. യൂദാതദേവൂസേ/ ഒറ്റിക്കൊടുത്തവന്റെ പേരുമൂലം മഹിമയേറിയ അപ്പസ്തോലനായ അങ്ങ് വിസ്മരിക്കപ്പെടുവാൻ കാരണമായി./ എന്നാൽ കത്തോലിക്കാസഭ മുഴുവനും അങ്ങയെ നിരാശരുടേയും അസാദ്ധ്യകാര്യങ്ങളുടെയും/ മദ്ധ്യസ്ഥനായി ബഹുമാനിക്കുകയും/ അങ്ങയോട് അഭ്യർത്ഥിക്കുകയും ചെയ്യുന്നുവല്ലോ. നിരവധി ക്ലേശങ്ങൾ അനുഭവിക്കുന്ന എനിക്ക്/അങ്ങയുടെ മദ്ധ്യസ്ഥതയിൽ (ഇവിടെ ആവശ്യം പറയുക)/ ഈ അനുഗ്രഹം സാധിച്ചു തരണമെ./എന്റെ എല്ലാ ആവശ്യങ്ങളിലും/ വിശിഷ്യ ഇപ്പോൾ എനിക്കു നേരിട്ടിരിക്കുന്ന ആപത്തിലും/ എന്നെ പ്രത്യേകം സംരക്ഷിക്കണമേ./ഈ ഉപകാരം ഞാൻ എന്നും ഓർത്തുകൊള്ളാമെന്നും/ എന്റെ പ്രത്യേക മദ്ധ്യസ്ഥനായി/അങ്ങയെ നിരന്തരം ബഹുമാനിച്ചു കൊള്ളാമെന്നും/ഞാൻ വാഗ്ദാനം ചെയ്യുന്നു.

**ഒരു വിശ്വാസി, കല്ലിശ്ശേരി**

ഉപകാരസ്മരണ




യൂദാശ്ലീഹായോടുള്ള പ്രാർത്ഥന

മിശിഹായുടെ ചാർച്ചക്കാരനും/വിശ്വസ്തദാസനുമായ വി. യൂദാതദേവൂസേ/ ഒറ്റിക്കൊടുത്തവന്റെ പേരുമൂലം മഹിമയേറിയ അപ്പസ്തോലനായ അങ്ങ് വിസ്മരിക്കപ്പെടുവാൻ കാരണമായി./ എന്നാൽ കത്തോലിക്കാസഭ മുഴുവനും അങ്ങയെ നിരാശരുടേയും അസാദ്ധ്യകാര്യങ്ങളുടെയും/ മദ്ധ്യസ്ഥനായി ബഹുമാനിക്കുകയും/ അങ്ങയോട് അഭ്യർത്ഥിക്കുകയും ചെയ്യുന്നുവല്ലോ. നിരവധി ക്ലേശങ്ങൾ അനുഭവിക്കുന്ന എനിക്ക്/അങ്ങയുടെ മദ്ധ്യസ്ഥതയിൽ (ഇവിടെ ആവശ്യം പറയുക)/ ഈ അനുഗ്രഹം സാധിച്ചു തരണമെ./എന്റെ എല്ലാ ആവശ്യങ്ങളിലും/ വിശിഷ്യ ഇപ്പോൾ എനിക്കു നേരിട്ടിരിക്കുന്ന ആപത്തിലും/ എന്നെ പ്രത്യേകം സംരക്ഷിക്കണമേ./ഈ ഉപകാരം ഞാൻ എന്നും ഓർത്തുകൊള്ളാമെന്നും/ എന്റെ പ്രത്യേക മദ്ധ്യസ്ഥനായി/അങ്ങയെ നിരന്തരം ബഹുമാനിച്ചു കൊള്ളാമെന്നും/ഞാൻ വാഗ്ദാനം ചെയ്യുന്നു.

ഒരു വിശ്വാസി, കല്ലിശ്ശേരി

ഉപകാരസ്മരണ



യൂദാശ്ലീഹായോടുള്ള പ്രാർത്ഥന

മിശിഹായുടെ ചാർച്ചക്കാരനും/വിശ്വസ്തദാസനുമായ വി. യൂദാതദേവൂസേ/ ഒറ്റിക്കൊടുത്തവന്റെ പേരുമൂലം മഹിമയേറിയ അപ്പസ്തോലനായ അങ്ങ് വിസ്മരിക്കപ്പെടുവാൻ കാരണമായി./ എന്നാൽ കത്തോലിക്കാസഭ മുഴുവനും അങ്ങയെ നിരാശരുടേയും അസാദ്ധ്യകാര്യങ്ങളുടെയും/ മദ്ധ്യസ്ഥനായി ബഹുമാനിക്കുകയും/ അങ്ങയോട് അഭ്യർത്ഥിക്കുകയും ചെയ്യുന്നുവല്ലോ. നിരവധി ക്ലേശങ്ങൾ അനുഭവിക്കുന്ന എനിക്ക്/അങ്ങയുടെ മദ്ധ്യസ്ഥതയിൽ (ഇവിടെ ആവശ്യം പറയുക)/ ഈ അനുഗ്രഹം സാധിച്ചു തരണമെ./എന്റെ എല്ലാ ആവശ്യങ്ങളിലും/ വിശിഷ്യ ഇപ്പോൾ എനിക്കു നേരിട്ടിരിക്കുന്ന ആപത്തിലും/ എന്നെ പ്രത്യേകം സംരക്ഷിക്കണമേ./ഈ ഉപകാരം ഞാൻ എന്നും ഓർത്തുകൊള്ളാമെന്നും/ എന്റെ പ്രത്യേക മദ്ധ്യസ്ഥനായി/അങ്ങയെ നിരന്തരം ബഹുമാനിച്ചു കൊള്ളാമെന്നും/ഞാൻ വാഗ്ദാനം ചെയ്യുന്നു.

ഒരു വിശ്വാസി, കല്ലിശ്ശേരി

www.malankaralibrary.com


ആദ്യജനനത്തെക്കുറിച്ച്, എങ്ങനെ, എപ്പോൾ എന്ന് പറയുവാൻ പോലും ആർക്കും കഴിയില്ല.

രണ്ടാമത്തെ ജനനം പോലും അതിന്റെ പ്രതാപത്താൽ ശാസ്ത്രിമാരെ അമ്പരപ്പിക്കുന്നു'.

സാറൂഗിലെ മാർ യാക്കോബ് ഈ ജനനത്തിന്റെ അത്ഭുതപരതന്ത്രതയെക്കുറിച്ച് വിവരിക്കുന്നു: '?പുത്രൻതമ്പുരാന്റെ ജനനം ദൈവികവും മാനുഷികവുമാണ്. അത് അന്വേഷിക്കേണ്ടതില്ല, കാരണം അവന്റെ അത്ഭുതം പരിധിയില്ലാത്തതാണ്. അവൻ ദിവ്യനാണ്, കന്യക കന്യകയായ രീതിയിൽതന്നെ അവനെ പ്രസവിച്ചു. ഗർഭപാത്രം ശാരീരികമായി അവനെ പ്രസവിച്ചതിനാൽ അവനും മനുഷ്യനാണ്. ഒരാൾ മാത്രമാണ് ശിശു, യഥാർത്ഥ പുത്രൻ, എല്ലാം തികഞ്ഞവനും അത്ഭുതവും, പിതാവിൽ നിന്ന് ജനിച്ചവനും, ശ്രോപ്പേന്മാരിൽ നിന്ന് മറഞ്ഞിരിക്കുന്നവനും, മനുഷ്യർ ആരാധിക്കുന്നവനും. ദൈവിക സത്തയിൽ നിന്നും മനുഷ്യത്വത്തിൽ നിന്നും ഏകജാതനായ ദൈവപുത്രനും മനുഷ്യപുത്രനുമാണ് അവൻ. മഹത്വത്തിന്റെ പുത്രനും മറിയത്തിന്റെ മകനും, ഒരൊറ്റ വീണ്ടെടുപ്പുകാരനും. ഉന്നതത്തിൽ നിന്നും ദാവീദിന്റെ മകളിൽ നിന്നും എല്ലാറ്റിന്റെയും ഏക കർത്താവായ ഒരൊറ്റ ശക്തി'.

സാറൂഗിലെ മാർ യാക്കോബ് ഈ ജനനത്തിന്റെ അത്ഭുതപരതന്ത്രതയെക്കുറിച്ച് വീണ്ടും പ്രഘോഷിക്കുന്നു: 'ഒരു ഗർഭപാത്രം നിന്നെ പൊതിഞ്ഞു, എന്നിട്ടും ഒരു വാക്ക് നിനക്ക് എങ്ങനെ മതിയാകും? ഒരു ഗർഭപാത്രം നിന്നെ വഹിച്ചു, എന്നിട്ടും നിന്നെക്കുറിച്ച് പറയുവാൻ ഭയപ്പെടാത്തവർ ആരുണ്ട്?

കരങ്ങൾ നിന്നെ വഹിച്ചു, പക്ഷേ ആരെങ്കിലും നിന്നെക്കുറിച്ച് സംസാരിക്കുന്നത് പ്രശംസനീയമാണ്; സ്തനങ്ങൾ നിന്നെ പോഷിപ്പിച്ചു, എന്നിട്ടും നിന്നിൽ ആശ്ചര്യപ്പെടാതിരിക്കുന്നത് നന്ദികേടാണ്.

ഈ കാര്യങ്ങൾ നിമിത്തം പണ്ഡിതൻ നിന്നെ കാണുമ്പോൾ ഇടറുന്നു;

ജ്ഞാനിയുടെ വാക്ക് നിനക്കു പര്യാപ്തമല്ലാത്തതിനാൽ അവൻ തോറ്റുപോയി.

സ്വർഗ്ഗം നിന്റെ മഹത്വത്താൽ നിറഞ്ഞിരിക്കുന്നു. അതേസമയം നീ ഗർഭപാത്രത്തിൽ വസിക്കുന്നു.

ഇക്കാരണത്താൽ തർക്കിക്കുന്നവൻ നിന്നെ അറിയാതെ ഇടറുന്നു; നിന്നെ സ്തുതിക്കാതെ അവന്റെ വചനം കലഹത്തിൽ അകപ്പെട്ടിരിക്കുന്നു'.

പ്രാർത്ഥനകളും സഭാപിതാക്കന്മാരുടെ രചനകളുമെല്ലാം തന്നെ യേശു പൂർണ്ണദൈവവും പൂർണ്ണമനുഷ്യനുമായിരുന്നു എന്ന് സാക്ഷിക്കുന്നു. ദൈവവും മനുഷ്യനുമായിരുന്നതിനാൽ യേശു ഒരേ സമയം വൃദ്ധനും ശിശുവുമായിരുന്നു.

## വിരോധാഭാസവും വൈരുദ്ധ്യാത്മകതയും

പുത്രൻതമ്പുരാന്റെ മനുഷ്യാവതാരം വിരോധാഭാസവും വൈരുദ്ധ്യവും നിറഞ്ഞതാണ്. ഒരു വ്യക്തി എങ്ങനെ പൂർണ്ണദൈവവും പൂർണ്ണമനുഷ്യനുമാകുമെന്നുള്ളത് പരസ്പരവിരുദ്ധമായ കാര്യങ്ങളാണ്. എന്നാൽ, ദൈവമായവന് എല്ലാം സാധ്യമാകുമെന്നതിനാൽ അതിന്റെ സാധുതയെ സംശയിക്കേണ്ട ഒരു കാര്യവുമില്ല. മനുഷ്യാവതാരത്തിലെ ഈ വൈരുദ്ധ്യാത്മകതയും വിരോധാഭാസവും ആരാധനയിലും സഭാപിതാക്കന്മാരുടെ രചനകളിലും കണ്ടെത്തുവാൻ സാധിക്കും.

മാർ അപ്രേം തന്റെ മനുഷ്യാവതാരഗീതങ്ങളിൽ വൈരുദ്ധ്യാത്മക ആശയങ്ങൾ അവതരിപ്പിച്ചിരിക്കുന്നു:

അത്ഭുതത്തിന് കാരണമാം നിന്നുടെ ജനനി:

കർത്താവ് അവളിൽ പ്രവേശിച്ചു, ദാസനായി;

വചനമായവൻ അവളിൽ പ്രവേശിച്ചു, അവളുടെ ഉള്ളിൽ നിശബ്ദനായി;

ഇടിമുഴക്കം അവളിൽ പ്രവേശിച്ചു, എങ്കിലും ശബ്ദമുണ്ടാക്കിയില്ല;

എല്ലാവരുടെയും ഇടയൻ അവളിൽ പ്രവേശിച്ചു, അവളിൽ അവൻ കുഞ്ഞാടായിത്തീർന്നു.

മാതാവിൻ ഗർഭപാത്രം അവസ്ഥകൾ മാറ്റിമറിച്ചു:

എല്ലാറ്റിന്റെയും സ്ഥാപകൻ അവന്റെ സമ്പന്നതയിൽ അവളിൽ പ്രവേശിച്ചു,

എന്നാൽ ദരിദ്രനായി പുറത്തുവന്നു; ഉന്നതൻ അവളിൽ പ്രവേശിച്ചു,

എന്നാൽ അപ്പമായി പുറത്തുവന്നു; അതിമനോഹരനായവൻ അവളിൽ പ്രവേശിച്ചു,

പക്ഷേ താഴ്ന്ന നിറം ധരിച്ച് പുറത്തുവന്നു.

ശക്തനായവൻ അവളിൽ പ്രവേശിച്ചു, അവളുടെ ഗർഭപാത്രത്തിൽ നിന്ന് അരക്ഷിതാവസ്ഥ ധരിച്ചു;

എല്ലാവരുടെയും പരിപാലകൻ അവളിൽ പ്രവേശിച്ചു, അവന് വിശപ്പ് അനുഭവപ്പെട്ടു;

എല്ലാവർക്കും പാനീയം നൽകുന്നവൻ അവളിൽ പ്രവേശിച്ചു, അവന് ദാഹം അനുഭവപ്പെട്ടു:

എല്ലാവരെയും വസ്ത്രം ധരിപ്പിക്കുന്നവൻ നഗ്നനായി അവളിൽ നിന്ന് പുറപ്പെട്ടു.

സാറൂഗിലെ മാർ യാക്കോബും മാർ അപ്രേമിന്റെ പാത പിന്തുടരുന്നു:

തീജ്വാലകൾ ധരിച്ച് രഥത്തിൽ വസിക്കുന്നവൻ ഒരു കന്യകയിൽനിന്ന് ഗർഭം ധരിച്ചു, ഒരു ഗുഹയിൽ ജനിച്ചു, ഒരു പുൽത്തൊട്ടിയിൽ കിടന്നു.

വീണുപോയ ആദാമിനെ ജയിപ്പിക്കുന്നതിനായി അവന്റെ ശരീരം അവൻ സ്വയം ഏറ്റെടുത്തു.

പെൺകുഞ്ഞാട് സിംഹക്കുട്ടിയെ പ്രസവിച്ചു, പ്രാവ് കഴുകനെ പ്രസവിച്ചു, പാപികൾക്ക് വേണ്ടി ബലിയർപ്പിക്കുവാൻ പ്രിയപ്പെട്ട പശുക്കിടാവ് തടിച്ച കാളയെ പ്രസവിച്ചു.

ഇതാ പുതിയ ദൃശ്യം, പുൽത്തൊട്ടിയിൽ സൂര്യൻ, വസ്ത്രത്തിൽ പൊതിയപ്പെട്ട അഗ്നി, പാൽ കുടിക്കുന്ന തീജ്വാല, വൃദ്ധനായ കുട്ടിയെ ചുമക്കുന്ന കന്യകാമറിയം.

അവൻ തന്റെ ദൈവിക സത്തയിൽ മറഞ്ഞിരി

www.malankaralibrary.com

ക്കുന്നു, അവൻ മനുഷ്യത്വത്തിൽ വെളിപ്പെടുന്നു.

രഥത്തിലോ മേരിയോടൊപ്പമോ നിന്നെ എവിടെ കണ്ടെത്തും;

നിന്റെ പിതാവിനൊപ്പമോ, അതോ യൂദാ ദേശത്ത് ഔസേപ്പിന്റെ കൂടെയോ?

നിന്റെ പിതാവിന്റെ മടിയിലോ, അതോ മറിയത്തിന്റെ മടിയിലോ;

ഭൗതിക മാതാവിനോടൊപ്പമോ അതോ സ്ഫടികസിംഹാസനത്തിലോ?

ക്രൂബേന്മാരുടെ മുതുകിൽ ഞാൻ നിന്നെ ദർശിക്കുമോ

അതോ വിശ്വാസിയായ സ്ത്രീയുടെ കാൽമുട്ടിന്മേൽ നിന്റെ മഹത്വം കുടികൊള്ളുമോ?

നിന്റെ തെളിച്ചം അഗ്നി കിരണങ്ങളുടെ സൈന്യങ്ങളിലാണോ

അതോ, പുൽത്തൊട്ടിയിൽ വസ്ത്രം ചുറ്റപ്പെട്ട ഒരു പാവം ശിശുവിനെപ്പോലെയോ?

സന്ധ്യാപ്രാർത്ഥനയുടെ ബോവൂസോയിൽ ഈ വൈരുദ്ധ്യാത്മകത കാണാം

സ്വർലോകത്തിൽ തേരിൽ വാഴുന്നവനെ ക്കാൺമിൻ

പേറീടുന്നു കന്യകയവനെ തൻകരതാരിൽ

പ്രഭാതപ്രാർത്ഥനയിലെ ഗീതത്തിലും സെദറായിലും മനുഷ്യാവതാരവുമായി ബന്ധപ്പെട്ട വിരോധാഭാസദ്യോതകമായ ആശയങ്ങൾ ഉൾക്കൊള്ളിച്ചിരിക്കുന്നു:

ആദാമ്യൻ ജനകന്
ബാലിക മാതാവായ് തീർന്നു.

എങ്ങനെ മകനേ ഞാൻ നിന്നെ പരിലാളിക്കും
എന്നിൽ മുതിർന്നോനെൻ തനയൻ
ഞനേറ്റോനെന്നേയേറ്റു.

സെദറായിൽ നാം ഇപ്രകാരം പ്രാർത്ഥിക്കുന്നു: 'ഉദരങ്ങളിൽ ശിശുക്കളെ വളർത്തുന്നവൻ തിരുവിഷ്ടത്തോടെ ഉദരത്തിനുള്ളിൽ ശിശുവായി മാറി. ലോകങ്ങൾക്കും സൃഷ്ടികൾക്കും മുമ്പേയുള്ളവനും ദാവീദിനെ സൃഷ്ടിച്ചവനുമായവൻ കാലപൂർണ്ണതയിൽ ദാവീദുപുത്രിയിൽ നിന്ന് ജനിച്ചു. തലമുറകളെക്കാളും വംശങ്ങളെക്കാളും പൂർവ്വികൻ കാലാവസാനത്തിൽ ചെറിയ ശിശുവിനെപ്പോലെ കാണപ്പെട്ടു. തന്റെ ബലത്താൽ ആകാശമണ്ഡലത്തെ വഹിച്ചിരുന്നവനെ പെൺകുട്ടി അവളുടെ കൈകളിൽ ലഘുവായി വഹിച്ചു. തന്റെ ആംഗ്യത്താൽ സൃഷ്ടികളെ പായിക്കുന്നവൻ ബേത്‌ലഹേമിൽ ശിശുവിനെപ്പോലെ ശാന്തമായി നീന്തിനടന്നു. ആകാശവും ഭൂമിയും നിന്നാൽ പൂർണ്ണമായി നിറഞ്ഞിരിക്കെ ഗുഹയിൽ കിടന്നതിനാൽ നീ അത്ഭുതമാകുന്നു. ശ്രേഷ്ഠനായ അദൃശ്യനും അവർണ്ണ്യനുമായ ദൈവമായിരിക്കെ മനുഷ്യനായിത്തീർന്നതിനാൽ നീ അത്ഭുതമാകുന്നു'.


ഒരേ സമയം ശാശ്വതവും കാലികവും, അനന്തവും പരിമിതവും, ദൈവികത്വവും മനുഷ്യത്വവും ഉൾക്കൊള്ളുന്നതായ ആശയങ്ങളാണ് ഈ പ്രാർത്ഥ

## ഉപകാരസ്മരണ



ഒരു വിശ്വാസി

## ഉപകാരസ്മരണ



**യൂദാശ്ലീഹായോടുള്ള പ്രാർത്ഥന**

മിശിഹായുടെ ചാർച്ചക്കാരനും/വിശ്വസ്തദാസനുമായ വി. യൂദാതദേവൂസേ/ ഒറ്റിക്കൊടുത്തവന്റെ പേരുമൂലം മഹിമയേറിയ അപ്പസ്തോലനായ അങ്ങ് വിസ്മരിക്കപ്പെടുവാൻ കാരണമായി./ എന്നാൽ കത്തോലിക്കാസഭ മുഴുവനും അങ്ങയെ നിരാശരുടേയും അസാദ്ധ്യകാര്യങ്ങളുടെയും/ മദ്ധ്യസ്ഥനായി ബഹുമാനിക്കുകയും/ അങ്ങയോട് അഭ്യർത്ഥിക്കുകയും ചെയ്യുന്നുവല്ലോ. നിരവധി ക്ലേശങ്ങൾ അനുഭവിക്കുന്ന എനിക്ക്/അങ്ങയുടെ മദ്ധ്യസ്ഥതയിൽ (ഇവിടെ ആവശ്യം പറയുക)/ ഈ അനുഗ്രഹം സാധിച്ചു തരണമെ./എന്റെ എല്ലാ ആവശ്യങ്ങളിലും/ വിശിഷ്യ ഇപ്പോൾ എനിക്കു നേരിട്ടിരിക്കുന്ന ആപത്തിലും/ എന്നെ പ്രത്യേകം സംരക്ഷിക്കണമേ./ഈ ഉപകാരം ഞാൻ എന്നും ഓർത്തുകൊള്ളാമെന്നും/ എന്റെ പ്രത്യേക മദ്ധ്യസ്ഥനായി/അങ്ങയെ നിരന്തരം ബഹുമാനിച്ചു കൊള്ളാമെന്നും/ഞാൻ വാഗ്ദാനം ചെയ്യുന്നു.

## ഉപകാരസ്മരണ



**യൂദാശ്ലീഹായോടുള്ള പ്രാർത്ഥന**

മിശിഹായുടെ ചാർച്ചക്കാരനും/വിശ്വസ്തദാസനുമായ വി. യൂദാതദേവൂസേ/ ഒറ്റിക്കൊടുത്തവന്റെ പേരുമൂലം മഹിമയേറിയ അപ്പസ്തോലനായ അങ്ങ് വിസ്മരിക്കപ്പെടുവാൻ കാരണമായി./ എന്നാൽ കത്തോലിക്കാസഭ മുഴുവനും അങ്ങയെ നിരാശരുടേയും അസാദ്ധ്യകാര്യങ്ങളുടെയും/ മദ്ധ്യസ്ഥനായി ബഹുമാനിക്കുകയും/ അങ്ങയോട് അഭ്യർത്ഥിക്കുകയും ചെയ്യുന്നുവല്ലോ. നിരവധി ക്ലേശങ്ങൾ അനുഭവിക്കുന്ന എനിക്ക്/അങ്ങയുടെ മദ്ധ്യസ്ഥതയിൽ (ഇവിടെ ആവശ്യം പറയുക)/ ഈ അനുഗ്രഹം സാധിച്ചു തരണമെ./എന്റെ എല്ലാ ആവശ്യങ്ങളിലും/ വിശിഷ്യ ഇപ്പോൾ എനിക്കു നേരിട്ടിരിക്കുന്ന ആപത്തിലും/ എന്നെ പ്രത്യേകം സംരക്ഷിക്കണമേ./ഈ ഉപകാരം ഞാൻ എന്നും ഓർത്തുകൊള്ളാമെന്നും/ എന്റെ പ്രത്യേക മദ്ധ്യസ്ഥനായി/അങ്ങയെ നിരന്തരം ബഹുമാനിച്ചു കൊള്ളാമെന്നും/ഞാൻ വാഗ്ദാനം ചെയ്യുന്നു.

ഒരു വിശ്വാസി, മിനി

www.malankaralibrary.com


നകളിലും പിതാക്കന്മാരുടെ രചനകളിലും കാണുവാൻ സാധിക്കുന്നത്. അതിനാലാണ് പുത്രൻതമ്പുരാന്റെ രക്ഷാകരദൗത്യത്തെ ഒരു അത്ഭുതമായി സഭ വീക്ഷിക്കുന്നതും വിശ്വസിക്കുന്നതും.

## വിശുദ്ധ സമയം

പഴയനിയമത്തിലെ പ്രതിരൂപാത്മകത പേറുന്ന എല്ലാ തിരുനാളുകൾക്കും വിശുദ്ധ സഭയിൽ ഒരു യഥാർത്ഥ തിരുനാൾ ഉണ്ട്. അപ്രേമിനെ സംബന്ധിച്ചിടത്തോളം, കർത്താവിന്റെ മനുഷ്യാവതാരം പരമോന്നതമായ തിരുനാളായിരുന്നു, കാരണം അത് യേശുക്രിസ്തുവിലൂടെ മനുഷ്യരാശിയുടെ രക്ഷയ്ക്ക് തുടക്കമിട്ടു. എന്നാൽ ദൈവവുമായുള്ള മനുഷ്യന്റെ ഓരോ കണ്ടുമുട്ടലും അദ്ദേഹത്തിന്റെ വീക്ഷണത്തിൽ വലിയ തിരുനാളായിരുന്നു. ദൈവപുത്രൻ മനുഷ്യാവതാരത്തിൽ മനുഷ്യത്വം ധരിച്ചതുപോലെ, ഓരോ ക്രിസ്ത്യാനിയും രക്ഷയുടെ ദൈവിക വസ്ത്രം ധരിച്ചിരിക്കുന്നു.

ക്രിസ്തുവിന്റെ ജനനത്തിരുനാൾ മുഴുവൻ രക്ഷാകരദൗത്യത്തിന്റെയും ആഘോഷമായിരുന്നു. അതിനാൽ ക്രിസ്തുവിന്റെ മനുഷ്യാവതാരം, മരണം, പുനരുത്ഥാനം, സ്വർഗ്ഗാരോഹണം എന്നീ വിഷയങ്ങളെ ജനനത്തിരുനാളുമായി ബന്ധപ്പെട്ട സ്തുതിഗീതങ്ങളിൽ മാർ അപ്രേം സംബോധന ചെയ്തിരുന്നു. പുത്രൻതമ്പുരാന്റെ മനുഷ്യാവതാരവും തുടർന്നുള്ള എല്ലാ രക്ഷാകരദൗത്യങ്ങളും പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു. സൃഷ്ടി മുതൽ ക്രിസ്തുവിന്റെ രണ്ടാമാഗമനം വരെയുള്ള എല്ലാ രക്ഷാകരദൗത്യങ്ങളും ദൈവിക സമയത്തിന്റെ കാഴ്ചപ്പാടിൽ ഒറ്റ ഒരു രക്ഷാകരസംഭവമാണ്.

തീ ഉഴലിച്ച ശുശ്രൂഷയുടെ സെദറായിൽ ദൈവികസമയത്തിൽ നാം ഇന്ന് ജനനത്തിരുന്നാളിൽ പങ്കെടുക്കുന്നു എന്ന് അനുസ്മരിച്ചുകൊണ്ട് നാം ഇപ്രകാരം പ്രാർത്ഥിക്കുന്നു: “ഞങ്ങളുടെ രക്ഷയ്ക്കുവേണ്ടിയുള്ള നിന്റെ മനുഷ്യാവതാരവൃത്താന്തം തികച്ചും അവർണ്ണനീയമാകുന്നു. ആകയാൽ, അത്ഭുതശിശുവേ, കന്യകമറിയാമിൽ നിന്നുള്ള നിന്റെ വിശുദ്ധവും മഹനീയവുമായ ജനനത്തിന്റെ ഈ ദിവസത്തിൽ തിരുസന്നിധിയിൽ അർപ്പിക്കുന്ന ഈ സുഗന്ധധൂപം മുഖാന്തരം...”

തീ ഉഴലിച്ച ശുശ്രൂഷയുടെ മദ്റോശോയിൽ 2000 വർഷങ്ങൾക്ക് മുമ്പ് സംഭവിച്ച പുത്രൻതമ്പുരാന്റെ മനുഷ്യാവതാരം ദൈവികസമയത്തിൽ എപ്പോഴും സംഭവിക്കുന്നു എന്ന് നാം ഇപ്രകാരം പാടുന്നു:

തലമുറകൾ തോറും ജനനപ്പെരുനാൾ
ആഹ്ലാദപൂർവ്വം ഘോഷിക്കുന്നു.
ഇപ്പെരുനാൾ ദിനമോ അനുഗ്രഹീതം
ഇന്നാദ്യജാതൻ ജാതം ചെയ്തു.
ദിനമിതു തൻ വരവിൽ നിന്നോടുപമം
ഇദ്ദിവസം മനുജന്നപരിത്യാജം.
പാപികൾ തൻ പേർക്കായ് കൃപ തൂകട്ടെ
ഇപ്പെരുന്നാളെന്നും സർവ്വോൽകൃഷ്ടം.
ഇദ്ദിവസം രക്ഷാചഷകം പേറും
മുന്തിരിവല്ലരിതൻ നവമാം കുലയും
വിത്തുകൾ ഭൂഗോപ്യം വാഴും മാസേ
ഉദരേനിന്നുളവായ് ജീവൻ കതിരും.

രക്ഷാകരചരിത്രത്തിലെ എല്ലാ സംഭവങ്ങളെയും ദൈവികസമയത്തിന്റെ കാഴ്ചപ്പാടിൽ ഒറ്റ സംഭവമായി നാം വിശ്വസിക്കുന്നു. അതേപോലെ തന്നെ ചരിത്രത്തിന്റെ ഏത് ദശാസന്ധിയിലും നാം ആരാധനയിൽ പങ്കെടുക്കുമ്പോൾ ദൈവികസമയത്തിൽ നാം ക്രിസ്തു 2000 വർഷങ്ങൾക്ക് മുമ്പ് അനുസ്മരണയല്ല. ദൈവികസമയത്തും ദൈവികസ്ഥലത്തും നാമും ബേത്‌ലഹേമിലെ കാലിത്തൊഴുത്തിൽ സന്നിഹിതരാണ്.

## മനുഷ്യാവതാരത്തിന്റെ ഫലങ്ങൾ

സാറൂഗിലെ മാർ യാക്കോബ് മനുഷ്യാവതാരം മൂലമുണ്ടായ നന്മകൾ ഇപ്രകാരം വിവരിക്കുന്നു: ‘സ്വർഗ്ഗവും ഭൂമിയും യോജിക്കപ്പെട്ടു. മേലുള്ളവരെയും താഴെയുള്ളവരെയും തന്റെ ജനനത്താൽ പുത്രൻതമ്പുരാൻ ഒന്നിപ്പിച്ചു. അവരുടെയിടയിൽ സമാധാനവും നിരപ്പും സ്ഥാപിച്ചു. സ്വർഗ്ഗത്തിനും ഭൂമിക്കുമിടയിൽ ഉണ്ടായിരുന്ന വേലി തന്റെ മനുഷ്യാവതാരത്താൽ പുത്രൻതമ്പുരാൻ പൊളിച്ചുനീക്കി. ഈ മനുഷ്യാവതാരത്താൽ ആദാമ്യവർഗ്ഗത്തിന് വിവിധനിലകളിൽ പ്രത്യാശയുണ്ടായി. ദൈവം തന്റെ പ്രതിരൂപത്തെ പിശാചിന്റെ അടിമത്വത്തിൽ നിന്ന് രക്ഷിച്ചു. സൃഷ്ടിയിൽ പ്രകാശം ഉദിപ്പിച്ച് സകല ദിക്കുകളിൽ നിന്നും അന്ധകാരം നീക്കി. ദൂരസ്ഥരെയും സമീപസ്ഥരെയും ഒന്നിപ്പിച്ചു. ഈ മനുഷ്യാവതാരത്താൽ പിതാവായ ദൈവവുമായി സൃഷ്ടി മുഴുവനെയും രമ്യപ്പെടുത്തി’.

## ഉപസംഹാരം

ആരാധനയിൽ പഴയനിയമപ്രവചനങ്ങളും പ്രതിരൂപങ്ങളും ഉപയോഗിച്ച് പുത്രൻതമ്പുരാന്റെ മനുഷ്യാവതാരം ദൈവികമായ പദ്ധതിയാണെന്ന് വ്യക്തമായി അവതരിപ്പിച്ചിരിക്കുന്നു. മനുഷ്യാവതാരത്തിന്റെ അത്ഭുതവശത്തിന് വളരെയധികം പ്രാധാന്യം വിരോധാഭാസപരമായ ആശയങ്ങൾ ഉപയോഗിച്ച് വെളിവാക്കുന്നു. ഈ ലേഖനത്തിൽ പുത്രൻതമ്പുരാന്റെ മനുഷ്യാവതാര ദൈവശാസ്ത്രത്തെ സുറിയാനി ആരാധനക്രമത്തിന്റെയും സഭാപിതാക്കന്മാരുടെ രചനകളുടെയും അടിസ്ഥാനത്തിൽ വെളിവാക്കുവാൻ ഉള്ള ഒരു എളിയ ശ്രമമാണ് നടത്തിയിട്ടുള്ളത്. ഒരു സമഗ്രമായ ദൈവശാസ്ത്ര വിചിന്തനം ഇതിലൂടെ സാധ്യമായിട്ടില്ല. ജനനത്തിരുനാളിന്റെ ആഴത്തിലുള്ള ദൈവശാസ്ത്രവിചിന്തനം സുറിയാനി പാരമ്പര്യത്തെ അടിസ്ഥാനമാക്കി കൂടുതൽ നടത്തേണ്ടിയിരിക്കുന്നു.

●

www.malankaralibrary.com






ഫാ. ചാക്കോ മേലേടത്ത്

## 'മായൽതൊ'
## നമ്മുടെ കർത്താവിന്റെ ദൈവാലയ പ്രവേശനം
## ഫെബ്രുവരി 02
## വി. ലൂക്കാ 2:22–24

ഇന്ന് തിരുസഭ മായൽത്തോ (നമ്മുടെ കർത്താവിന്റെ ദൈവാലയ പ്രവേശനം) തിരുന്നാൾ ആഘോഷിക്കുന്നു. വി. ലൂക്കാ 2:22 മുതൽ ഉള്ള ഭാഗങ്ങളാണ് ധ്യാന വിഷയം. വി. ഏവൻഗേലിയോന് ശേഷമുള്ള ഗാനത്തിൽ ഇതിന്റെ സംഗ്രഹം കാണാം. "ഏറിയ കാലം ഞാൻ പാർത്തു നിനക്കായി. ഇനിയും മൃത്യു രുചിപ്പാനായ് സ്വസ്ഥതയോടെ. അയക്കണമെന്നെയെന്നുര ചെയ്താശിമയോൻ യേശുവിനെ കൈകളിലേന്തി ആഘോഷിച്ചാൻ".

കർത്താവായ യേശുക്രിസ്തുവിനെ പ്രസവിച്ചതിന് ശേഷം പരി. കന്യകമറിയം, യഹൂദപാരമ്പര്യമനുസരിച്ച്, ശുദ്ധീകരണ നാളുകൾ കഴിഞ്ഞപ്പോൾ യേശുകുഞ്ഞിനെ ദൈവാലയത്തിൽ കൊണ്ടുവന്നു സമർപ്പിച്ചതിന്റെ ഓർമ്മ പുതുക്കുന്ന തിരുന്നാളാണ് ഇന്ന്. കടിഞ്ഞൂൽ പുത്രരെ ദൈവാലയത്തിൽ സമർപ്പിക്കുമ്പോൾ അവനവന്റെ സാമ്പത്തിക സാഹചര്യമനുസരിച്ച് പക്ഷിമൃഗാദികളെ വഴിപാടായി അർപ്പിക്കണം എന്നത് കൽപനയാണ്. ദാവീദിന്റെ കുടുംബമായിരുന്നെങ്കിലും ജോസഫിന്റെ കുടുംബം സമ്പന്നമായിരുന്നില്ല. പലരും കടിഞ്ഞൂൽ പുത്രരെ സമർപ്പിക്കുവാൻ ആടുമാടുകളോട് വരുമ്പോൾ ഒരു ജോഡി ചെങ്ങാലികളെയും രണ്ട് പ്രാവിൻ കുഞ്ഞുങ്ങളെയും ഏന്തി ദൈവാലയത്തിൽ വരുന്നത് സമൂഹ മധ്യേ മറ്റുള്ളവരുടെ മുമ്പിൽ അപമാനമുളവാക്കുന്നതാകാം. യേശുമിശിഹാ ആദ്യമായി ദൈവാലയത്തിൽ പ്രവേശിക്കുകയാണ് പഴയനിയമ യാഗവസ്തുക്കളേയും അവ സമർപ്പിക്കുന്നവരുടെ അപമാനത്തേയും ക്രിസ്തു നീക്കി താൻതന്നെ യാഗവസ്തുവായി തീരുന്നതിന്റെ മുൻകുറിയായി താൻ പ്രവേശിക്കുന്നു.

ദൈവാലയത്തിൽ യേശുകുഞ്ഞുമായി പ്രവേശിക്കുമ്പോൾ നീതിമാനും ദൈവഭക്തനുമായ ശിമയോൻ എന്നൊരു പുരോഹിതൻ കർത്താവിനെ കൈകളിലെടുത്ത് ദൈവത്തെ സ്തുതിക്കുന്നു. ഈയൊരു സംഭവം പിതാക്കന്മാരുടെ പാരമ്പര്യത്തിൽ പറയുന്നത് ഇപ്രകാരമാണ്. ടോളമി എന്നൊരു രാജാവ് ഈജിപ്റ്റ് ഭരിച്ചിരുന്ന കാലത്ത് പഴയനിയമ ഗ്രന്ഥങ്ങൾ ഗ്രീക്കിലേക്ക് തർജിമ ചെയ്യുന്നതിനായി 70 പുരോഹിതരെ ചുമതലപ്പെടുത്തുകയുണ്ടായി. ഈ 70 പേരിൽ ഒരാളായിരുന്നു ശിമയോൻ എന്ന പുരോഹിതൻ. ശിമയോന് തർജിമ ചെയ്യാൻ ലഭിച്ച പുസ്തകം ഏശയ്യാ പ്രവചനം ആയിരുന്നു. ഏശയ്യ 7:14 ൽ യുവതി ഗർഭം ധരിച്ച് ഒരു പുത്രനെ പ്രസവിക്കും എന്നൊരു വാക്യം വന്നപ്പോൾ ഈ പുരോഹിതന് സംശമുണ്ടായി. മൂലകൃതിയിൽ എന്തെങ്കിലും തെറ്റ് സംഭവിച്ചതായിരിക്കുമോ എന്നദ്ദേഹം ചിന്തിച്ചു സ്ത്രീ എന്നാണോ എഴുതേണ്ടത് എന്ന് ആലോചിച്ചിരിക്കെ ഒരു അശരീരി കേൾക്കപ്പെടുകയും അത് ഇപ്രകാരമായിരുന്നു ഈ സത്യം നീ കാണുന്നത് വരെ നീ മരിക്കുകയില്ല എന്ന്. ഇത് പ്രകാരം ദീർഘകാലം മരണം സംഭവിക്കാതെ ജീവിക്കുകയായിരുന്നു എന്ന് പറയപ്പെടുന്നു.

വി. കുർബാനയിൽ ഇന്ന് 7- ഓളം വചന ഭാഗങ്ങൾ വായിക്കപ്പെടുന്നു. പഴയനിയമ വായനകളും ഇതുമായി ബന്ധപ്പെട്ടവയാണ്. ലേവ്യർ 12:1–8 വരെ മാതാപിതാക്കളുടെ ശുദ്ധീകരണത്തേപ്പറ്റിയും ലേവ്യർ 22:17 മുതൽ ബലിയർപ്പണത്തേപ്പറ്റിയും ഏശയ്യാ 11:1–9 വരെ നീതിനിഷ്ഠനായ ഒരു രാജാവിനെപ്പറ്റിയും പ്രതിപാദിക്കുന്നു. 9–ാം വാക്യം. പരിശുദ്ധാത്മാവിനെ സൂചിപ്പിക്കുന്നു എന്ന് മായൽത്തോയുടെ സെദറായിൽ പറഞ്ഞിരിക്കുന്നു. "സമുദ്രം ജലം കൊണ്ടെന്നപോലെ ഭൂമി കർത്താവിനെക്കുറിച്ചുള്ള ജ്ഞാനം കൊണ്ട് നിറയും"

ശ്ലീഹാ വായനയിൽ യേശുക്രിസ്തു ബലിയായിത്തീരുന്നതിനേയും പരിശുദ്ധാത്മ പ്രവർത്തനത്തേയും സൂചിപ്പിക്കുന്നു. കർത്താവ് ജെറുശലേം ദൈവാലയത്തിൽ പ്രവേശിച്ചപ്പോൾ ദൈവാലയത്തിന്റെ സ്ഥിതി ആകെ മാറുകയാണ്. പരിശുദ്ധാ

www.malankaralibrary.com


ത്മാവിന്റെ വലിയൊരു പ്രവർത്തനം വ്യാപരിക്കുക യാണ്. അത് ശിമയോനിലൂടെയും അന്നയിലൂടെയും വെളിപ്പെടുകയാണ് (ലൂക്കാ 2:36).

നമ്മുടെ ജീവിതങ്ങളും കർത്താവിന്റെ പ്രവേശ നത്തോടെ വലിയ ദൈവാനുഗ്രഹം പ്രാപിക്കും എന്ന് വചനം പറയുന്നു. പരിശുദ്ധാത്മാവിന്റെ ശക്തിയാൽ ക്രിസ്തുവിന്റെ സ്നേഹത്തിന്റെ നീളവും, വീതിയും, ഉയരവും, ആഴവും ഗ്രഹിക്കുവാനും, അറിവിനെ അ തിശയിക്കുന്ന ക്രിസ്തുവിന്റെ സ്നേഹം ഗ്രഹിക്കു വാനും പരിശുദ്ധാത്മാവ് ശക്തിപ്പെടുത്തും (എഫേ. 3:18).

ദൈവത്തിന്റെ സാന്നിദ്ധ്യത്തിന് നമ്മുടെ ജീവിത ങ്ങളെ മാറ്റിമറിക്കാനുള്ള ശക്തിയുണ്ട് എന്ന് വചനം പറയുന്നു. നാം ചോദിക്കുന്നതിലും, ആഗ്രഹിക്കുന്ന തിലും വളരെ കൂടുതൽ ചെയ്തു തരാൻ കഴിയുന്ന വനാണ് പരിശുദ്ധാത്മാവ്.

നമ്മുടെ ശരീരമാകുന്ന ആലയത്തിലേക്കുള്ള ക്രിസ്തുവിന്റെ പ്രവേശനം വലിയ പരിശുദ്ധാത്മാ ശക്തി നമ്മിൽ വ്യാപരിക്കാനിടയാക്കും. സാഹചര്യ ങ്ങളെ രൂപാന്തരപ്പെടുത്തും.



**ഫാ. ജസ്റ്റിൻ ഓലിക്കൽ**

## ദനഹായ്ക്കുശേഷം അഞ്ചാം ഞായർ
## ഫെബ്രുവരി 9
## വി. മർക്കോസ് 1:12-20

പരിശുദ്ധ സഭ ഇന്ന് വിചിന്തനത്തിനായ് നല്കി യിരിക്കുന്ന സുവിശേഷഭാഗം വിശുദ്ധ മർക്കോസ് എഴുതിയ സുവിശേഷം ഒന്നാം അദ്ധ്യായം 12 മുതൽ 2....വരെയുള്ള തിരുവചനഭാഗങ്ങളാണ്. വ്യത്യസ്ത ങ്ങളായ മൂന്ന് രക്ഷാകര ചരിത്രത്തിലെ സംഭവങ്ങ ളായ് ഈ വേദഭാഗങ്ങൾ നമുക്ക് തോന്നാമെങ്കിലും ആന്തരികാർത്ഥ തലങ്ങളിൽ ഇവ പരസ്പരം ബന്ധ പ്പെട്ട തിരുവചനഭാഗങ്ങളാണ്. ഈ തിരുവചനത്തിന്റെ വരികളിലൂടെ കടന്നുപോകുമ്പോൾ ഒരുവന് ക്രിസ്തു ശിഷ്യനായിത്തീരുവാൻ അഥവ കുരിശിന്റെ പാത പിന്തുടരുവാൻ സ്വീകരിക്കേണ്ട പ്രധാന മൂന്ന് മാനദണ്ഡങ്ങൾ കാണുവാൻ സാധിക്കും.

ഒന്നാമതായി, പ്രതിസന്ധിഘട്ടങ്ങളിൽ, പ്രതികൂല നിമിഷങ്ങളിൽ പ്രാർത്ഥനയിൽ ആഴപ്പെടുക എന്നു ള്ളതാണ്. മർക്കോസ് 1:12-13 വാക്യങ്ങളിൽ നമുക്ക് കാണുവാൻ സാധിക്കും, കർത്താവേശുമിശിഹാ മരു ഭൂമിയിലേയ്ക്ക് നയിക്കപ്പെടുന്നു (1:12). അവൻ സാത്താനാൽ പരീക്ഷിക്കപ്പെട്ട്... അവൻ വന്യമൃഗ ങ്ങളോട് കൂടിയായിരുന്നു (1:13). ചുട്ടുപ്പൊള്ളുന്ന ചൂടും, മണലാരണ്യത്തിന്റെ കാഠിന്യവും അസഹ നീയമായ ശാരീരിക ബുദ്ധിമുട്ടുകളുമാണ് മരുഭൂമി നമുക്ക് സമ്മാനിക്കുന്നത്. കർത്താവേശുമിശിഹാ ഈ അനുഭവത്തിലേക്കാണ് പരസ്യജീവിതത്തിന് തൊട്ടുമുൻപ് കടന്നുവരുന്നത്. മലമുകളിൽ മരുപ്പച്ച യുടെ സ്വച്ഛതയിൽ ആടിനെ മേയിച്ച മോശയെ അടി മത്വത്തിന്റെ കഷ്ടപ്പാടുകളുടെ ചുട്ടുപൊള്ളുന്ന അനു ഭവങ്ങളുടെ ഈജിപ്തിലേയ്ക്ക് പറഞ്ഞയയ്ക്കുന്ന ദൈവത്തെ പുറപ്പാടിന്റെ പുസ്തകത്തിൽ കാണു വാൻ സാധിക്കും. അവൻ വന്യമൃഗങ്ങളോട് കൂടെ യായിരുന്നു (1:13) കാണുന്നു. വന്യമൃഗങ്ങൾക്ക് എപ്പോഴും കടിച്ചു കീറുന്ന സ്വഭാവം ഉണ്ട്. ദയയോ കാരുണ്യമോ വന്യമൃഗങ്ങളിൽ പ്രതീക്ഷിക്കേണ്ടതി ല്ല. സഹജീവികളെ കൊന്നൊടുക്കി ഭക്ഷണമാക്കുന്ന വന്യമൃഗങ്ങൾ എപ്പോഴും ഭീകരമുഖമാണ് നല്കു ന്നത്. കടിച്ചുകീറുവാൻ നില്ക്കുന്ന ഹേറോദേസി ന്റെയും മുമ്പിൽ വിഴുങ്ങുവാൻ നില്ക്കുന്ന ചെങ്കട ലിന്റെയും അവഹേളനവുമായി ജനത്തിന്റെയും മധ്യ ത്തിൽ നേതാവായി ഇസ്രായേൽ ജനത്തെ വാഗ്ദത്ത നാട്ടിലേയ്ക്ക് നയിക്കുന്ന വിക്കനായ മോശയെ പഴ യനിയമത്തിൽ കാണുവാൻ സാധിക്കും. അവഹേള നത്തിന്റെ ക്രൂരഭ്രംഷ്ടങ്ങൾ എയ്യുന്ന ബാലിന്റെ നല്പത് പുരോഹിതന്മാർക്ക് നടുവിലേയ്ക്ക് പ്രവാ ചക ശബ്ദമായി അയയ്ക്കപ്പെടുന്ന ഏലിയായെ (രാ ജാക്കന്മാർ 18:1-2) കാണുവാൻ സാധിക്കും. ഇവരുടെ ജീവിതപ്രതിസന്ധികളിൽ അവരെ താങ്ങിനിർത്തി യത് ദൈവത്തിന്റെ സന്നിധിയിൽ കരങ്ങളുയർത്തിയ പ്രാർത്ഥനയാണ്. കർത്താവേശുമിശിഹായുടെ മരു ഭൂമിയിലെ പരീക്ഷയെക്കുറിച്ച് വിവരിക്കുന്നത്. അവൻ നാല്പത് ദിവസം ഉപവസിച്ചു എന്നാണ് (മത്തായി 4:2). മനുഷ്യജീവിതത്തിലുണ്ടാകുന്ന പ്രതിസന്ധിക ളുടെ ചുട്ടുപ്പൊള്ളുന്ന അനുഭവങ്ങളിലും അവഹേള നങ്ങളിലും നമ്മെ ഇല്ലാതാക്കുന്ന അപഹാസ്യങ്ങ ളുടെ നടുവിലും പ്രാർത്ഥനയിൽ ആശ്രയിക്കുന്ന വർക്കാണ് മാലാഖമാർ ശുശ്രൂഷിക്കുന്ന അനുഭവം, അഥവ അത്ഭുതകരമായ വഴി നടത്തിപ്പുകൾ കാണു വാൻ സാധിക്കുന്നത്.

രണ്ടാമതായി, അനുതപിച്ച് സുവിശേഷമൂല്യ ങ്ങളെ അനുധാവനം ചെയ്യുന്നവനാണ് ക്രിസ്തുശി ഷ്യത്വത്തിലേയ്ക്ക് വരുവാൻ സാധിക്കുന്നത്. പാപ ത്തിന്റെ പടുകുഴിയിൽ ഉപവാസവും പ്രാർത്ഥനയും അനുതാപത്തിന്റെ ചുടുകണ്ണീരും വഴി ദൈവത്തിന്റെ സന്നിധിയിലേയ്ക്ക് നടന്നടുക്കുന്ന ദാവീദ് രാജാ വിനെ (2 സാമുവേൽ 12:13-20) കാണുവാൻ സാധി

www.malankaralibrary.com

ക്കും. ക്രൂശിന്റെ മുമ്പിൽ ഗുരുവിനെ തള്ളിപ്പറഞ്ഞ പത്രോസ് പുറത്ത് പോയി ഹൃദയം നൊന്ത് പൊട്ടി ക്കരഞ്ഞ് (മത്തായി 26:75 രക്തസാക്ഷിത്വത്തിലേയ്ക്ക് നടന്നടുക്കുന്നതായി പുതിയ നിയമത്തിന്റെ താളുക ളിൽ നാം കണ്ടുമുട്ടുന്നു. ഉപവാസവും പ്രാർത്ഥനയും വഴി അനുതാപത്തിന്റെ കണ്ണുനീർ കുമ്പസാരക്കൂട്ടിൽ പൊഴിക്കുന്ന ഓരോ വിശ്വാസിയെയും കാത്ത് സ്വർഗ്ഗ രാജ്യത്തിന്റെ അനുഭവമുണ്ടെന്ന യാഥാർത്ഥ്യം സുവി ശേഷകൻ വരച്ചുകാട്ടുന്നു. കുറ്റക്കാരനാണെന്ന ബോധ്യത്തോടെ തിരികെ വന്ന ധൂർത്തപുത്രനെ പ്പോലെ നമ്മുടെ ജീവിതസാഹചര്യങ്ങളിൽ ഉണ്ടാകാ വുന്ന കുറവുകളിൽ, പാപസാഹചര്യങ്ങളിൽ നിന്നു അനുതാപത്തോടെ കുമ്പസാരക്കൂട്ടിലേയ്ക്ക് തിരികെ നടക്കുകയാണ്. സുവിശേഷത്തിന്റെ ആനന്ദം നമ്മ ളിൽ നിറയുന്നത്. അനുതാപത്തോടെയുള്ള അനുധാ വനമാണ് ക്രിസ്തുശിഷ്യത്വത്തിന്റെ മാനദണ്ഡമെന്ന് സുവിശേഷകൻ നമ്മെ പ്രബോധിപ്പിക്കുന്നു.

മൂന്നാമതായി, അനന്തകാരുണ്യവാനായ ദൈവ ത്തിന്റെ വിളികേട്ട് ആത്മസമർപ്പണത്തോടെയുള്ള ആത്മാനുഗമനമാണ് ക്രിസ്തു ശിഷ്യത്വത്തിലേ ക്കുള്ള മാനദണ്ഡമെന്ന് ഈ വേദഭാഗം (1:11–20) നമ്മെ ഓർപ്പിക്കുന്നു. ഈ ആഗമനത്തിന് മൂന്ന് കാര്യ ങ്ങൾ ആവശ്യമാണ്.

**1. വിളി കേൾക്കുക –** ഗലീലി കടൽത്തീരത്തു കൂടി നടന്നുപോകുന്ന യേശു സാധാരണ ജീവിത ത്തിന്റെ ദൈനംദിന പ്രവൃത്തികളിലേർപ്പെട്ടിരുന്ന സാധാരണക്കാരായ മനുഷ്യരെയാണ് വിളിച്ചത്. ഈ വിളി കേട്ടയുടൻ അവനെ അനുഗമിക്കുന്ന ശിഷ്യന്മാ രെയാണ് ഇവിടെ കണ്ടുമുട്ടുന്നത്. പഴയനിയമത്തിൽ ദൈവത്തിന്റെ വിളി ശ്രവിക്കുന്ന അബ്രഹാമിനെയും എരിയാത്ത മുൾപടർപ്പിൽ നിന്ന് വിളി ശ്രവിക്കുന്ന മോശയെയും (പുറപ്പാട് 3:1–7), ദൈവാലയത്തിൽ ഉറ ങ്ങിക്കിടന്നപ്പോൾ അരുളപ്പാടിലൂടെ ദൈവത്തിന്റെ വിളി കേൾക്കുന്ന ബാലനായ സാമുവേലിനെയും (സാമുവേൽ 3:1–12) കാണുവാൻ സാധിക്കും. പുതിയ നിയമത്തിലേയ്ക്ക് കടന്നുവരുമ്പോൾ ദൈവത്തിന്റെ സ്വരം മാലാഖയുടെ വാക്കുകളിലൂടെ സ്വപ്നത്തിൽ ശ്രവിച്ച് ദൈവിക പദ്ധതികളോട് ചേർന്നു നില്ക്കുന്ന വിശുദ്ധ കന്യകമറിയാമിനെയും യൗസേപ്പ് പിതാവി നെയും പുതിയ നിയമത്തിന്റെ ഏടുകളിൽ കാണു വാൻ സാധിക്കും. ദൈവികപദ്ധതികൾക്ക്, ദൈവിക സ്വരം ശ്രവിച്ചുകൊണ്ട് വിശ്വാസത്തിന്റെ ആഴങ്ങളി ലേയ്ക്ക് ചാടിയിറങ്ങുന്ന വ്യക്തികളെയാണ് ഇവിടെ യെല്ലാം കാണുവാൻ സാധിക്കുന്നത്. "കർത്താവിൽ വിശ്വസിക്കുന്നവൻ സുരക്ഷിതനത്രേ" (സുഭാ. 29:25), "കർത്താവിനെ ആശ്രയിക്കുന്നവനെ അവിടുത്തെ സ്നേഹം വലയം ചെയ്യും" (സങ്കീ. 32:12). കർത്താ വിന്റെ വചനങ്ങളാണ് വിളി കേൾക്കുന്നവനെ ഓരോ ദിനവും ബലപ്പെടുത്തുന്നത്. നമ്മുടെ ജീവിതത്തിൽ നല്ല കുടുംബനാഥനായ്, നല്ല കുടുംബനാഥയായ്, മക്കളായ്, സഹോദരങ്ങളായ്, ദൈവത്തിന്റെ വിളി ക്കനുസരിച്ച് വചനത്തിൽ അധിഷ്ഠിതമായ് ജീവി തത്തെ ക്രമപ്പെടുത്തുമ്പോഴാണ് ക്രിസ്തുവിന്റെ ശിഷ്യനായ് തീരുവാൻ സാധിക്കുന്നത്. നമ്മൽ ലോകത്തിന്റെ തീരുമാനങ്ങൾക്ക് വിട്ടുകൊടുക്കാതെ ദൈവത്തിന്റെ തീരുമാനങ്ങൾക്ക് വിട്ടുകൊടുക്കു മ്പോൾ നമ്മുടെ ജീവിതത്തിൽ ക്രിസ്തുവിനെ അനു ഗമിക്കുവാൻ സാധിക്കുന്നത്.

**2. ഉപേക്ഷിക്കുന്നവനാണ് അനുഗമനം സാധ്യ മാകുന്നത്.** ബൈബിൾ പൂർണമായും പരിശോധി ക്കുമ്പോൾ നമ്മൾക്ക് മനസ്സിലാകും, എന്തെങ്കിലും ഉപേക്ഷിച്ചവർക്കാണ് ദൈവത്തിന്റെ ദാസർ എന്ന പദവിയിലേയ്ക്ക് കടന്നുവരുവാൻ സാധിച്ചിട്ടുള്ളത്. ശിഷ്യന്മാർക്ക് തങ്ങളുടെ വലയും വള്ളവും അപ്പ നെയും ഒക്കെ ഉപേക്ഷിക്കേണ്ടതായി വന്നു. അതാ യത് ലൗകികമായതെല്ലാം ഉപേക്ഷിച്ച് ദൈവാശ്ര യബോധത്തിൽ ദൈവത്തിലേയ്ക്ക് നടന്നടുക്കുന്ന ശിഷ്യന്മാരെയാണ് നമുക്ക് ഇവിടെ കാണുവാൻ സാധിക്കുന്നത്. ലോകത്തിന്റെ മോഹങ്ങൾ ത്യജിക്കു ന്നവന് സ്വർഗ്ഗത്തിന്റെ സന്തോഷം അനുഭവിക്കുവാൻ സാധിക്കും. നമ്മുടെ ജീവിതത്തിലെ സ്വാർത്ഥത കളെ, പാപഭാരങ്ങളെ, തഴക്കദോഷങ്ങളെ സ്നേഹ മില്ലായ്മകളെ, സമ്പത്തിനോടും മറ്റ് ലോകത്തിന്റെ സുഖങ്ങളോടുമുള്ള അഭിനിവേശത്തെ ഉപേക്ഷിക്കു ന്നവർക്കാണ് ക്രിസ്തുവിന്റെ കുരിശെടുക്കുവാൻ സാധിക്കുകയുള്ളൂ. അതുകൊണ്ടാണ് ക്രിസ്തു വിന്റെ കുരിശിനോട് ചേർത്ത് ജീവിതത്തിന്റെ സുഖ സൗകര്യങ്ങളെ ഉപേക്ഷിച്ചവർക്കൊക്കെ സ്വർഗ്ഗ ത്തിന്റെ വിശുദ്ധിയുടെ കിരീടം ചൂടുവാൻ സാധിച്ചത്.



**ഫാ. മാത്യു ചിറയിൽ**

## കൊഹനെ ഞായർ – ഫെബ്രുവരി 16
## വിശ്വസ്തനായ ഭൃത്യൻ
## വി. മത്തായി 24:45–51

യജമാനൻ വരുമ്പോൾ ജോലിയിൽ മുഴുകിയിരി ക്കുന്നതായി കാണപ്പെടുന്ന ഭൃത്യന്മാർ ഭാഗ്യവാന്മാർ എന്നാണ് യേശു പറഞ്ഞത്. അപ്രകാരം ചെയ്തു കൊണ്ടിരിക്കുന്ന ഭൃത്യൻ എന്ന വർത്തമാനകാല

പ്രയോഗമാണിവിടെ നാം കാണുന്നത്. കുറെ ജോലി ചെയ്തതിനുശേഷം പിന്നെ കുറെ നേരം ജോലിയിൽ നിന്ന് മാറി നിൽക്കാം എന്ന ചിന്ത നല്ലതല്ല. കാരണം ആ സമയത്താകും യജമാനന്റെ വരവ്. അതിനാൽ നിരന്തരം യജമാനൻ ഏൽപ്പിച്ച ജോലിയിൽ വ്യാപൃതനാകണം എന്നതാണ് സന്ദേശം. ഈ ലോകത്തിലെ എല്ലാ പ്രവർത്തികളും നാം ചെയ്യുന്നത് ദൈവത്തിനു വേണ്ടിയായിരിക്കണം. കാരണം എല്ലാം ദൈവത്തിന്റേതാണ്. “എനിക്കു വിശന്നാൽ നിന്നോട് പറയുകയില്ല. ലോകവും അതിലെ സമസ്തവും എന്റേതാണ്” (സങ്കീ. 50:12). അതിനാൽ ദൈവത്തിന്റെ ഇഷ്ടപ്രകാരം നാം ജീവിക്കണം. കഴിഞ്ഞ കാലത്ത് യേശുവിനും, ദൈവരാജ്യത്തിനും വേണ്ടി താൻ എത്രയോ പ്രവർത്തിച്ചവനാണ് എന്നൊക്കെ നാം പറയാറുണ്ട്. അതൊന്നും യജമാനന്റെ മുമ്പിൽ സ്വീകാര്യമല്ല. യജമാനൻ വരുമ്പോൾ കർത്തവ്യങ്ങളിൽ മുഴുകിയിരിക്കണം എന്നതാണ് പ്രധാനം. യജമാനൻ വരുന്ന സമയം നമുക്കറിഞ്ഞുകൂടാ എന്നതും പ്രസക്തമാണ്. അതിനാൽ നാം കർത്തവ്യങ്ങളിൽ നിതാന്ത ജാഗ്രത പുലർത്തണം. ഇവിടെ സംഭവിക്കുവാൻ സാധ്യതയുള്ള കാര്യങ്ങളെപ്പറ്റി യേശു മുന്നറിയിപ്പ് നൽകുന്നു. ഉറക്കത്തിൽ മുഴുകുക, അലസതയോടെ ജോലി ഭാഗികമായി ചെയ്യുക, ലഹരിയിൽ മുഴുകുക, സഹഭൃത്യരെ ഉപദ്രവിക്കുക, വാദപ്രതിവാദങ്ങളിൽ ഏർപ്പെടുക, അമിതമായി ഭക്ഷണം കഴിക്കുക, അധാർമ്മിക പ്രവർത്തനങ്ങളിൽ ഏർപ്പെടുക എന്നതാണ് യേശു നൽകുന്ന മുന്നറിയിപ്പുകൾ. അവിശ്വസ്തനായ ഭൃത്യൻ ജോലിയിൽ വിശ്വസ്തത പുലർത്തില്ല. അവിശ്വസ്തനായ ഭൃത്യൻ തന്നെത്തന്നെയും, മറ്റുള്ളവരെയും വഞ്ചിക്കും. സ്വർഗരാജ്യ പ്രവേശനമോ, ശിക്ഷാവിധിയോ ഒന്നുമില്ലെന്ന് അവിശ്വസ്തനായ ഭൃത്യൻ പഠിപ്പിക്കും. അവിശ്വസ്തനായ ഭൃത്യൻ സത്യത്തിൽ നിന്നും വ്യതിചലിക്കും.

യേശുവിൽ വിശ്വസിച്ചുകൊണ്ട് വിശ്വസ്തമായ ഭൃത്യൻ ഒരുങ്ങണം. പ്രാർത്ഥനയിൽ ദൈവവുമായി ഐക്യപ്പെടണം. പ്രലോഭനങ്ങളെ ചെറുത്ത് നിന്ന് തോൽപിക്കണം. തെറ്റുകളെ ഓർത്ത് പശ്ചാത്തപിക്കണം. ചുമതലകൾ യഥാവിധി നിർവ്വഹിച്ച് യജമാനൻ ഏൽപ്പിച്ച ജോലി വിശ്വസ്തനായ ഭൃത്യൻ പൂർത്തിയാക്കണം. സഹോദരങ്ങളുമായി രമ്യപ്പെട്ട് ജോലികൾ പൂർത്തിയാക്കണം.

വിശ്വസ്തനായ ഭൃത്യൻ ജോലിയോട് ആത്മാർത്ഥത ഉണ്ടായിരിക്കും. വാക്കുകൾക്ക് സ്ഥിരതയുണ്ടാകും. വാക്കും പ്രവൃത്തിയും തമ്മിൽ പൊരുത്തമുണ്ടായിരിക്കും. എല്ലാവരോടും തുല്യതയോടും, നീതിനിഷ്ഠമായും പെരുമാറും.

യേശുവിന്റെ ഭവനത്തിലെ അംഗമാണ് വിശ്വസ്തനായ ഭൃത്യൻ. നമ്മൾ ഭക്ഷണം കൊടുക്കുവാൻ നിയോഗിക്കപ്പെട്ട ഭൃത്യന്മാർ മാത്രമാണ്. കൃത്യസമയത്താണ് നാം ഭക്ഷണം കൊടുക്കേണ്ടത്. എപ്പോൾ ആവശ്യമാണോ അപ്പോഴെല്ലാം ഭക്ഷണം കൊടുക്കണം. അതാണ് നമ്മുടെ ദൗത്യം. ഒരു ഭൃത്യനായിട്ടാണ് ദൈവം നമ്മെ ഈ ഭൂമിയിൽ നിവേശിച്ചിരിക്കുന്നത്. ഭൃത്യന്റെ ജോലി ശുശ്രൂഷിക്കുക എന്നത് മാത്രമാണ്. കൃത്യസമയത്ത് ഭക്ഷണം ആവശ്യക്കാർക്ക് വിളമ്പിയാൽ യജമാനൻ വന്ന് ഭൃത്യനെ തന്റെ വസ്തുക്കളുടെയെല്ലാം മേൽനോട്ടക്കാരനായി നിയമിക്കും. ഭൃത്യൻ കാര്യസ്ഥനായി മാറും. ഇവിടെ ഭക്ഷണം എന്നത് ആത്മാവിന്റെ ഭക്ഷണമാണ്. പുരോഹിതൻ ആത്മീയ മേശയിലെ വിളമ്പുകാരനായിരിക്കണം. ദൈവം തന്റെ സഭയാകുന്ന ഭവനത്തിന്റെ മേൽനോട്ടക്കാരനായി പുരോഹിതനെ നിയമിച്ചു. ദൗത്യം ചെയ്യാത്തവരെയാണ് കൈകാലുകൾ കെട്ടി പുറത്തെ അന്ധകാരത്തിൽ വലിച്ചെറിയുന്നത്. മരണം അന്ധകാരമാണ്. പ്രതീക്ഷിക്കാത്ത സമയത്ത് കയറി വരുന്ന യജമാനനാണ് മരണം. ഭൃത്യൻ വിവേകിയായി ജീവിച്ചാൽ ദൈവത്തിന്റെ ഭവനമായ സ്വർഗരാജ്യത്തിലെ മേൽനോട്ടക്കാരനാകുവാൻ സാധിക്കും.



**ഫാ. ജോൺ കരപ്പനശ്ശേരിമലയിൽ**

## ആനീദേ ഞായർ – ഫെബ്രുവരി 23

## യോഹന്നാൻ 5:19–29

മലങ്കര സഭ വലിയ നോമ്പിലേക്ക് പ്രവേശിക്കുന്നതിന്റെ ഒരുക്കമായി ഇന്ന് മരിച്ചുപോയ സകല വിശ്വാസികളെയും അനുസ്മരിക്കുന്ന ആനീദേ ഞായർ ആചരിക്കുന്നു. ഓരോ വിശുദ്ധ കുർബാനയിലും നാം ഇപ്രകാരം പ്രാർത്ഥിക്കുന്നുണ്ടല്ലോ. “നാം ദൈവത്തിന്റെ മക്കളായിത്തീരുവാൻ അവർ ജീവിച്ചിരുന്നപ്പോൾ നമ്മെ പഠിപ്പിച്ചവരായ പിതാക്കന്മാരെ കുർബാനകളിലും പ്രാർത്ഥനകളിലും നാം ഓർക്കണം. അഴിവില്ലാത്ത ലോകമായ സ്വർഗ്ഗത്തിൽ നീതിമാന്മാരോടും പുണ്യവാന്മാരോടും കൂടെ ദൈവപുത്രൻ അവരെ ആശ്വസിപ്പിക്കും.” മരിച്ചുപോയവരെപ്പറ്റിയുള്ള സഭയുടെ കാഴ്ചപ്പാട് ഈ പ്രാർത്ഥനയിൽ വ്യക്തമാണല്ലോ. ഇന്നത്തെ ഏവൻഗേലിയോനു ശേഷമുള്ള “കാഴ്ചകളർപ്പിപ്പീനെനിക്കായ്

www.malankaralibrary.com

ആത്മാവോതുന്നു" എന്ന ഗീതവും നമുക്ക് കൂടുതൽ ഉൾക്കാഴ്ച നൽകുന്നു.

ഇന്നത്തെ സുവിശേഷ ഭാഗത്തിൽ ജീവൻ നൽകുന്നതും അത് സംരക്ഷിക്കുന്നതും പിതാവായ ദൈവമാണെന്ന് യേശു വ്യക്തമാക്കുന്നു. ഈ ഭൂമിയിൽ തന്റെ പ്രവർത്തനങ്ങളിലൂടെ ജീവൻ നൽകുന്നതായ പിതാവിന്റെ ആ ദൗത്യം യേശു തുടരുന്നു." ഞാൻ വന്നിരിക്കുന്നത് അവർക്ക് ജീവനുണ്ടാകുവാനും അത് സമൃദ്ധമായി ഉണ്ടാകുവാനുമാണ് (യോഹ. 10:10). ഇന്നത്തെ സുവിശേഷം നമ്മെ ഓർമ്മിപ്പിക്കുന്ന മറ്റൊരു യാഥാർത്ഥ്യം; "ദൈവവചനം കേൾക്കുകയും ദൈവത്തിൽ വിശ്വസിക്കുകയും ചെയ്യുന്നവർക്ക് നിത്യജീവൻ ലഭിക്കും" എന്നുള്ളതാണ്. ഇപ്രകാരം ദൈവവചനം കേൾക്കുകയും ദൈവത്തിൽ വിശ്വസിക്കുകയും ചെയ്തിട്ടുള്ള നമ്മുടെ പരേതരെയാണ് നാം ഇന്ന് അനുസ്മരിക്കുന്നത്. അന്ത്യദിനത്തിൽ കർത്താവ് അവരെ ഉയിർപ്പിക്കും എന്നതാണ് നമ്മുടെ പ്രത്യാശ.

മരണത്തിനപ്പുറം എന്ത് എന്നത് ചോദ്യചിഹ്നമായി ലോകത്തിനു മുന്നിൽ നിൽക്കുമ്പോൾ ക്രിസ്തീയ വിശ്വാസത്തെ അനന്യമാക്കുന്ന വസ്തുത മരണത്തെക്കുറിച്ചും മരണാനന്തര ജീവിതത്തെക്കുറിച്ചും നമുക്ക് വ്യക്തമായ ബോധ്യമുണ്ടെന്നതാണ്. നശ്വരമായ ലോകത്തിൽ നിന്നും അനശ്വരമായ ലോകത്തിലേക്കുള്ള വാങ്ങിപ്പോക്കായി നമ്മുടെ വിശ്വാസജീവിതത്തിൽ നാം മരണത്തെ മനസിലാക്കുന്നു. വി. പൗലോസ് നമ്മെ ഓർമ്മിപ്പിക്കുന്നതുപോലെ "മരണം ഒരു നിദ്രയാണ്." താത്ക്കാലികമായ ഈ ലോകത്തിൽ നാം ഉറങ്ങി നിത്യമായ ലോകത്തിൽ ഉണരുന്ന അനുഗ്രഹീത അനുഭവം! അതാണ് ക്രിസ്ത്യാനിയുടെ ജീവിതത്തെ ഇവിടെ പ്രത്യേകതയുള്ളതാക്കി തീർക്കുന്നത്. കാരണം നമ്മുടെ വിശ്വാസത്തിന്റെ അടിസ്ഥാനം ക്രിസ്തുവിന്റെ ഉത്ഥാനമാണ്. വി. പൗലോസ് ശ്ലീഹാ കോറിന്തോസുകാർക്കെഴുതിയ ഒന്നാം ലേഖനം 15-ാം അദ്ധ്യായം 13 മുതലുള്ള വാക്യങ്ങളിൽ നാം കാണുന്നു. "മരിച്ചവർക്ക് പുനരുത്ഥാനം ഇല്ലെങ്കിൽ ക്രിസ്തുവും ഉയിർപ്പിക്കപ്പെട്ടിട്ടില്ല. ക്രിസ്തു ഉയിർപ്പിക്കപ്പെട്ടിട്ടില്ലെങ്കിൽ ഞങ്ങളുടെ പ്രസംഗം വ്യർത്ഥമാണ്. നിങ്ങളുടെ വിശ്വാസവും വ്യർത്ഥം." വീണ്ടും ശ്ലീഹാ നമ്മെ ഓർമ്മിപ്പിക്കുന്നു. "ഈ ജീവിതത്തിനുവേണ്ടി മാത്രം ക്രിസ്തുവിൽ പ്രത്യാശ വച്ചിട്ടുള്ളവരാണെങ്കിൽ നമ്മൾ എല്ലാ മനുഷ്യരെയുംകാൾ നിർഭാഗ്യരാണ് (1 കോറി. 15:19). നിദ്ര പ്രാപിച്ച എല്ലാവരുടെയും ആദ്യഫലമായി ഉയിർപ്പിക്കപ്പെട്ട ക്രിസ്തുവിനോട് ചേർന്ന് നാമും സ്വീകരിക്കേണ്ട ആ നിത്യഭാഗ്യത്തെപ്പറ്റി സഭ നമ്മെ ഈ ദിവസത്തിൽ ഓർമ്മപ്പെടുത്തുകയാണ്.

മരിച്ചുപോയ വിശ്വാസികളെ ഓർമ്മിച്ച് പ്രാർത്ഥിക്കുന്ന ഈ ദിനം ജീവനോടെയിരിക്കുന്ന നമുക്കും ചില ഓർമ്മപ്പെടുത്തലുകൾ നൽകുന്നുണ്ട്. ഇന്നത്തെ സുവിശേഷത്തിന്റെ അവസാന വാക്യം നമുക്ക് ഒരു താക്കീത് നൽകുകയാണ്. "അപ്പോൾ നന്മ ചെയ്തവർ ജീവന്റെ ഉയിർപ്പിനായും തിന്മ ചെയ്തവർ ശിക്ഷാവിധിയുടെ ഉയിർപ്പിനായും പുറത്തു വരും." ഉത്ഥാനത്തിന്റെ പ്രത്യാശയിൽ നാം ആയിരിക്കുമ്പോഴും നമ്മുടെ ഈ ലോകത്തിലെ ജീവിതം എപ്രകാരമാണോ അപ്രകാരമുള്ള ഒരു ഉയിർപ്പിലേക്കാണ് നാം എത്തിച്ചേരുക. ജീവന്റെ ഉയിർപ്പും ശിക്ഷാവിധിയുടെ ഉയിർപ്പും നമുക്ക് മുൻപിൽ സുവിശേഷം അവതരിപ്പിക്കുമ്പോൾ നാം എപ്രകാരമുള്ള ഒരു ഉയിർപ്പിനായാണ് ഇവിടെ ഒരുങ്ങുന്നതെന്ന് ആത്മശോധന ചെയ്യാനുള്ള അവസരമായി ആനീദേ ഞായർ മാറുകയാണ്. നമ്മുടെ പരേതരെ ഓർത്ത് ദൈവകരുണയ്ക്കായി പ്രാർത്ഥിക്കുന്നതോടൊപ്പം ജീവന്റെ ഉയിർപ്പിനെ സ്വീകരിക്കുവാൻ തക്കവണ്ണം നമ്മുടെ ജീവിതങ്ങളെ ഒരുക്കാം.

## നവവൈദികർ



ബഥനി മിശിഹാനുകരണ സന്ന്യാസി സമൂഹ (നവജ്യോതി പ്രോവിൻസ്) ത്തിനുവേണ്ടി സെന്റ് എഫ്രേം പൂന-ഖഡ്ക്കി ഭദ്രാസനാദ്ധ്യക്ഷൻ അഭിവന്ദ്യ മാത്യൂസ് മാർ പക്കോമിയോസ് മെത്രാപ്പോലീത്തായുടെ കൈവയ്പ്പാൽ 2025 ജനുവരി 04 ന് നവാഭിഷിക്തരായ റവ. ഫാ. ലിൻസൺ മാത്യു ഒ.ഐ.സി., റവ. ഫാ. വർഗീസ് ഒ.ഐ.സി., റവ. ഫാ. ജിബിൻ സ്ക്കറിയ ഒ.ഐ.സി. എന്നിവർക്ക് അതിഭദ്രാസനത്തിന്റെ ആശംസകളും പ്രാർത്ഥനകളും.

www.malankaralibrary.com




### MATRIMONIAL - 210

തിരുവല്ല അതിരൂപതയിൽപ്പെട്ട മലങ്കര കത്തോലിക്ക യുവതി, 28 വയസ്സ്, 159 c.m., St. James Hospital Dublin, Ireland ൽ നഴ്സായി ജോലി ചെയ്യുന്നു. വിദേശത്ത് ജോലിയുള്ളവരിൽ നിന്ന് അനുയോജ്യമായ ആലോചനകൾ ക്ഷണിക്കുന്നു. Contact : 9744017282, 9847466624

### MATRIMONIAL - 211

മൂവാറ്റുപുഴ രൂപതയിൽപ്പെട്ട മലങ്കര കത്തോലിക്ക യുവതി, 28 വയസ്സ്, 160 c.m., M.Com, NET, ഗസ്റ്റ് ലക്ച്ചറർ (self finance) ഇടത്തരം കുടുംബം. ദൈവഭയമുള്ള വിദ്യാസമ്പന്നരായ കേരളത്തിൽ ജോലിയുള്ള മലങ്കര കത്തോലിക്ക യുവാക്കളുടെ ആലോചനകൾ ക്ഷണിക്കുന്നു. എറണാകുളം ജില്ലയിലോ സമീപ സ്ഥലങ്ങളിലോ ജോലിയുള്ളവർക്ക് മുൻഗണന.

Contact : 9495527192, 9495716810

### MATRIMONIAL - 212

മലങ്കര കത്തോലിക്ക യുവാവ്, 28 വയസ്സ്, 173 c.m., റിട്ടയർഡ് സർക്കാർ ഉദ്യോഗസ്ഥരുടെ ഇളയമകൻ (സഹോദരിമാർ വിവാഹം കഴിഞ്ഞവർ) BBA, LLB, HDC & BM വിദ്യാഭ്യാസ യോഗ്യയുള്ളതും കോട്ടയത്ത് പ്രമുഖ ലീഗൽ സ്ഥാപനത്തിൽ അഡ്വക്കേറ്റായി ജോലി ചെയ്യുന്നതുമായ വരന് നാട്ടിലോ വിദേശത്തോ ജോലിയുള്ളതും അനുയോജ്യമായ വിദ്യാഭ്യാസയോഗ്യതയും ഉള്ള യുവതികളുടെ രക്ഷിതാക്കളിൽ നിന്നും വിവാഹ ആലോചനകൾ ക്ഷണിക്കുന്നു. Contact : 9447964359

### MATRIMONIAL - 213

തിരുവല്ല അതിരൂപതയിൽപ്പെട്ട മലങ്കര കത്തോലിക്ക യുവതി, 25 വയസ്സ്, 162 c.m., MBA Finance from ISBR Bangalore. Doing ACCA, Finance & Accounts, Petrofac International - Chennai ൽ ജോലി ചെയ്യുന്നു. അനുയോജ്യമായ ആലോചനകൾ ക്ഷണിക്കുന്നു.

Contact : 9526217078, 8428557508, 7025172695

### MATRIMONIAL - 214

തിരുവല്ല അതിരൂപതയിൽപ്പെട്ട മലങ്കര കത്തോലിക്ക യുവതി, 25 വയസ്സ്, 162 c.m., MBA Finance from ISBR Bangalore. Executive HR Operations, First Meridian, Bangalore ൽ ജോലി ചെയ്യുന്നു. അനുയോജ്യമായ ആലോചനകൾ ക്ഷണിക്കുന്നു.

Contact : 9526217078, 8428557508, 7025172695

### MATRIMONIAL - 215

മലങ്കര കത്തോലിക്ക യുവാവ്, 31 വയസ്സ്, Height 167 c.m., വിദ്യാഭ്യാസം - ബികോം, എം.ബി.എ., Senior Customer Success Manager ആയി ബാംഗ്ലൂരിൽ ജോലി ചെയ്യുന്നു. അനുയോജ്യമായ ആലോചനകൾ ക്ഷണിക്കുന്നു. Contact : 9447111103

### MATRIMONIAL - 216

മലങ്കര കത്തോലിക്ക യുവാവ്, 34 വയസ്സ്, Height 163 c.m., സാധാരണ കുടുംബം, ഷാർജ ഓഫ്സെറ്റ് പ്രസ്സിൽ ജോലി ചെയ്യുന്നു. അനുയോജ്യമായ ആലോചനകൾ ക്ഷണിക്കുന്നു.

Contact : 9605397314

### MATRIMONIAL - 217

ഖഡ്ക്കി - പൂനെ ഭദ്രാസനത്തിൽപ്പെട്ട മലങ്കര കത്തോലിക്ക യുവാവ്, 32 വയസ്സ്, Height 5'8, വിദ്യാഭ്യാസം : PG in Marketing &Business Administration, Analyst ആയി ജോലി ചെയ്യുന്നു. അനുയോജ്യമായ ആലോചനകൾ ക്ഷണിക്കുന്നു. നഴ്സുമാർക്ക് മുൻഗണന

Contact : 8291253035, 9961221325

### MATRIMONIAL - 218

പത്തനംതിട്ട ഭദ്രാസനത്തിലെ പുരാതന അപ്പർ മിഡിൽ ക്ലാസ്സ് കുടുംബാംഗമായ മലങ്കര കത്തോലിക്ക യുവതി, 27 വയസ്സ്, Height 153 cm., വിദ്യാഭ്യാസം : MA; B.Ed, H.S.S. ടീച്ചർ (അൺ എയ്ഡഡ്) ആയി ജോലി ചെയ്യുന്നു. ഗൾഫ് രാജ്യങ്ങളിലോ നാട്ടിലോ സ്ഥിരമായി നല്ല ജോലിയും സൽസ്വഭാവവും ദൈവഭയവും വിശ്വാസവുമുള്ള മലങ്കര കത്തോലിക്കാ/സീറോ മലബാർ കുടുംബത്തിലെ യുവാക്കളുടെ മാതാപിതാക്കളിൽനിന്നും ആലോചനകൾ ക്ഷണിക്കുന്നു.

Contact : 9496107171, 9946389984


## MATRIMONIAL - 219


മലങ്കര കത്തോലിക്ക യുവതി, ഇടത്തരം കുടുംബം, 26 വയസ്സ്, Height 154 cm, എറണാകുളത്ത് MNC ൽ ജോലി ചെയ്യുന്നു. അനുയോജ്യമായ ആലോചനകൾ ക്ഷണിക്കുന്നു. വിദേശത്ത് ജോലിയുള്ളവർക്ക് മുൻഗണന. Contact: 9496790851

www.malankaralibrary.com


# Remembrance - January


Fr. Alexios Thevervelil
03 January 1987


Fr. John Erumeda
04 January 2023



Fr. Kurian Kunnamkerikalam
07 January 1996



Fr. Zacharias Iyrattipadavil
10 January 2011


Fr. Kuriakose Tharepattackal
21 January 1960


Fr. Abraham Konat Makil
22 January 1943


Fr. Peter Thekkumparampil
22 January 1989



Rt.Rev. Abraham Karimpanamannil Remban
24 January 2022



Fr. Cherian Powathikunnel
26 January 1990

Fr. Geevarghese Naduviledath
06 January 1964

# Remembrance - February



Fr. N.G. Kuriakose
02 February 1953


Fr. Abraham Azhakath
05 February 1988


Fr. Thomas Kottayil
07 February 2017


Rt. Rev. Thomas Pathiparampil Corepiscopo
10 February 2009


Fr. Stanislaus Kackanatt
16 February 2014


Fr. Andrew Cheriyamadom
23 February 1943


Msgr. Zacharias Vachaparampil
24 February 1939


Fr. Mathews Pulikottil
27 February 1987

www.malankaralibrary.com

# ആശംസകൾ



*മലങ്കര കാത്തലിക് അസോസിയേഷൻ (MCA) സഭാതല സമിതിയുടെ വൈസ് പ്രസിഡന്റ് ആയി തെരഞ്ഞെടുക്കപ്പെട്ട ഷിബു മാത്യു ചുങ്കത്തിൽ. തിരുവല്ല അതിഭദ്രാസനത്തിൽ മുക്കട ഇടവകാംഗമാണ്. അതിഭദ്രാസനത്തിന്റെ ആശംസകൾ.*

## ഉപകാരസ്മരണ



**ഒരു വിശ്വാസി**
**തടിയൂർ**

## ഉപകാരസ്മരണ



**ഒരു വിശ്വാസി**
**തച്ചമം**






## പാവനസ്മരണയ്ക്ക്

**18.01.2025**



### ഗ്രേസി മാത്യു

**വടക്കത്ര, പുല്ലാട്**

**"ശരണത്താലെ നിൻ കൃപയിൽ**
**മരണമടഞ്ഞൊരു ദാസരെ നിൻ**
**ജീവസ്വരമതുണർത്തണമേ**
**കബറീന്നും പറുദീസായ്ക്കായ്"**

*സന്തപ്ത കുടുംബാംഗങ്ങൾ*

## പാവനസ്മരണയ്ക്ക്

**18.01.2025**




**കെ.കെ. മറിയാമ്മ**
**(അമ്മിണി ടീച്ചർ)**
**മണലേൽ, കടപ്ര– മാന്നാർ**

**"ശരണത്താലെ നിൻ കൃപയിൽ**
**മരണമടഞ്ഞൊരു ദാസരെ നിൻ**
**ജീവസ്വരമതുണർത്തണമേ**
**കബറീന്നും പറുദീസായ്ക്കായ്"**

പ്രാർത്ഥനയോടെ
സന്തപ്തകുടുംബാംഗങ്ങൾ

www.malankaralibrary.com



www.malankaralibrary.com




പുളിക്കീഴ് സെന്റ് ജോർജ് മലങ്കര കത്തോലിക്കാ ഇടവകയിൽ ഇടക്കുന്നിൽ ജോർജ് ജോസഫ്–വിൽസി ജോസഫ് ദമ്പതികളുടെ മകൻ വിജയ് മാത്യു ജോസഫിന്റെയും സോബി വിജയ്‌യുടെയും മകൾ **ഹെസൽ വിജയ്**‌യുടെ മാമ്മോദീസാ 2025 ജനുവരി 12–ാം തീയതി ഹോളി ഗോസ്റ്റ് കാത്തലിക് ചർച്ച് ലൂട്ടനിൽ വച്ച് (യു.കെ.) മോൺ. ഫാ. കെവിൻ മക്ഗിനലിന്റെ കാർമ്മികത്വത്തിൽ നടത്തപ്പെട്ടു. കുടുംബാംഗങ്ങളുടെ ആശംസകൾ.




തലവടി ചീരംകുന്നേൽ ജെയിംസ്-ഓമന ദമ്പതികളുടെ മകൻ **ജെസ്റ്റിനും** അങ്കമാലി കണ്ടത്തിപറമ്പിൽ ജോളി-റെറ്റസ് ദമ്പതികളുടെ മകൾ **റ്റീനയും** തമ്മിലുള്ള വിവാഹം 2024 ജൂൺ 15–ാം തീയതി തിരുവല്ല സെന്റ് ജോൺസ് മെത്രാപ്പോലിത്തൻ കത്തീഡ്രലിൽ വച്ച് അഭി. ആർച്ചുബിഷപ്പ് ഡോ. തോമസ് മാർ കൂറിലോസ് മെത്രാപ്പോലീത്തായുടെ മുഖ്യകാർമ്മികത്വത്തിൽ ആശിർവദിക്കപ്പെട്ടു. നവദമ്പതികൾക്ക് ആശംസകൾ.

Date of Publication : 01-02--2025
Price Rs. 10/-

AIKYADEEPAM MONTHLY
Marygiri, Tiruvalla, Kerala
Ph: 0469-2600626

R.N.I 35982/80
FEBRUARY 2025

www.malankaralibrary.com




Pulimoottil
SILKS
SINCE 1924

MC ROAD,
THIRUVALLA
0469-2602221
+91-97782 94521

FOR ONLINE SHOPPING:

THRISSUR | THODUPUZHA | KOTTAYAM | KOLLAM | PALA | WWW.PULIMOOTTILONLINE.COM
ALMARAH_BY_PULIMOOTTIL

Printed and Published by Fr. Thomas Kodinattukunnel, Published from Marigiri, Archbishop's House, Tiruvalla, Kerala and Printed at Rashtra Deepika, Vadavathoor, Kerala. Chief Editor: Fr. Varghese Chamakalayil